ദേശത്തിലെ വിശ്വസ്തൻമാർ
എന്നോട് കൂടെ
വസിക്കേണ്ടതിന്
എന്റെ ദൃഷ്ടി അവരുടെ
മേൽ ഇരിക്കുന്നു. സങ്കീ:101:6

BOOK No: 6



# ശുശ്രൂഷകവഴി ഒരു തിരിഞ്ഞുനോട്ടം


**BIJU THOMAS**

**Prayer Home, Varkala, Trivandrum**

www. prayerhome.org

Sushrooshavazhi Oru Thirinjunottam

Ministry Experiences

Malayalam

First Impression 2007

By Bro. BIJU THOMAS

Rights Reserved to Publishers

Type Setting: Simplex

Printed at: Ebenezer, Trichur

Publishers:

Prayer Home Publications

# ആമുഖം

2003 എന്റെ ശുശ്രൂഷാജീവിതത്തിന്റെ ഒരു നാഴികകല്ല് ആയിരുന്നു. പുതിയ തുടക്കങ്ങൾക്ക് ദൈവം കൃപ നൽകിയ വർഷം. ഇതാ ഞാൻ നിന്നെ പുതിയതും മൂർച്ചയുള്ളതും പല്ലേറിയതും ആയ മെതിവണ്ടിയാക്കിത്തീർക്കുന്നു. നീ പർവ്വതങ്ങളെ മെതിച്ച് പൊടിക്കുകയും കുന്നുകളെ പതിർ പോലെയാക്കുകയും ചെയ്യും. യശ: 41:15 പർവ്വതങ്ങൾ പോലെ, കുന്നുകൾ പോലെ നിസ്സഹായകനാക്കിയ പ്രതികൂലങ്ങളെ മെതിക്കുവാൻ ദൈവം കൃപ നൽകിയ വർഷം. നിരവധി വിടുതലുകൾ കണ്ട ഒരു വർഷം. ശക്തമേറിയ ആലോചനകൾ വെളിപ്പെട്ടു. ഒടുക്കുവാൻ വന്ന ശത്രു വ്യാപാര പോരിനെ ഛിന്നഭിന്നമാക്കി ജയം കൊണ്ടാടിയ ദിനങ്ങൾ ദൈവം നൽകി.

ദൈവം പകർന്ന് നൽകിയ ശുശ്രൂഷാദർശനം ഉള്ളിൽ സൂക്ഷിച്ച് നടന്നു. തക്ക സമയത്ത് പൊട്ടി വിടരുവാനായി ഊമനെപ്പോലെ, ശേഷിയില്ലാത്തവനെപ്പോലെ, ഒന്നും അറിയത്തില്ലാത്തവനെപ്പോലെ എല്ലാവരുടെയും മുമ്പിൽ ജീവിക്കുവാൻ നിർബന്ധിക്കപ്പെട്ടു. ചിറക് വീശി പറക്കരുത് എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു. വലിയ ഒരു കൂട്ടം ജനത്തെ ഫറവോന്യ അടിമത്തത്തിൽ നിന്ന് വിടുവിക്കുവാൻ നിയോഗം ലഭിച്ച മോശ നീണ്ട വർഷങ്ങൾ യിത്രോവിന്റെ ആടുകളെ മേയിച്ച് നടന്നത് പോലെ, നിരാശകളും, ശൂന്യതകളും മാത്രം മുമ്പിൽ കണ്ട് നടന്നു. 2004 ൽ M. Div. Graduation കഴിഞ്ഞ് വീണ്ടും നിരവധി വർഷങ്ങൾ സമതുല്യമായ അനുഭവത്തിൽ തുടർന്നു.

ഒരു വലിയ പ്രകാശത്തിനായിട്ട് ആഗ്രഹിച്ചു. ഇയ്യോബ് :30:16-ൽ ഞാൻ നന്മക്ക് നോക്കിയിരുന്നപ്പോൾ തിന്മ വന്നു. വെളിച്ചത്തിനായി കാത്തിരുന്നപ്പോൾ ഇരുട്ട് വന്നു. ഞാൻ കറുത്തവനായി നടക്കുന്നു. വെയിൽ കൊണ്ടല്ലതാനും. ഞാൻ കുറുക്കൻമാർക്ക് സഹോദരനും ഒട്ടകപ്പക്ഷികൾക്ക് കൂട്ടാളിയും ആയിരിക്കുന്നു. പ്രകാശത്തിലേക്ക് കൊണ്ടുവരാം എന്ന് വാഗ്ദത്തം ചെയ്തവൻ, ഒരു മെതി

വണ്ടി പോലെ ആക്കിത്തീർക്കും എന്ന് വാക്ക് പറഞ്ഞ ദൈവം അത് ചെയ്യും എന്ന് വിശ്വസിച്ച്, വാഗ്ദത്തത്തിനായി, ദർശന പൂർത്തീകരണത്തിനായി ദൈവസന്നിധിയിൽ കാത്തിരിക്കുന്നു. ദൈവജനത്തിനായി പ്രത്യേകം പ്രാർത്ഥിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ ഞങ്ങളെ അറിയിക്കുവിൻ. ഞങ്ങൾ, നിങ്ങൾക്ക് ഓരോരുത്തർക്കുമായി പ്രാർത്ഥിക്കുന്നു.

**കർതൃ ശുശ്രൂഷയിൽ**

**ബ്രദർ. ബിജു തോമസ്**

# PRAYER HOME MINISTRIES
## KERALA - INDIA

## OUR VISION FROM GOD

1. **Prayer Home 24 Hours Prayer Center**
2. **Prayer Home Bible College**
3. **Prayer Home Publication**
4. **Prayer Home Ministers Conference**
5. **Prayer Home Crusade**
6. **Prayer Home School**
7. **Prayer Home Service Ministry**

# PRAYER HOME MINISTRIES

**KERALA - INDIA**
*DIRECTOR*
**Bro. BIJU THOMAS**
www. gethesemane.org
prbiju@hotmail.com
prbijuthomas@yahoo.co.in

**പ്രിയ വിശ്വസ്ത വാഗ്ദത്തജനം അറിയുന്നതിന്, സ്നേഹവന്ദനം.**

ദൈവീക ശുശ്രൂഷയോട് ബന്ധപ്പെട്ട പ്രാർത്ഥനാവിഷയങ്ങൾ ദൈവജനത്തെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ വില യേറിയ പ്രാർത്ഥനകൾക്കും സ്നേഹസഹകരണത്തിനും എന്റെ നന്ദി അറിയിക്കുന്നു. 1993 ലാണ് ഞാൻ വിശ്വാസത്തിൽ വന്നത്. 1998 ൽ ദൈവിക ശുശ്രൂഷയെ സംബന്ധിച്ച് വലിയ ഒരു ദർശനം ദൈവം എനിക്ക് നൽകി. 1999 മുതൽ വളരെ ശക്തമായ ശത്രു പോര് ഞാൻ നേരിടുവാൻ തുടങ്ങി. മാനസീകമായും ശാരീരിക മായും സാമ്പത്തീകമായും ശത്രു എന്നെ ശൂന്യനാക്കി തകർക്കു വാൻ തുടങ്ങി. എങ്കിലും എന്നോട് ചേർന്ന് നിൽക്കുന്ന, എന്റെ പ്രാർത്ഥനാ സംരക്ഷണ വലയത്തിനകത്തുള്ള കുടുംബങ്ങളെ, വ്യക്തികളെ ശത്രുവിന് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല എന്നു ള്ളതിൽ ഞാൻ അതീവ സന്തുഷ്ടനുമാണ്. ദർശനം ലഭിച്ച് 9 വർഷത്തിന് ശേഷം 2007 മാർച്ചിൽ ഒരു **Malayalam Online Magazine** ആരംഭിക്കുവാൻ കഴിഞ്ഞതിൽ, ദൈവം അതിനായി അഭിഷിക്തന്മാരെ ഒരുക്കിയതിൽ ദൈവത്തിന് നന്ദി പറയുന്നു. 1999 മുതൽ എഴുതിയ 5 പുസ്തകങ്ങളും 2 ബുക്ക്ലെറ്റുകളും പ്രസി ദ്ധീകരിക്കുവാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. ബുക്കുകളും ബുക്ക്ലെറ്റുകളും മാഗസിനുകളും പ്രസിദ്ധീകരിക്കു ന്നത് **Prayer Home Publication** ന്റെ കീഴിലാണ്.

ദൈവം എനിക്ക് തരാമെന്ന് പറഞ്ഞ ദേശത്തെക്കുറിച്ച്, ദൈവം എന്നെ അറിയിച്ച വിധം ക്രമമായി രേഖപ്പെടുത്തുന്നു.

1. 1999 ൽ ദൈവം ഒരു ഫോൺ കോഡ് നൽകി – 0472
2. തുടർന്ന് തിരുവനന്തപുരം അല്ല തിരുവനന്തപുരം ജില്ല എന്ന് ദൈവം പറഞ്ഞു.
3. പിന്നീട് തിരുവനന്തപുരത്തിനും കൊല്ലത്തിനും നടുവിൽ എന്ന് ദൈവം പറഞ്ഞു.
4. തുടർന്ന് കടൽതീരത്ത് നിന്ന് 7 കിലോമീറ്റർ എന്ന് ദൈവം ഇടപെട്ടു.
5. തുടർന്ന് ദേശത്തിന്റെ പേര് പരിശുദ്ധാത്മാവ് പറഞ്ഞു.

**"വർക്കല."**

ദൈവത്തെ അറിയാത്ത വളരെയധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ്. വിശ്വാസികൾ വളരെ കുറവാണ്.

**24 Hours Prayer Center** കൂടാതെ 24 ൽ അധികം വിദ്യാർത്ഥികളെ ദൈവിക ശുശ്രൂഷയിൽ പരിശീലിപ്പിക്കുന്നതിനായി, **Prayer Home College** എന്ന പേരിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നതിനും ദൈവത്തിന്റെ ആലോചന ഉണ്ട്.

ദൈവം എന്റെ മേൽ പകർന്ന ദർശനത്തിന്റെ പൂർത്തീകരണത്തിനായി നിങ്ങളുടെ പ്രാർത്ഥനകൾ, ആത്മീയ പിന്തുണ, ശുശ്രൂഷാസഹകരണം ഞാൻ ചോദിക്കുന്നു. എന്റെ ഭാര്യ ഡെയ്സി ബിജു, മകൾ ഏഞ്ചല ആൻ ബിജുവിനായും ഒരുമിച്ചുള്ള ഒരു വലിയ ദൈവിക ശുശ്രൂഷയ്ക്കായി ദൈവം ഞങ്ങളെ ഒരുക്കേണ്ടതിനായും ദൈവജനത്തിന്റെ പ്രാർത്ഥന ചോദിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ എന്നെ അറിയിക്കുന്നതിൽ ഒട്ടും മടി വിചാരിക്കരുത്. രാജ്യത്തിന്റെ ഉണർവ്വിനായി വളരെ ശക്തമായ ഒരു പ്രാർത്ഥനാ സംഘം രൂപപ്പെടുവാൻ പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങൾക്കോരോരുത്തർക്കുമായി പ്രാർത്ഥിക്കുന്നു.

കർതൃശുശ്രൂഷയിൽ,

**ബ്രദർ ബിജു തോമസ്**

# ആത്മീയ ശുശ്രൂഷാ വഴികൾ

വഴികൾക്ക് പ്രാധാന്യമുണ്ട്. ഏതൊരു സ്ഥലത്ത് എത്തിച്ചേരുന്നതിനും വഴികൾ ആവശ്യമാണ്. ലക്ഷ്യത്തിന് എത്രമാത്രം പ്രാധാന്യമുണ്ടോ അത്രയും തന്നെ പ്രാധാന്യം വഴികൾക്കും ഉണ്ട്. വഴികൾ വെറും വഴികൾ മാത്രമല്ല, ലക്ഷ്യത്തിൽ എത്തി അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിന് വഴികൾ നമ്മെ ഒരുക്കുകയും ചെയ്യുന്നു. ഒരുക്കപ്പെട്ട വഴിയിലൂടെയല്ലാതെ ലക്ഷ്യത്തിലെത്താൻ ഉപയോഗിക്കുന്ന മറ്റ് ഏതൊരുവഴികളും ലക്ഷ്യത്തിൽ എത്തുവാൻ സഹായിച്ചാലും നിലനിൽക്കുന്ന അനുഗ്രഹങ്ങൾ ആ വഴിയിലൂടെ പ്രാപിക്കുവാൻ കഴിയില്ല.

ഭൗമികജീവിതത്തിനും ആത്മീയ ജീവിതത്തിനും ആത്മീയശുശ്രൂഷാ ജീവിതത്തിനും വഴികൾ അത്യന്താപേക്ഷിതമാണ്. ലക്ഷ്യത്തിൽ എത്തി അനുഗ്രഹം പ്രാപിച്ച അഭിഷിക്തന്മാരുടെ വഴിയിലൂടെ നാം സഞ്ചരിക്കുകയാണ്. അനുഗ്രഹ സമ്പൂർണ്ണതയിൽ പ്രവേശിച്ച ഒരുവൻ അതിന്റെ തുടക്കത്തിലേക്ക് പ്രവേശിക്കുകയാണ്. യഹോവ അബ്രഹാമിനോട് അരുളി ചെയ്തു. നീ നിന്റെ ദേശത്തേയും ചാർച്ചക്കാരേയും പിതൃഭവനത്തേയും വിട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക. ഇത് ഒരു വിശ്വാസത്തിന്റെ യാത്രയാണ്. മനുഷ്യൻ തന്റെ പഞ്ചഇന്ദ്രിയങ്ങളും ബുദ്ധിയും ഉപയോഗിച്ച് വഴികൾ ഉണ്ടാക്കി സഞ്ചരിക്കുന്നു. അങ്ങനെ ഭൗമികാനുഗ്രഹങ്ങൾ പ്രാപിക്കുന്നവർ ഉണ്ട്. എന്നാൽ ദൈവത്തിന്റെ മുമ്പിൽ സകലവഴികളും നഗ്നദൃശ്യമാണ്. ആത്മീയാനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ബുദ്ധിക്കും പഞ്ചഇന്ദ്രിയങ്ങൾക്കും കഴിയില്ല. വിശ്വാസത്തിന് മാത്രമേകഴിയൂ. വിശ്വാസം നിലനിൽക്കുന്നതും വളരുന്നതും എപ്പോഴും ദൈവശബ്ദത്തിന് കീഴിലാണ്. ദൈവശബ്ദം കേൾക്കുന്നത്, ലഭിക്കുന്നത് ദൈവത്തിൽ നിന്നും ദൈവവചനത്തിൽ നിന്നും ആണ്.

ദൈവത്തിനരികിലും ദൈവവചനത്തിനടുത്തും ഇരുന്നാൽ മാത്രമേ ദൈവശബ്ദം കേൾക്കുകയുള്ളൂ. ദൈവത്തിനും ദൈവവചനത്തിനും അടുത്ത് ഇരിക്കണമെങ്കിൽ ലോകത്തിൽ നിന്നും ലോകമോഹങ്ങളിൽ നിന്നും ഒരു വേർപാട് പാലിക്കണം. ഇങ്ങനെ വേർപാട് പാലിച്ചില്ലെങ്കിൽ ഒരു വിശ്വാസ യാത്ര ചെയ്യുവാൻ കഴിയില്ല. ഒരു വിശ്വാസ യാത്ര ചെയ്യുവാൻ കഴിഞ്ഞില്ലെങ്കിൽ ആത്മീയനുഗ്രഹങ്ങൾ പ്രാപിക്കുവാൻ കഴിയില്ല. ആത്മീയലക്ഷ്യത്തിൽ എത്തുകയും ഇല്ല.

അബ്രഹാം അനുഗ്രഹത്തിന് വേണ്ടി വിളിക്കപ്പെട്ടവനായിരുന്നു. അതുകൊണ്ട്തന്നെ ദൈവശബ്ദത്തിന്റെ കീഴിൽ ഒരു വിശ്വാസയാത്രക്ക് അബ്രഹാം തയ്യാറായി. ''വിശ്വാസത്താൽ അബ്രഹാം തനിക്ക് അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്ക് യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ച് എവിടേക്ക് പോകുന്നുവെന്നറിയാതെ പുറപ്പെട്ടു'' എബ്രാ: 11:8. വിശ്വാസയാത്ര വിശ്വാസയാത്രയാണോ അല്ലയോ എന്നറിയാൻ ദൈവം എപ്പോഴും തന്റെ ജനത്തെ പരിശോധിക്കും. പക്ഷെ ഈ ദൈവം ദോഷത്താൽ പരീക്ഷിക്കില്ല. പലരും പല ദൈവികാനുഗ്രഹങ്ങൾ പ്രാപിക്കാത്തതിന് കാരണം പഞ്ചേന്ദ്രിയങ്ങളും ബുദ്ധിയും ഉപയോഗിച്ച് ലാഭനഷ്ടങ്ങൾ നോക്കിയാണ് യാത്ര. നഷ്ടങ്ങളും നിന്ദകളും തളർച്ചകളും നേരിടുന്ന വഴികൾ ഒഴിവാക്കി ലാഭങ്ങളും മാനവും നോക്കിയാണ് യാത്ര. വിശ്വാസത്തിന്റെ യാത്ര പലപ്പോഴും നഷ്ടത്തിന്റേയും ദു:ഖത്തിന്റേയും യാത്രയാണ്. എന്നാൽ യാത്രയുടെ അവസാനം നന്മയും മാനവുമാണ് .

വിശ്വാസ യാത്രയിൽ അബ്രഹാം വലിയ പരിശോധനകൾ നേരിടുകയാണ്. അബ്രഹാമിന്റേയും ലോത്തിന്റേയും ഇടയന്മാർ തമ്മിൽ പിണക്കമുണ്ടായ സമയത്ത് , അവർക്ക് ഇനി ഒന്നിച്ച് പോകുവാൻ കഴിയില്ല എന്ന സ്ഥിതി ആയപ്പോൾ അബ്രഹാം ലോത്തിനോട് പറഞ്ഞു. നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട് പൊയ്ക്കൊള്ളാം. നീ വലത്തോട്ടെങ്കിൽ

ഞാൻ ഇടത്തോട്ട് പൊയ്ക്കൊള്ളാം. ലോത്ത് ലാഭനഷ്ടങ്ങൾ നോക്കി യാത്ര ചെയ്യുന്നവനാണ്. അബ്രഹാമോ വിശ്വാസ യാത്ര ചെയ്യുന്നവനും. യോർദ്ദാന് അരികെയുള്ള പ്രദേശം ഒക്കേയും നീരോട്ടമുള്ളതെന്ന് കണ്ട് ലോത്ത് അത് തെരഞ്ഞെടുത്തു. ഭൂമിയിൽ അബ്രഹാമിന് നഷ്ടമുണ്ടായി. പക്ഷെ സ്വർഗ്ഗം അവന്റെ നഷ്ടം നികത്തി. ലോത്ത് അബ്രഹാമിനെ വിട്ട് പിരിഞ്ഞ ശേഷം ദൈവം അബ്രഹാമിനോട് പറഞ്ഞു. നീ തലപൊക്കി ഇടത്തോട്ടും വലത്തോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക. നീ കാണുന്ന ഭൂമി ഒക്കേയും നിനക്കും നിന്റെ സന്തതിക്കും ഞാൻ ശാശ്വതമായി നൽകും എന്ന് പറഞ്ഞു. 13: 15

ഭൂമിയിൽ ദൈവം അബ്രഹാമിന് നൽകിയ വാഗ്ദത്തം പൂർത്തീകരിക്കപ്പെടാതെ ആയിരിക്കുന്നു. അവൻ നിലവിളിക്കുകയാണ്. ''ഞാൻ മക്കളില്ലാത്തവനായി നടക്കുന്നുവല്ലോ'' ഭൂമിയിൽ അവൻ നഷ്ടങ്ങളിലൂടെ സഞ്ചരിക്കുകയാണ്. പക്ഷെ സ്വർഗ്ഗം അവന്റെ നഷ്ടം നികത്തുകയാണ്. ദൈവം പറഞ്ഞു അബ്രഹാമേ ഭയപ്പെടേണ്ട ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു. ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു. നീ എന്റെ മുമ്പാകെ നടന്ന് നിഷ്കളങ്കനായിരിക്കുക. എനിക്കും നിനക്കും മദ്ധ്യേ ഞാൻ എന്റെ നിയമം സ്ഥാപിക്കും. നിന്നെ അധികമായി ഞാൻ വർദ്ധിപ്പിക്കും എന്ന് ദൈവം പറഞ്ഞു. ലാഭനഷ്ടങ്ങൾ നോക്കി യാത്ര ചെയ്തവന് ഭാര്യയും സമ്പത്തും നഷ്ടപ്പെട്ടു. മക്കൾ മ്ലേച്ഛതയിൽ ജീവിച്ചു. എന്നാൽ വിശ്വാസ യാത്ര ചെയ്തവന് വാഗ്ദത്ത സന്തതിയെ യിസ്ഹാക്കിനെ ദൈവം നൽകി. ദൈവത്തിന് അബ്രഹാമിനെ ഐശ്വര്യമായി അനുഗ്രഹിക്കണമായിരുന്നു. അതുകൊണ്ട് ദൈവം വീണ്ടും അവനെ പരിശോധിച്ചു. യിസ്ഹാക്കിനെ ഹോമയാഗം കഴിക്കണമെന്ന് പറഞ്ഞു. അവന്റെ ജീവിതത്തിലെ മനോഹരമായത്, വിലയേറിയത് നഷ്ടപ്പെടുകയാണ്. വിശ്വാസ യാത്ര ചെയ്യണമെങ്കിൽ ദൈവശബ്ദം അനുസരിച്ചേ തീരൂ. ലാഭനഷ്ടങ്ങൾക്കതീതമായി

അവൻ സഞ്ചരിക്കുകയാണ്. യിസ്ഹാക്കിനെ ഹോമയാഗം കഴിക്കുവാൻ മോറിയാമലയിലേക്ക് അവൻ കൊണ്ടുപോകുകയാണ്. ദു:ഖത്തിന്മേൽ ദു:ഖം, തളർച്ചയിന്മേൽ തളർച്ച അവൻ നേരിടുവാൻ പോകുകയാണ്. പക്ഷെ അവൻ ദൈവശബ്ദത്തിൻ കീഴിലാണോ സഞ്ചരിക്കുന്നത്. അവനെ ഉണർത്തുവാൻ ദൈവം വിശ്വസ്തൻ. അവന് തന്റെ പുത്രനെ നഷ്ടമായില്ല. മരിച്ചവരുടെ ഇടയിൽ നിന്നും തന്റെ പുത്രനെ ജീവിപ്പിക്കുവാൻ ദൈവം ശക്തൻ എന്ന് അവൻ വിശ്വസിച്ചു. മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേറ്റവനെപ്പോലെ അവനെ തിരികെ പ്രാപിക്കുകയും ചെയ്തു.

മോശയും വിശ്വാസ യാത്ര ചെയ്തവനാണ്. ലാഭനഷ്ടങ്ങൾ അല്ല അവന്റെ യാത്രയെ നിയന്ത്രിച്ചത്. ഫറവോന്റെ പുത്രിയുടെ മകൻ എന്ന സ്ഥാനവും മിസ്രയിമ്യലെ നിക്ഷേപവും അവൻ നിരസിച്ചു. ക്രിസ്തുവിന്റെ നിന്ദ വലിയ ധനമായി എണ്ണി. രാജധാനി വിട്ട് അവൻ മരുഭൂമി തെരഞ്ഞെടുത്തു. എബ്രായ പുരുഷന്മാർ തമ്മിൽ ശണ്ഠ ഇട്ടപ്പോൾ എബ്രായ ജനത്തിന്റെ വിടുതൽ ആഗ്രഹിച്ചവൻ, അവരെ സഹായിക്കുവാൻ ചെന്നത് നിമിത്തം അവന് രാജകൊട്ടാരം വിട്ട് ഓടിപ്പോകേണ്ടി വന്നു. പുറ: 2: 14,15. ദൈവശബ്ദത്തിന്റെ കീഴിൽ സഞ്ചരിച്ചത് കൊണ്ട്, മിസ്രയിമ്യ ഭരണാധികാരിയാകേണ്ടിയിരുന്നവൻ നീണ്ടവർഷങ്ങൾ മരുഭൂമിയിൽ ആടുകളോട് കൂടി ജീവിക്കേണ്ടി വന്നു. ദൈവശബ്ദത്തിന്റെ കീഴിൽ സഞ്ചരിച്ചത് മുഖാന്തരം ഭൂമിയിൽ നഷ്ടം സംഭവിച്ചവൻ സ്വർഗ്ഗം മുഖാന്തരം ഉയർച്ചയിലേക്കും സന്തോഷത്തിലേക്കും പ്രവേശിക്കുകയാണ്. ഒരു തീ ജ്വലനത്തിനും ഉണർവിനും ഇസ്രയേൽജനത്തിന്റെ വിടുതലിനും അവൻ കാത്തിരുന്നു. ഇതിനൊക്കെ വേണ്ടിയായിരുന്നു അവൻ നഷ്ടങ്ങൾ സഹിച്ചത്. ദൈവം അവനെ നിരാശപ്പെടുത്തില്ല. ഈ ദൈവം നിരാശപ്പെടുത്തുന്ന ദൈവം അല്ല പ്രത്യാശ പകരുന്ന ദൈവമാണ്. യഹോവയുടെ ദൂതൻ മുൾപടർപ്പിന് നടുവിൽ അഗ്നിജ്വാലയിൽ അവന് പ്രത്യക്ഷനായി. മിസ്രയിമിലുള്ള ഇസ്ര

യേൽ ജനത്തിന്റെ കഷ്ടതയും ഊഴിയവിചാരകന്മാർ മുഖാന്തരം അവർ അനുഭവിക്കുന്ന സങ്കടവും കണ്ട് തന്റെ ജനത്തെ വിടുവിക്കുവാൻ അതിനായി മോശയെ ഉപയോഗിക്കുവാൻ യഹോവയാം ദൈവം ഇറങ്ങിവന്നു. അതിന് വേണ്ടി ചെയ്യേണ്ട കാര്യങ്ങൾ എല്ലാം ദൈവം മോശയോട് പറഞ്ഞു. എല്ലാം കേട്ട ശേഷം മോശ പറയുന്നു ഞാൻ വാക്ക് സാമർത്ഥ്യം ഇല്ലാത്തവനും ശേഷി നഷ്ടപ്പെട്ടവനുമാണ് എന്ന്.

മോശയുടെ സ്വയം ശേഷിയെ നഷ്ടപ്പെടുത്തുവാൻ വേണ്ടിയാണ് നീണ്ടവർഷങ്ങൾ അവന് ധാരാളം നഷ്ടം വരുത്തി മരുഭൂമിയിൽ ദൈവം അവനെ എത്തിച്ചത്. അവനെ വാക്ക് സാമർത്ഥ്യം ഇല്ലാത്തവനാക്കിയത് ദൈവമാണ്. മുൾപടർപ്പിൽ അഗ്നിജ്വാലയിൽ വെളിപ്പെട്ടതിലൂടെ ദൈവം അവനോട് പറയുന്ന ഒരു ദൂതുണ്ട്. നശിച്ച് പോകുന്ന ഒന്നുമല്ലാത്ത ഈ മുൾപടർപ്പിൽ മേൽ ഞാൻ ഇറങ്ങി വന്നപ്പോൾ ഇത് ഇത്ര ശോഭയോടെ നിന്ന് കത്തിജ്വലിച്ചെങ്കിൽ എന്റെ ശ്രേഷ്ഠദാസനായ നിന്നിൽ ഞാൻ വന്നിറങ്ങുമ്പോൾ നീ എത്രമാത്രം കത്തി ജ്വലിക്കും എന്ന് ദൈവം അവനോട് പറയുകയായിരുന്നു.

മോശയിൽ വെളിപ്പെട്ട ദൈവശക്തിയുടെ കത്തിജ്വലനം ഫറവോന്യ അടിമത്തത്തിൽ നിന്നും ഇസ്രയേൽജനം വിടുവിക്കപ്പെടുന്നതിന് മുഖാന്തരമായി തുടർന്നും മരുഭൂമിയിൽ ഇസ്രയേൽജനത്തോട് കൂടി മോശ ആയിരിക്കുന്ന സമയത്ത് ദൈവം മോശയോട് ഇടപെടുകയാണ്. ‘‘ഇതാ വഴിയിൽ നിന്നെ കാക്കേണ്ടതിനും ഞാൻ നിയമിച്ചിരിക്കുന്ന സ്ഥലത്തേക്ക് നിന്നെ കൊണ്ടുപോകേണ്ടതിനും ഞാൻ ഒരു ദൂതനെ നിന്റെ മുമ്പിൽ അയക്കുന്നു. നീ അവനെ ശ്രദ്ധിച്ച് അവന്റെ വാക്ക് കേൾക്കണം. അവനോട് വികടിക്കരുത്. അവൻ നിങ്ങളുടെ അതിക്രമങ്ങളെ ക്ഷമിക്കുകയില്ല. എന്റെ നാമം അവനിൽ ഉണ്ട്. നീ അവന്റെ വാക്ക് ശ്രദ്ധയോടെ കേട്ട് ഞാൻ കൽപിക്കുന്നതൊക്കേയും ചെയ്താൽ നിന്നെ

പകക്കുന്നവരെ ഞാൻ പകയ്ക്കും. നിന്നെ ഞെരുക്കുന്നവരെ ഞാൻ ഞെരുക്കും. എന്റെ ദൂതൻ നിനക്ക് മുമ്പായി നടന്ന് നിന്നെ അമോര്യർ, ഹിത്യർ, പെരിസ്യർ, കനാന്യർ, ഹിവ്യർ, യെബൂസ്യർ എന്നിവരുടെ ദേശത്തേക്ക് കൊണ്ടുപോകും . അവരെ ഞാൻ നിർമ്മൂലമാക്കും'' പുറ: 23:20 – 23

ഒരു രാജ്യത്തിന്റെ അടിമത്തത്തിൽ നിന്ന് ഒരുകൂട്ടം ജനം ദൈവശബ്ദത്തിൻ കീഴിൽ ഇറങ്ങിപുറപ്പെട്ടു. പുറകോട്ട് അവർക്ക് പോകത്തില്ല. വലിയ അധഃപതനവും നാശവും അവിടെ കാത്തിരിപ്പുണ്ട്. അവരുടെ മുമ്പിലുള്ള വെല്ലുവിളികളും വലുതാണ്.

1. യാത്ര ചെയ്യുന്ന വഴി ദുർഘടമാണ്.
   മണൽക്കാറ്റ്, അഗ്നി സർപ്പങ്ങൾ
2. വരൾച്ചയാണ് ചുറ്റും. ഒരു തുള്ളി ദാഹജലം പോലും അപ്രാപ്യം.
3. ആറുലക്ഷം പുരുഷന്മാർ അതിന്റെ അർത്ഥം 25 ലക്ഷത്തിലധികം വരുന്ന ഒരു വലിയ കൂട്ടമാണ് മോശയ്ക്ക് ചുറ്റും.
4. ദൈവവുമായോ ദൈവിക പ്രമാണങ്ങളുമായോ വലിയ ബന്ധമില്ലാതെ ഫറവോന്യ അടിമത്തത്തിൽ വർഷങ്ങൾ ആയിരുന്ന ജനം സദാ പിറുപിറുപ്പും മറുതലിപ്പും.
5. ദൈവം നൽകാം എന്ന് പറഞ്ഞ ദേശത്ത് താമസിക്കുന്ന ജാതീയ ശക്തികൾ പ്രബലവും.

ഇവിടെ എന്താണ് ഇതിൽ നിന്ന് മനസ്സിലാക്കുന്നത്. മണലാരണ്യത്തിലൂടെ വെള്ളവും ഭക്ഷണവും ഇല്ലാതെ നടക്കുന്ന ഒരു ആൾക്കൂട്ടത്തിന് ഇതെല്ലാം സാധിക്കുമോ. മോശയുടെ സ്വയം ശേഷിയെ നിരവധി വർഷങ്ങൾ കൊണ്ടാണ് ദൈവം തകർത്തത്. അതുപോലെ തന്നെ മോശയുടെ കൂടെയുള്ള ജനത്തിന്റെ സ്വയം ശേഷിയെ തകർക്കുവാനും ദൈവ

ത്തിന് നിരവധി വർഷങ്ങൾ വേണ്ടി വന്നു. എന്തിനാണ് ഈ ജനത്തിന്റെ സ്വയം ശേഷിയെ തകർക്കുന്നതിന് കാരണം.

1. സ്വയം ശേഷി ഉപയോഗിച്ച് മുകളിൽ എഴുതിയ വെല്ലുവിളികളെ ജയിക്കുകയില്ല.
2. സ്വയം ശേഷിയുള്ളയിടത്തോളം കാലം ദൈവകരത്തിന്റെ ശക്തി വെളിപ്പെടുകയും ഇല്ല.
3. ദൈവകരത്തിന്റെ ശേഷി വെളിപ്പെട്ടില്ലെങ്കിൽ വലിയ ഒരു ശൂന്യത ഈ ജനം നേരിടും. ദൈവം അതാഗ്രഹിക്കുന്നില്ല.

ഒരിക്കൽ ഒരു ദൈവദാസനോട് പരിശുദ്ധാത്മാവ് ഇങ്ങനെ സംസാരിച്ചു. ''നടക്കുവാൻ സാധിക്കാത്ത വഴിയിലൂടെ എടുക്കുവാൻ സാധിക്കാത്ത ഭാരവുമായി സഞ്ചരിക്കുന്നു'' എന്ന്. ഇതാണ് മോശയുടേയും അവസ്ഥ. വാഗ്ദത്തമുള്ള ഏതൊരുവനും ഇങ്ങനെ ഒരു സ്ഥിതി വിശേഷം നേരിടും. മുമ്പിലുള്ള വെല്ലുവിളികളെക്കുറിച്ച് അറിയാവുന്ന ദൈവം യുദ്ധം അറിയാവുന്ന ഒരുവനെ അവരുടെ അടുക്കൽ അയച്ചു. ദൈവത്തിന്റെ നാമം തന്നെയുള്ള ഒരു ദൂതനെ. എന്റെ നാമം അവന്റെ മേൽ ഉണ്ട് എന്നാണ് ദൈവം ആ ദൂതനെക്കുറിച്ച് പറഞ്ഞത്. ദൂതന്റെ മുമ്പിലുള്ള ദൗത്യം.

1. വഴിയിൽ കാത്തുസൂക്ഷിക്കുക.
2. ദൈവം നൽകാമെന്ന് പറഞ്ഞ നിയമിക്കപ്പെട്ട ദേശത്ത് എത്തിക്കുക.

ആ ദൂതന്റെ പ്രത്യേകതയെക്കുറിച്ച് വചനം പറയുന്നത്

1. അവനെ ശ്രദ്ധിച്ച് കേൾക്കണം
2. അവനോട് വികടിക്കരുത്

3. അവൻ നിങ്ങളുടെ അതിക്രമങ്ങളെ ക്ഷമിക്കുകയില്ല.

ദൈവം അയച്ച ദൂതനെ മോശ പൂർണ്ണമായും അനുസരിച്ചു. അതിന് ദൈവത്തിന്റെ പരിശീലനം മോശയ്ക്ക് ലഭിച്ചിരുന്നു. എന്നാൽ ജനത്തിന് ദൈവത്തിന്റെ പരിശീലനം ലഭിച്ചിട്ടില്ലായിരുന്നു. അതുകൊണ്ട് ദൂതനെ പൂർണ്ണമായും അനുസരിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. ദൈവത്തിന്റെ പരിശീലനം കഠിനമാണ്. ഏത് വീരനും നിലവിളിക്കാതെ തരമില്ല. ഏത് വീരന്റേയും സ്വയം ശേഷിയെ തകർക്കുന്ന കഠിനപരിശീലനമാണ് ദൈവം നിശ്ചയിച്ചിട്ടുള്ളത്. അത് തിരിച്ചറിയുന്നവന് മാത്രമേ ദൈവത്തിന്റെ യുദ്ധവീരനാകാൻ കഴിയൂ. മോശയുടെ കീഴിലുള്ള ജനത്തിന് അത് തിരിച്ചറിയുവാൻ കഴിഞ്ഞില്ല. സദാസമയവും പിറുപിറുപ്പും മറുതലിപ്പും. ദൈവത്തിന് അവരെ വേണ്ട. മരുഭൂമിയിൽ കൂടി ദൈവം അവരെ നടത്തികൊണ്ടിരുന്നു. അവർ എല്ലാം അവിടെ മരിച്ചതിന് ശേഷമാണ് മരുഭൂമിയിൽ നിന്ന് മറ്റൊരു ശേഷിപ്പിനെ ദൈവം പുറത്തെത്തിച്ചത്. ദൈവം സൗമ്യനാക്കിതീർത്ത മോശ മരുഭൂമിയിൽ മരിച്ചടങ്ങിയ ജനത്തിന്റെ പിറുപിറുപ്പ് മുഖാന്തരം ദൈവത്തോട് വരെ ദേഷ്യപ്പെടുകയാണ്. ''മോശ യഹോവയോട് പറഞ്ഞത് നീ അടിയനെ വലച്ചത് എന്ത് നിനക്ക് എന്നോട് കൃപ തോന്നാതെ ഈ സർവ്വജനത്തിന്റേയും ഭാരം എന്റെ മേൽ വച്ചതെന്ത്? മുല കുടിക്കുന്ന കുഞ്ഞിനെ ഒരു ധാത്രി എടുക്കുന്നത് പോലെ ഞാൻ അവരെ നീ അവരുടെ പിതാക്കന്മാരോട് സത്യം ചെയ്ത ദേശത്തേക്ക് എന്റെ മാറത്തെടുത്ത് കൊണ്ട് പോകേണം എന്ന് എന്നോട് കൽപ്പിപ്പാൻ ഈ ജനത്തെ ഒക്കേയും ഞാൻ ഗർഭം ധരിച്ചുവോ?'' സംഖ്യ : 11:12.

സൗമ്യനും ശാന്തനും ആയ മോശ ദേഷ്യപ്പെട്ട് കോപിച്ച് പാപത്തിലും ലംഘനത്തിലും വീഴുകയാണ്. യഹോവ മോശയോട് നീ എന്റെ അടുക്കൽ പർവ്വതത്തിൽ കയറി വന്ന് അവിടെ കയറി ഇരിക്ക. ഞാൻ നിനക്ക് കൽപലകകളും നീ അവരെ ഉപദേശിക്കേണ്ടതിന് ഞാൻ

എഴുതിയ ന്യായപ്രമാണവും കൽപനകളും തരും എന്ന് അരുളി ചെയ്തു. പുറ : 24:12. നീണ്ട 40 രാപകൽ മോശ ദൈവത്തോട് കൂടെയായിരുന്നു. ദൈവം എഴുതി നൽകിയ ഒരു കൽപലകയുമായി മോശ ജനത്തിന്റെ അടുക്കൽ വന്നപ്പോൾ ജനം കാളക്കുട്ടിയെ നിർമ്മിച്ച് അതിന്റെ മുമ്പിൽ നൃത്തം ചെയ്യുന്നു. മോശയുടെ കോപം ജ്വലിച്ച് അവൻ പലകകളെ കയ്യിൽ നിന്ന് എറിഞ്ഞ് പൊട്ടിച്ച് കളഞ്ഞു. വിലയേറിയതാണ് അവന്റെ കൈയ്യിൽ നിന്ന് പോയത് മോശ നിമിത്തമല്ല. ജനം നിമിത്തമാണ് അത് അനുഭവിച്ചത്.

ഫറവോന്റെ മുമ്പിൽ മോശ തളർന്നില്ല. പക്ഷെ തന്റെ സ്വന്തം ജനം അവനെ തളർത്തിക്കളഞ്ഞു. ആർക്ക് വേണ്ടി അവൻ തന്റെ ജീവിതം ഹോമിക്കുവാൻ ആഗ്രഹിച്ചുവോ അവർ അവനെ നിരായുധനാക്കി. ഒരു അഭിഷിക്തൻ തിരിച്ചറിയേണ്ടുന്ന വലിയ മർമ്മം ഉണ്ട്. അവന്റെ മേൽ പകരപ്പെട്ട അഭിഷേകത്തിന്റെ മേൽ ആണ് ശത്രുവിന്റെ ദൃഷ്ടി മുഴുവനും. അഭിഷിക്തന്റെ മേൽ ഉള്ള അഭിഷേകം ശത്രുവിന് ഒരു വെല്ലുവിളിയാണ്. ശത്രു എപ്പോഴും പരാജയപ്പെടുന്നതും ഇവിടെ ആണ്. അതുകൊണ്ട്തന്നെ ഒരുവന്റെ മേലുള്ള അഭിഷേകത്തെ ഏത് മാർഗ്ഗം ഉപയോഗിച്ചും ഇല്ലാതാക്കുവാൻ അവൻ ശ്രമിച്ച് കൊണ്ടെ ഇരിക്കും. അതിന് ധാരാളം ആയുധങ്ങൾ, തന്ത്രങ്ങൾ, അവനുണ്ട്. ശത്രുവിന്റെ തന്ത്രങ്ങളെ ജയിക്കണമെങ്കിൽ എപ്പോഴും ഒരുവലിയ അനുതാപവും പരിശുദ്ധാത്മാവുമായി സദാസമയവും ഒരു ബന്ധവും ഉണ്ടായിരിക്കണം. മോശയ്ക്ക് സദാസമയവും ദൈവവുമായി ഒരുബന്ധം ഉണ്ടായിരുന്നു. അവന് നഷ്ടപ്പെട്ടത് അവന്റെ കയ്യിൽ തന്നെ ദൈവം നൽകി. ദൈവം മോശയെ ഉപയോഗിച്ച് മരുഭൂമിയിൽ ഒരു അഭിഷിക്ത ഗണത്തെ ഉണ്ടാക്കി, അവരെ നയിക്കുവാൻ അഭിഷിക്തനും അവരുടെ ഇടയിൽ നിന്നും എഴുന്നേറ്റു.

മോശ മരിക്കുമ്പോൾ അവന് 120 വയസ്സായിരുന്നു. അവന്റെ

കണ്ണ് മങ്ങാതെയും അവന്റെ ദേഹബലം ക്ഷയിക്കാതെയും ഇരുന്നു. നൂന്റെ മകനായ യോശുവയെ മോശ കൈവച്ച് അനുഗ്രഹിച്ചിരുന്നത് കൊണ്ട് അവൻ ജ്ഞാനാത്മപൂർണ്ണനായിത്തീർന്നു. യോശുവ തന്നിൽ ഏൽപ്പിക്കപ്പെട്ട മഹാ ഉത്തരവാദിത്തത്തിനനുസരിച്ച് മുമ്പോട്ട് പോകുകയാണ്. അവന്റെ മുമ്പിലുള്ള വഴികൾ വെല്ലുവിളികൾ നിറഞ്ഞതാണെന്ന് അവൻ അറിഞ്ഞു. വെല്ലുവിളികളെ നേരിടുവാൻ അവൻ തയ്യാറെടുക്കുകയാണ്. അതിന് വേണ്ടി ആദ്യം ചെയ്യേണ്ട കാര്യത്തെക്കുറിച്ച് അവൻ ബോധ്യവാനാണ്. യോശുവ ജനത്തോട് വിളിച്ച് പറഞ്ഞു "നിങ്ങളെ തന്നെ ശുദ്ധീകരിപ്പിൻ യഹോവ നാളെ നിങ്ങളുടെ ഇടയിൽ അതിശയം പ്രവർത്തിക്കും" Josh:3:5. ഒരു വലിയ ദൈവശക്തി ഇവിടെ വെളിപ്പെടേണ്ടതാണ്. അകൃത്യത്തിൽ ജീവിതം കഴിക്കുന്നവൻ ശക്തി പ്രാപിക്കുകയില്ലെന്ന് വചനം പറയുന്നു. തന്റെ ജനത്തിന്റെ ഇടയിലെ അകൃത്യങ്ങളെ നീക്കുവാൻ യോശുവ തയ്യാറെടുത്തു. യോശുവക്ക് അതിന് കഴിയും. കാരണം അവൻ ശുദ്ധീകരിക്കപ്പെട്ടും ദൈവികസാക്ഷ്യം പ്രാപിച്ചും നിൽക്കുന്നവനാണ്. ജനം ശുദ്ധീകരിക്കപ്പെട്ടു. യോർദ്ദാനിലെ വെള്ളം പിളർന്ന് മാറി. ദൈവം പറഞ്ഞ ദേശത്ത് ജനം എത്തി. യെരീഹോ മതിൽ ഒരു വെല്ലുവിളിയായിരുന്നു. ദൈവം അതിനെ തകർത്ത് കളഞ്ഞു. തന്റെ ജനത്തിന്റെ മുമ്പിലെ തടസ്സങ്ങളെ ദൈവം ഓരോന്നായി നീക്കിക്കളഞ്ഞു. അങ്ങനെ കനാൻ ദേശം വാഗ്ദത്ത ഭൂമി ഇസ്രയേൽ ജനത്തിനവകാശമായിത്തീർന്നു.

**2003 ജനുവരി – 1**

ദൈവത്തിന്റെ പരിപാലനം അതിശക്തമായി അനുഭവിച്ച ദിനങ്ങളും വർഷങ്ങളും ഓർക്കുക എന്നുള്ളത് ദൈവഹിതം ആണ്. ദൈവം അത് ആവശ്യപ്പെടാറും ഉണ്ട്. അതുവഴി ദൈവവുമായി കൂടുതൽ അടുക്കാനും ദൈവത്തിന് വേണ്ടി കൂടുതൽ ഉപയോഗിക്കപ്പെടുവാനും

സാധിക്കുന്നു. ദൈവത്തെ അറിഞ്ഞനാൾ മുതൽ ഇന്നേവരെ ദൈവം ചെയ്ത നന്മകളെ ഓർക്കുന്നു. 1993–ൽ വിശ്വാസത്തിൽ വരുന്നതിന് മുമ്പുള്ള വർഷങ്ങളിൽ, ദൈവത്തെ അറിയാതിരുന്ന നാളുകളിൽ ദൈവം എന്നെ അതിഭയങ്കര ആപത്തുകളിൽ നിന്ന് സംരക്ഷിച്ചിട്ടുണ്ട്. അന്ന് അത് എനിക്ക് അറിയില്ലായിരുന്നു. 1993–ൽ വിശ്വാസത്തിൽ വന്ന് വർഷ ങ്ങൾക്ക് ശേഷമാണ് ദൈവം എന്നെ എങ്ങനെയാണ് സംരക്ഷിച്ചത് എന്ന് എനിക്ക് മനസ്സിലായത്. ചെങ്കടൽ കടന്ന് മരുഭൂമിയിലൂടെ മോശയോട് കൂടെ നടന്ന ജനത്തെ ആ നാളുകളിൽ ദൈവം സംരക്ഷിച്ചത് പോലെ, പോറ്റി പുലർത്തിയത് പോലെ എന്നേയും പോറ്റി പുലർത്തി.

1993 അവസാനം മുതൽ 2002 അവസാനം വരെയുള്ള നീണ്ട ഒമ്പത് വർഷങ്ങൾ ദൈവം എന്നെ നടത്തിയ വിധങ്ങൾ 2003 ജനുവരി ഒന്നാം തീയതി ഓർമ്മിക്കുകയാണ്. ആവർത്തനപുസ്തകത്തിൽ മോശ യോട് യഹോവ പറയുന്നത് ശ്രദ്ധിക്കുക ''നിന്റെ ദൈവമായ യഹോവ നിന്നെ താഴ്ത്തുവാനും തന്റെ കൽപനകൾ പ്രമാണിക്കുമോ ഇല്ലയോ എന്ന് പരീക്ഷിച്ച് നിന്റെ ഹൃദയത്തിൽ ഇരിക്കുന്നത് അറിയുവാനായി നിന്നെ ഈ നാൽപത് സംവത്സരം മരുഭൂമിയിൽ നടത്തിയവിധം ഒക്കേയും നീ ഓർക്കണം''8:2.

മോശയുടെ ജീവിതത്തിൽ ആദ്യം വെളിപ്പെട്ടത് താഴ്ചയായിരു ന്നു. ഫറവോന്റെ പുത്രിയുടെ മകൻ എന്ന സ്ഥാനത്ത് നിന്ന് യിത്രോവിന്റെ ആടുകളുടെ ഇടയൻ എന്ന സ്ഥാനത്തേക്ക് മോശ താഴ്ത്തപ്പെട്ടു. അവി ടേയും മോശ ദൈവത്തെ അനുസരിച്ചു. അതുപോലെ എന്റേയും ജീവി തത്തിൽ ദൈവത്തെ അറിഞ്ഞതിന് ശേഷം ഒരു താഴ്ച, തളർച്ച, അപ മാനം, നിന്ദ നേരിട്ടു. അവിടെ വിശ്വസ്തനായി നിൽക്കുവാൻ ദൈവം തന്നെ സഹായിച്ചു. ഏതെല്ലാം തരത്തിൽ ദോഷങ്ങൾ വെളിപ്പെട്ടിട്ടും ദൈവവച നത്തിൽ നിന്ന് മാറാതെ നിൽക്കുവാൻ ദൈവം തന്നെ കൃപ പകർന്നു.

നിന്റെ ഹൃദയത്തിൽ ഇരിക്കുന്നത് അറിയുവാനാണ് നിന്നെ താഴ്ത്തിയത് എന്ന് യഹോവ പറയുന്നു. ഓരോ താഴ്ചയും അപമാനവും നിന്ദയും ദോഷവും വരുമ്പോൾ ഞാൻ പ്രാർത്ഥിക്കുന്ന ഒരു പ്രാർത്ഥന ഉണ്ടായിരുന്നു. എന്റെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്ന ജനത്തിന് ദോഷം ഉണ്ടാകരുതേ, ശത്രു അവരെ അന്യായമായി പീഢിപ്പിക്കുവാൻ സമ്മതി ക്കരുതേ എന്ന് പ്രാർത്ഥിക്കുമായിരുന്നു. നിന്നെ 40 സംവത്സരം മരുഭൂമി യിൽ നടത്തിയ വിധം ഒക്കേയും ഓർക്കണം എന്നാണ് തുടർന്ന് മോശ യോട് പറയുന്നത്. യഹോവ പറയുന്ന ആ നിമിഷം മോശ അത് ഓർത്ത് പോകുകയാണ്. ഓർക്കുവാൻ ധാരാളം ഉണ്ട്. ലക്ഷകണക്കിന് ജനം ഓരോ ആവശ്യങ്ങളുമായി ചുറ്റും നിൽക്കുന്നു. ഫറവോന്യ പോര്, മരുഭൂ മിയുടെ ചൂടേറിയ അനുഭവം, ഒന്നും ഇല്ലാത്ത, ഒരു പച്ചപ്പും കാണാത്ത ചുറ്റുമണ്ഡലം. മരുഭൂമിയിൽ ഒളിച്ചിരിക്കുന്ന ദോഷങ്ങൾ, അപകടങ്ങൾ, അവ എല്ലാറ്റിൽ നിന്നും ദൈവം വിടുവിച്ച വിധങ്ങൾ, സീനായി പർവ്വത ത്തിൽ വച്ച് പകരപ്പെട്ട ദൈവിക ആലോചനകൾ എല്ലാം മോശ ഓർക്കു കയാണ്. അതുപോലെ ചെറിയ അളവിൽ ഇതേ അനുഭവത്തിൽ ഞാനും സഞ്ചരിച്ചു. ഞാൻ അത് ഓർക്കുന്നു. യഹോവ വീണ്ടും മോശയോട് സംസാരിക്കുന്നു. ഈ മഹാ മരുഭൂമിയിൽ നീ സഞ്ചരിക്കുന്നത് യഹോവ അറിഞ്ഞിരിക്കുന്നു. ഈ 40 സംവത്സരം നിന്റെ ദൈവമായ യഹോവ നിന്നോട് കൂടെ ഇരുന്നു നിനക്ക് യാതൊന്നിനും മുട്ട് വന്നില്ല. ഈ വചന ത്തിലൂടെ മോശയോട് യഹോവ സംസാരിക്കുന്നത് ഇതാണ്. ഇനിയും ഞാൻ നിന്നോട് കൂടെ ഇരുന്ന് നിന്നെ സംരക്ഷിച്ച് നടത്തും. എല്ലാനാളും നമ്മോട് കൂടെ ഇരിക്കുന്ന ദൈവത്തിനായി സ്തോത്രം.

## ജനുവരി –5.

2003–ലെ ദിവസങ്ങൾ സന്തോഷദിനങ്ങൾ നൽകി മുമ്പോട്ട്

പോകുന്നു. യഹോവ തന്റെ ജനത്തിന്റെ മേൽ ഒരു വിടുതലിന്റെ ശബ്ദം പകരുകയാണ്. അനേക നാളത്തെ നെടുവീർപ്പുകൾ, ദു:ഖങ്ങൾ, മ്ലാനതകൾ, ഇല്ലായ്മകൾ, ഏകാന്ത വാസങ്ങൾ മാറുന്നത് പോലെ ഒരു അനുഭവം. അപ്പോസ്തലൻ എഴുതിയ ലേഖനത്തിൽ പറയുന്ന ഒരു ചെറിയ ദൂതുണ്ട് ''എപ്പോഴും സന്തോഷിപ്പിൻ''5:16. പ്രസന്നത ജീവിതത്തിൽ ഉടനീളം വെളിപ്പെടുത്തേണ്ട സമയമായി. ഹൃദയത്തിനകത്തെ സന്തോഷം പുറത്ത് കാണിക്കുവാനാണ് ദൈവം പറയുന്നത്. സന്തോഷിക്കുവാൻ എന്താണ് മുമ്പിലുള്ളത്. മാനുഷികദൃഷ്ടിയിൽ നമുക്ക് അത് കാണുവാൻ കഴിയില്ല. എന്നാൽ ദൈവം വെളിപ്പെടുവാനിരിക്കുന്നത് കൂടി അറിഞ്ഞ് കൊണ്ടാണ് ആലോചന പറയുന്നത്. യോവേൽ 2:21–ൽ ''ദേശമേ ഭയപ്പെടേണ്ട ഘോഷിച്ചുല്ലസിച്ച് സന്തോഷിക്ക, യഹോവ വൻ കാര്യങ്ങളെ ചെയ്തിരിക്കുന്നു''. ദൈവം ചില വൻകാര്യങ്ങൾ ചെയ്ത് കഴിഞ്ഞു. പുഷ്പിക്കുന്ന അനുഭവം ഫലം കായ്ക്കുന്ന അനുഭവം ജീവിതത്തിൽ വെളിപ്പെടുകയാണ്.

## ജനുവരി – 12.

''അവർ എസ്കോൽ താഴ്വരയോളം ചെന്ന് അവിടെ നിന്ന് ഒരു മുന്തിരിവള്ളി കുലയോടെ പറിച്ചെടുത്ത് ഒരു തണ്ടിന്മേൽ കെട്ടി രണ്ട് പേർകൂടി ചുമന്നു. അവർ മാതളപ്പഴവും അത്തിപ്പഴവും കൂടെ കൊണ്ട് പോന്നു'' സംഖ്യ :13: 23.

ഒരു സമൃദ്ധിയുടെ ദൂതാണ് ഈ ആഴ്ച ദൈവം തരുന്നത്. കനാൻ ദേശത്തിലെ നന്മ അൽപമായി ഈ ജനം അനുഭവിക്കുകയാണ്. മോശയുടെ നിർദ്ദേശപ്രകാരം കടന്ന് പോയ ഇസ്രയേൽ ഗോത്ര പ്രഭുക്കന്മാർ കനാൻ ദേശം സഞ്ചരിച്ച് വന്ന് അവയെക്കുറിച്ച് മോശയോട് പറഞ്ഞു. അതോടൊപ്പം ആ ദേശത്തിന്റെ പുഷ്ടി മോശക്ക് നേരിട്ട് മനസ്സി

ലാകുന്നതിന് വേണ്ടി മുന്തിരിവള്ളി കുലയോടെ പറിച്ചെടുത്ത് തണ്ടിന്മേൽ കെട്ടി ചുമന്ന് ഇപ്പോൾ അവർ താമസിക്കുന്ന ദേശത്ത് കൊണ്ടുവന്നു. ആ കൂടെ മാതളപ്പഴവും അത്തിപ്പഴവും ഉണ്ടായിരുന്നു. ജനം അത് അനുഭവിച്ചു. കനാൻ ദേശത്ത് എത്തുന്നതിന് മുമ്പ് അത് അനുഭവിക്കുവാൻ ജനത്തിന് ഭാഗ്യം ലഭിച്ചു.

**ജനുവരി – 19.**

''നീതിയാൽ പർവ്വതങ്ങളിലും കുന്നുകളിലും ജനത്തിന് സമാധാനം വിളയട്ടേ'' സങ്കീ: 72:3.

സ്വർഗ്ഗ രാജ്യം തീനും കുടിയും അല്ല നീതിയും സമാധാനവും പരിശുദ്ധാത്മാവിൻ സന്തോഷവും അത്രേ എന്ന് വചനത്തിൽ കാണുന്നു. ഒരു ദൈവപൈതലിന്, ഒരു ശുശ്രൂഷകന് ഇത് ദൈവം നൽകുന്ന ഒരു കൃപയാണ്. എന്നാൽ ശത്രുവായവൻ, മോഷ്ടിക്കുവാനും അറുക്കുവാനും വരുന്നവൻ ദൈവജനത്തിന് ദൈവം നൽകിയത് മോഷ്ടിക്കുവാനും ഇല്ലാതാക്കുവാനും വരുന്നു. അൽപനാൾ അവന്റെ ആധിപത്യം വിളയാടി ജനം കഷ്ടതയിലും അസമാധാനത്തിലും ആകുന്നു. ജാതീയരാജാക്കന്മാരാൽ ഇസ്രയേൽജനം ഭയപ്പെട്ട് പർവ്വതങ്ങളിലും കുന്നുകളിലും ഗഹ്വരങ്ങളിലും പ്രാണഭീതിയോടെ കഴിച്ച് കൂട്ടിയിട്ടുണ്ട്. എവിടെ എല്ലാം ശത്രു തന്റെ ജനത്തിന്റെ സന്തോഷത്തെ കെടുത്തിയോ സമാധാനത്തെ ഇല്ലാതാക്കിയോ അവിടെ എല്ലാം ദൈവം തന്റെ സ്വർഗ്ഗീയനീതിക്കനുസരിച്ച് പ്രതിഫലം നൽകുകയാണ്. അതാണ് നീതിയാൽ പർവ്വതങ്ങളിലും കുന്നുകളിലും ജനത്തിന് സമാധാനം വിളയട്ടേ എന്ന് യഹോവ അരുളിചെയ്യുന്നത്.

**ജനുവരി– 26.**

''പക്ഷികളെ, നിങ്ങളുടെ പർവ്വതങ്ങളിലേക്ക് പറന്ന് പോകുവിൻ''

സങ്കീ:11:1. ദൈവം തന്ന ഒരു ആലോചന പക്ഷികൾ എന്ന് പറയുമ്പോൾ പറക്കുന്ന ഒന്നിനെ കാണിക്കുന്നു. രണ്ട് ചിറക് ഉപയോഗിച്ച് ദൈവം കൊടുത്ത ശക്തിയാൽ അവ പറക്കുന്നു. ഇത് ഒരു അഭിഷിക്തനേയും അഭിഷിക്തശുശ്രൂഷകളേയും കാണിക്കുന്നു. എന്റെ ഓട്ടം ഞാൻ സ്ഥിര തയോടെ ഓടി എന്ന് അപ്പോസ്തലൻ പറയുന്നത് തന്റെ ശുശ്രൂഷയെക്കു റിച്ചാണ്. അതിന് സമാനസ്വഭാവം ഉള്ളതാണ് പറന്ന് പോകുക എന്ന വാക്കും. രണ്ട് ചിറക് വചനത്തേയും പരിശുദ്ധാത്മശക്തിയേയും കാണി ക്കുന്നു. ഇവ രണ്ടും ഒരു വ്യക്തിയിൽ സമ്മേളിക്കുമ്പോൾ ശക്തമായ ശുശ്രൂഷ വെളിപ്പെടുന്നു. ഇനി പക്ഷികൾ പറന്ന് പോകേണ്ടത് എങ്ങോ ട്ടാണ് എന്ന് നോക്കാം. പർവ്വതങ്ങളിലേക്ക് പറന്ന് പോകുവാനാണ് പറയു ന്നത്. പർവ്വതങ്ങൾ ഉയർന്ന മേഖലയെ കാണിക്കുന്നു. ഉന്നതമായ മണ്ഡലം മോശ സീനായ് പർവ്വതത്തിന്റെ മുകളിൽ നിന്നാണ് ശക്തമേ റിയ ശുശ്രൂഷകളും കൽപനകളും പ്രാപിച്ചത്. കർത്താവ് തന്റെ ശിഷ്യ ന്മാരിൽ പ്രധാനികളെ ഉയർന്ന മലയിൽ കൂട്ടികൊണ്ട് പോയി. മോശയും ഏലിയാവുമായി സംസാരിക്കുകയും അവന്റെ വസ്ത്രങ്ങൾ വെളിച്ചം പോലെ വെള്ളയായിത്തീരുകയും, മുഖം സൂര്യനെപ്പോലെ ശോഭിക്കു കയും ചെയ്തത് അവിടെ വച്ചാണ്.

അങ്ങനെയുള്ള ഉയർന്ന പർവ്വതത്തിലേക്ക് പറന്ന് പോകുവിൻ എന്നാണ് പക്ഷികളോട് ദൈവം പറയുന്നത്. അത് ദൈവത്തിന്റെ ആലോ ചനയും ഒരു കൽപനയും ആണ്. ഇപ്പോൾ പക്ഷികളെ പോലെ ഉയര ങ്ങളിൽ പറന്ന് നടക്കുവാൻ ദൈവം പറഞ്ഞുവെങ്കിൽ ഇതിന് മുമ്പുള്ള ചില നാളുകളിൽ വർഷങ്ങൾക്ക് മുമ്പ് ദൈവം പറഞ്ഞിരുന്നത് പുഴുവി നെപ്പോലെ നിലം പറ്റി ഓടുവാനാണ്. അൽപം പോലും തല ഉയർത്താതെ ഇഴഞ്ഞ് നീങ്ങുവാനാണ്.

‘‘പുഴുവായ യാക്കോബേ, ഇസ്രയേൽ പരിഷയെ ഭയപ്പെടേണ്ട,

ഞാൻ നിന്നെ സഹായിക്കും നിന്റെ വീണ്ടെടുപ്പുകാരൻ ഇസ്രയേലിന്റെ പരിശുദ്ധൻ തന്നെ. ഇതാ ഞാൻ നിന്നെ പുതിയതും മൂർച്ചയുള്ളതും പല്ലേറിയതുമായ മെതിവണ്ടിയാക്കി തീർക്കുന്നു'' യശ: 41: 14. ഒരിക്കൽ പുഴുവിനെ പോലെ ഭയപ്പെട്ട് ഓടിനടന്ന നാളുകൾ. ദൈവം അത് അനുവദിച്ചു. തുടർന്ന് പക്ഷിയെപ്പോലെ പറക്കുന്ന നാളുകൾ. അതും ദൈവം നിശ്ചയിച്ചു. ദൈവം നിശ്ചയിക്കുന്നതും ദൈവത്തിന്റെ ആലോചനയും മാത്രം മതി നമുക്ക്. മറ്റൊന്ന് നമുക്ക് വേണ്ട.

## ഫെബ്രുവരി – 2

''ധാന്യം വിളയുമ്പോൾ കൊയ്ത്തായത് കൊണ്ട് അവൻ ഉടനെ അരിവാൾ വെക്കുന്നു''മാർക്കോസ്: 4:29.

മൂന്ന് ആലോചനയാണ് ദൈവം ഇതിലൂടെ തരുന്നത്.

1. ധാന്യം വിളഞ്ഞു
2. കൊയ്ത്ത് അടുത്തു
3. അരിവാൾ വയ്ക്കുന്നു.

ഉണർവിന്റെ മൂന്ന് ഘടകമാണ് ഇത്. ധാന്യം വിളഞ്ഞ സമയമായി എന്ന് പറയുമ്പോൾ ഇതിന് മുമ്പ് ധാന്യം വിതച്ച ഒരു നാൾ ഉണ്ടായിരുന്നു എന്ന് കാണാം. അത് കണ്ണുനീരോടെ വിതച്ചു എന്ന് സങ്കീർത്തനക്കാരൻ പറയുന്നു. ധാന്യം വിതച്ചുവെങ്കിലും അത് മൂപ്പ് എത്തുവാൻ, മുള പൊട്ടി വിടരുവാൻ, ഫലം കായ്ക്കുവാൻ അനേകം സമയങ്ങൾ എടുത്തു. അതുവരെ ധാന്യത്തിന് ചുറ്റും രാവും പകലും കാവൽ ഉണ്ടായിരുന്നു. കാരണം കാട്ട്പന്നി തിന്ന്കളയുവാൻ വരും, വന്നു. പക്ഷെ ദൈവം സംരക്ഷിച്ച് നിർത്തി. ഇതാ ഇപ്പോൾ ധാന്യം വിളഞ്ഞു എന്ന് പരിശുദ്ധാത്മാവ് ആലോചന പറയുന്നു.

രണ്ടാമത്തെഘട്ടം കൊയ്ത്താണ്. വിളഞ്ഞ ധാന്യശേഖരം മുഴുവൻ കൊയ്തെടുത്ത് കളപ്പുരയിൽ ശേഖരിക്കണം. ഒന്നുപോലും നഷ്ടപ്പെട്ട് പോകരുത്. ശൂന്യമായ കളപ്പുരകൾ നിറയുവാൻ പോകുകയാണ്. വിളഞ്ഞ ധാന്യം കൊയ്തെടുത്ത് കളപ്പുരയിൽ ശേഖരിക്കണം.

മൂന്നാമത്തെ ഘട്ടം അരിവാൾ വെയ്ക്കുന്നു. ഇത് ദൈവം തരുന്ന അഭിഷേകത്തിന്റെ മൂർച്ചയെ കാണിക്കുന്നു. വചനത്തിന്റെ മൂർച്ചയെ, ശുശ്രൂഷയുടെ മൂർച്ചയെ കാണിക്കുന്നു. ഇത് ദൈവം തന്നെ തരണം എങ്കിൽ മാത്രമേ കൊയ്ത്ത് നടക്കുകയുള്ളൂ. മൂർച്ച സ്വർഗ്ഗത്തിൽ നിന്ന് വെളിപ്പെടുന്ന നാളിൽ കൊയ്ത്ത് ആരംഭിക്കുകയാണ്. വായെ മൂർച്ചയുള്ള വാൾ പോലെയാക്കി തന്റെ പൂണിയിൽ മറച്ചുവച്ചു എന്ന് യശയ്യ പ്രവചനത്തിൽ പറയുന്നു. മൂർച്ചയേറിയ, മറഞ്ഞിരുന്ന ശുശ്രൂഷ വെളിപ്പെടുമ്പോൾ അനേക അഭിഷിക്ത ശുശ്രൂഷകർ കൊയ്ത്തിനായി ഉണർവ്വിന്റെ മുമ്പിൽ നിന്ന് ജ്വലിക്കും. അങ്ങനെ ദേശം ദൈവത്താൽ പിടിയ്ക്കപ്പെടും. കളപ്പുര നിറയും. മുന്തിരിവള്ളി അനുഭവം തരും. പുഷ്ടി വെളിപ്പെടും. നുകം ഒടിയും.

## ഫെബ്രുവരി – 9.

‘‘തളർന്നിരിക്കുന്നവനെ വാക്ക് കൊണ്ട് താങ്ങുവാൻ അറിയേണ്ടതിന് യഹോവയായ കർത്താവ് എനിക്ക് ശിഷ്യന്മാരുടെ നാവ് തന്നിരിക്കുന്നു’’ യശയ്യ : 50: 4.

മൂന്ന് മണ്ഡലം ഈ വചനത്തിൽ കാണുന്നു.

1. തളർന്നിരിക്കുന്ന ഒരു കൂട്ടം
2. ആശ്വസിപ്പിക്കുന്ന വചനമാകുന്ന വാക്ക്
3. ശിഷ്യന്മാരുടെ നാവ്.

**തളർന്നിരിക്കുന്ന ഒരുകൂട്ടം ദേശത്തിന്റെ വിവിധഭാഗങ്ങളിൽ ആയിരിക്കുന്നു. തളർച്ചക്ക് വിവിധ കാരണങ്ങൾ ഉണ്ടാകും. വിവിധ നില വാരം ഉണ്ടാകാം. ആശ്വസിപ്പിക്കുന്ന വചനമാകുന്ന വാക്ക് സ്വർഗ്ഗത്തിൽ സ്ഥിരമായിരിക്കുന്നു. ശിഷ്യന്മാരുടെ നാവ് രൂപപ്പെട്ട് ആശ്വാസം ആഗ്ര ഹിക്കുന്ന ജനത്തിന്റെ മുമ്പിൽ വെളിപ്പെടുത്തുക എന്നതാണ് ദൈവപ ദ്ധതി. യഹോവയായ ദൈവത്തിന്റെ പ്രമുഖശിഷ്യൻ മോശയുടെ നാവ് അനേകരെ ആശ്വസിപ്പിച്ച് നടത്തുവാൻ നിയോഗം ലഭിച്ചതാണ്. എന്നാൽ നാവ് ശുശ്രൂഷക്ക് ഉപയോഗിക്കുവാൻ കഴിയാതെ മോശ ആയിരിക്കുന്നു. മോശ പറയുകയാണ് ''ഞാൻ വാക്ക് സാമർത്ഥ്യം ഉള്ളവനല്ല. ഞാൻ വിക്കനും തടിച്ച നാവുള്ളവനും ആകുന്നു'' പുറ: 4:10. എന്നാൽ മോശ നേരത്തെ അങ്ങനെയായിരുന്നില്ല എന്ന് വചനം പറയുന്നു. ''മോശ മിസ്ര യിമ്യരുടെ സകലജ്ഞാനവും അഭ്യസിച്ച് വാക്കിലും പ്രവർത്തിയിലും സമർത്ഥനായിത്തീർന്നു'' അപ്പോ: 7:22. ഒരു കാലഘട്ടത്തിൽ വാക്കിൽ സമർത്ഥനായിരുന്ന മോശ, പിന്നീട് തടിച്ച നാവിന്റെ ഉടമസ്ഥനായി ത്തീർന്നു. എന്ത് കൊണ്ട് ഇത് സംഭവിച്ചു?. കാരണം ശിഷ്യന്മാരുടെ നാവ്, ആശ്വസിപ്പിക്കുന്ന നാവ്, അത്ഭുതങ്ങൾ വെളിപ്പെടുവാൻ ദൈവം ഉപയോ ഗിക്കുവാൻ ആഗ്രഹിക്കുന്ന നാവിന്റെമേൽ ശത്രു ഒരു വലിയ മരവിപ്പ്, ബന്ധനം, തടിപ്പ് കൊണ്ടുവന്നിട്ടു. ദൈവം നാവിന്മേലുള്ള ശത്രുസ്വാധീനം മനസിലാക്കി ശുശ്രൂഷയെ തടഞ്ഞ നാവിന്റെ ബന്ധനത്തെ ശുശ്രൂഷക്ക് മുമ്പ് അഴിച്ച് കളഞ്ഞ് നാവിനെ സ്വതന്ത്രമാക്കി. തടിച്ച നാവുള്ള മോശ ശുശ്രൂഷ ഇല്ലാതെ 40 വർഷം ആടുകളുടെ കൂടെ നടന്ന മോശ വലിയ ഒരു ജനക്കൂട്ടത്തിന്റെ നടുവിലേക്ക്, ശത്രുവിന്റെ സങ്കേതത്തിലേക്ക് ദൈവം നൽകിയ ശിഷ്യന്മാരുടെ നാവുമായി പ്രവേശിക്കുകയാണ്. അത് അനേകരെ ആശ്വസിപ്പിച്ചു. തളർന്നിരുന്നവർ ബലപ്പെട്ടു. തളർന്നിരുന്ന മോശയും ബലപ്പെട്ടു.**

## 2003 ഫെബ്രുവരി 16

''അവന്റെ ഭൃത്യന്മാരിൽ ഒരുത്തൻ യജമാനനായ രാജാവെ കാര്യം അങ്ങനെയല്ല നീ ശയന ഗൃഹത്തിൽ സംസാരിക്കുന്ന വാക്കുകൾ യിസ്രയേലിലെ പ്രവാചകനായ ഏലീശ ഇസ്രയേൽ രാജാവിനെ അറിയിക്കുന്നു എന്ന് പറഞ്ഞു''. അരാം രാജാവ് ഇസ്രയേലിനോട് യുദ്ധം ചെയ്ത് നശിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. അരാം സൈന്യം വളരെ ശക്തമാണ്. പ്രവാചകനായ ഏലീശ യുദ്ധത്തിൽ നിർണ്ണായകമായ ഒരു പങ്ക് വഹിച്ചു. ശത്രു വരുന്ന വഴികൾ, അവന്റെ സൈന്യം ഇറങ്ങിയ പാളയം, അവന്റെ രഹസ്യ നീക്കങ്ങൾ എല്ലാം പ്രവാചകൻ പ്രാർത്ഥിച്ച് രാജാവിന് പറഞ്ഞ് കൊടുക്കുകയാണ്. പ്രവാചകൻ പറയുന്ന രീതിയിൽ ഇസ്രയേൽ രാജാവ് എല്ലാം ചെയ്യുന്നത്. അങ്ങനെ നിരവധി പ്രാവശ്യം ശത്രുസൈന്യത്തെ പരാജയപ്പെടുത്തുവാൻ ഇസ്രയേൽ രാജാവിന് കഴിഞ്ഞു.

അരാം രാജാവ് ഏത് വിധത്തിൽ നോക്കിയിട്ടും ഇസ്രയേൽ രാജാവിനെ ഒന്നും ചെയ്യുവാൻ കഴിയുന്നില്ല. അവൻ വിചാരിക്കുന്നത് അവന്റെ പാളയത്തിലെത്തന്നെ കാര്യങ്ങൾ എല്ലാം അറിയുന്നവൻ ഇസ്രയേൽ രാജാവിന് രഹസ്യങ്ങൾ നൽകുകയാണ് ചെയ്യുന്നത് എന്നാണ്. കാരണം അത്ര കൃത്യമായിട്ടാണ് ഇസ്രയേൽ രാജാവ് എല്ലാം അറിയുന്നത്. ഇസ്രയേൽ രാജാവ് ഇതെല്ലാം അറിയുന്നത് എങ്ങനെയാണ് എന്ന് അരാം രാജാവിന്റെ ഭൃത്യൻ അരാം രാജാവിനോട് പറയുകയാണ്. ''നീ ശയനഗൃഹത്തിൽ സംസാരിക്കുന്നത് വരെ പ്രവാചകൻ അറിയുന്നു'' നിന്റെ എല്ലാ യുദ്ധനീക്കങ്ങളും അവൻ അവിടെ ഇരുന്നു കാണുന്നു. അതാണ് നീ പരാജയപ്പെടുവാൻ കാരണം.

ഏലീശയാണ് തന്റെ പരാജയങ്ങൾക്ക് കാരണം എന്നറിഞ്ഞ ശത്രു ഏലീശയെ പിടിക്കുവാൻ ശ്രമിക്കുകയാണ്. ദോഥാനിൽ അവൻ

ഉണ്ട് എന്ന് അരാം രാജാവ് അറിഞ്ഞു. അവൻ അവിടേക്ക് ശക്തിയുള്ള സൈന്യത്തെ കുതിരകളും രഥങ്ങളും ആയി അയച്ചു. അവർ രാത്രിയിൽ ചെന്നു പട്ടണം വളഞ്ഞു. ശത്രു പാളയത്തിൽ തനിക്കെതിരെ നടക്കുന്ന നീക്കം അറിഞ്ഞ ഏലീശ ദൈവത്തോട് പ്രാർത്ഥിച്ചു. തന്റെ ദാസന്റെ സംരക്ഷണത്തിന് വേണ്ടി അഗ്നി മയമായ കുതിരകളും രഥങ്ങളും അടക്കം സ്വർഗ്ഗീയസൈന്യം ഏലീശ താമസിക്കുന്ന മലയിൽ പാളയമിറങ്ങി. അരാം രാജാവിന്റെ ശത്രുസൈന്യം പട്ടണം വളയുന്നതിന് മുമ്പ് തന്നെ സ്വർഗ്ഗീയ സൈന്യം ഏലീശക്ക് വേണ്ടി പാളയം ഇറങ്ങി. അഭിഷിക്തൻ പരിശോധിച്ചപ്പോൾ ശത്രുവിന്റെ നീക്കങ്ങൾ ഒന്നും അല്ല എന്ന് മനസ്സിലായി. അത്കൊണ്ട് അവന് ഭയമില്ല.

ഏലീശ യഹോവയോട് പ്രാർത്ഥിച്ചു ഈ ജാതിയെ അന്ധത പിടിപ്പിക്കേണമേ. ഏലീശയുടെ അപേക്ഷ പ്രകാരം അരാം സൈന്യത്തിന്റെ മേൽ ഒരുവലിയ അന്ധതവന്ന് പിടിപെട്ടു. ഏലീശ അരാം സൈന്യത്തോട് പറയുകയാണ് ഇതല്ല വഴി ഇതല്ല പട്ടണം. എന്റെ പിന്നാലെ വരുവിൻ നിങ്ങൾ അന്വേഷിക്കുന്ന ആളുകളുടെ അടുക്കൽ ഞാൻ നിങ്ങളെ കൊണ്ടുപോകാം. ഇസ്രയേൽ സൈന്യം പാളയമിറങ്ങിയിരിക്കുന്ന ശമര്യയിൽ ഈ ശത്രു സൈന്യത്തെ ഏലീശ എത്തിച്ചു. യഹോവേ ഇവരുടെ കണ്ണ് തുറക്കേണമേ എന്ന് ഏലീശ പ്രാർത്ഥിച്ചു. അവർ കണ്ണ് തുറന്ന് നോക്കിയപ്പോൾ തങ്ങളുടെ നിസഹായവസ്ഥ കണ്ട് അവർ ഭ്രമിച്ച് നിൽക്കുകയാണ്. പ്രവാചകൻ അവരെ വെട്ടിക്കളയുവാൻ അനുവദിച്ചില്ല. കാരണം അവനാരോടും പകയില്ല. തനിക്കും തന്റെ ജനത്തിനും ദോഷം ഉണ്ടാകരുത് അവർ സംരക്ഷിക്കപ്പെടണം എന്നേ അവന് ഉള്ളൂ. അതുകൊണ്ട് അവർക്ക് വേണ്ടി വലിയ ഒരു വിരുന്ന് ഒരുക്കി. അവരെ സൽക്കരിച്ചു. ശത്രുസൈന്യത്തെ കയ്യിൽകിട്ടിയാൽ ആരെങ്കിലും ഇങ്ങനെ ചെയ്യുമോ. പക്ഷെ ഏലീശ സ്വർഗ്ഗീയസൈന്യത്തിന്റെ കീഴിൽ ഓടുന്ന വ്യക്തിയാണ്. സ്വർഗ്ഗം പറയുന്നത് അനുസരിച്ച് മാത്രമേ എന്തും

ചെയ്യത്തൊള്ളൂ. അരാം സൈന്യം തിന്ന് കുടിച്ചതിന് ശേഷം തങ്ങളുടെ യജമാനനായ അരാം രാജാവിന്റെ അടുക്കലേക്ക് പോയി. അരാം സൈന്യത്തിന് ഏലീശയോട് ഭയങ്കരബഹുമാനവും സ്നേഹവും ഭയവും ഉണ്ടായി. പിന്നെ അവർ പടക്കൂട്ടവുമായി ഇസ്രയേൽ ദേശത്തേക്ക് കുറച്ച് നാളത്തേക്ക് വന്നില്ല. അങ്ങനെ പ്രവാചകൻ തന്നേയും തന്റെ ജനത്തേയും സംരക്ഷിച്ചു. അതിനായി ദൈവം തന്റെ അഭിഷേകവും സ്വർഗ്ഗീയസൈന്യവും വചനവും തന്റെ ഭൃത്യന് നൽകി. ദൈവികാഭിഷേകത്തിന്റെ കീഴിൽ ഓടുന്നവരെ സംരക്ഷിക്കുന്നത് സ്വർഗ്ഗീയസൈന്യം ആണ്. തന്റെ ജനത്തെ ദൈവം അതിഭയങ്കരമായി സംരക്ഷിക്കും.

## ഫെബ്രുവരി 23

''ശൗൽ എന്റെ മകനേ, ദാവീദേ ഇത് നിന്റെ ശബ്ദമോ എന്ന് ചോദിച്ചു പൊട്ടിക്കരഞ്ഞു. നീ എന്നേക്കാൾ നീതിമാൻ ഞാൻ നിനക്ക് തിന്മ ചെയ്തതിന് നീ എനിക്ക് നന്മ പകരം ചെയ്തിരിക്കുന്നു'' I ശമു : 24: 16. ശൗലും ദാവീദും ഒരുമിച്ച് നിന്ന് ജാതിശക്തികളായ ഫെലിസ്ത്യർക്കും മറ്റ് ശത്രുമേഖലക്ക് എതിരേയും പോരാടേണ്ടവരാണ്. പക്ഷെ ശത്രു അവരെ ഭിന്നിപ്പിച്ചു. ശൗലിന് ശേഷം ദാവീദിനെയാണ് ദൈവം രാജാവായി നിശ്ചയിച്ചിരിക്കുന്നത്. ദൈവികാലോചന അതാണെങ്കിൽ ശൗലിന് ആ ആലോചനക്ക് കീഴ്പെട്ട് പോയാൽ മതി. പക്ഷെ അവന്റെ വ്യക്തി സ്വാർത്ഥത, കുടുംബസ്വാർത്ഥത അതിന് സമ്മതിക്കുന്നില്ല. പരിശുദ്ധാത്മാവിന്റെ ആലോചന അവൻ ചോദിക്കുന്നില്ല. അനുസരിക്കുന്നുമില്ല. അത്കൊണ്ട് രാജാഭിഷേകം വന്ന ദാവീദിനെതിരെ അവൻ പോരാടുകയാണ്. കൊന്ന് കളയുക അതാണ് ലക്ഷ്യം. സ്വാർത്ഥതയിലൂന്നിയ ഒരു ദുഷ്ടലക്ഷ്യം അവന് ഉണ്ടായിരുന്നത് കൊണ്ട് ഒരു ദുരാത്മാവ് അവന്റെ മേൽ വന്നു. അഭിഷിക്തനെതിരെ പൈശാചികമായി നീങ്ങുവാൻ ശൗലിനെ പ്രേരിപ്പിക്കുന്നത് ഈ ദുരാത്മാവ് ആണ്. ദാവീദിന്റെ മേൽ

ഉള്ള പരിശുദ്ധാത്മാഭിഷേകം ശൗലിന്റെ മേലുള്ള ദുരാത്മാഭിഷേകത്തെ കീഴ്പ്പെടുത്തിയപ്പോൾ ശൗലിന്മേൽ അനുതാപം വെളിപ്പെട്ടു. ദാവീദിനെ തിരെ അവൻ ചെയ്ത എല്ലാ ദുഷ്പ്രവൃത്തികളേയും ഓർത്ത് അവൻ അനുതപിച്ചു. ദാവീദിന്റെ മേൽ ഉള്ള ദുഷ്ടദൃഷ്ടിയെ അവൻ പിൻവലിച്ചു. തുടർന്ന് ദാവീദിന് തന്റെ രാജകീയധികാരം ദൈവികആലോചന അനുസരിച്ച് കൈമാറിയിരുന്നുവെങ്കിൽ അവൻ നശിക്കുകയില്ലായിരുന്നു. പക്ഷെ പരിശുദ്ധ ആലോചനക്ക് എതിരെ നിന്നു. നീക്ക് പോക്കില്ലാതെ നശിച്ച് പോയി. അനുതപിച്ചുവെങ്കിലും അത് പ്രവൃത്തി മണ്ഡലത്തിൽ പൂർണ്ണമായി അവൻ വെളിപ്പെടുത്തിയില്ല. വാക്കുകളിൽ ഒതുക്കി നിർത്തി. പക്ഷെ ദാവീദിന്റെ അനുതാപം പൂർണ്ണമായിരുന്നു. വാക്കുകളിലും പ്രവൃത്തിയിലും അത് അവൻ വെളിപ്പെടുത്തി. അനുതാപം പൂർണ്ണമായി വെളിപ്പെട്ടാൽ മാത്രമേ ദൈവപ്രവൃത്തി പൂർണ്ണമായും വെളിപ്പെടുകയുള്ളൂ. അനുതാപം നമ്മെ പാപത്തിൽ നിന്നും ശാപത്തിൽ നിന്നും കരകയറ്റുന്നു. പരിശുദ്ധാത്മാവ് നമ്മെ അതിന് സഹായിക്കും. ജഢത്തെ നാം ദണ്ഡിപ്പിച്ച് കീഴ്പെടുത്തണം. അൽപം താമസിച്ചു എന്ന് നമുക്ക് തോന്നിയാലും ദൈവപ്രവൃത്തി വെളിപ്പെടും. രാജകീയ സ്ഥാനമാനങ്ങൾ നമ്മെ തേടിവരും. ദൈവനാമം മഹത്വപ്പെടും.

**മാർച്ച് 2.**

യഹോവ അരുളിചെയ്തത് '' ഞാൻ നിന്നെ നന്മയ്ക്കായി രക്ഷിക്കും നിശ്ചയം. അനർത്ഥകാലത്തും കഷ്ടകാലത്തും ഞാൻ ശത്രുവിനെകൊണ്ട് നിന്നോട് യാചിപ്പിക്കും, നിശ്ചയം'' യിരമ്യാവ് : 15:11

പ്രവാചകനായ യിരമ്യാവ് നിരവധി തളർച്ചകളെ കണ്ടവനാണ്. നിരവധി കണ്ണ്നീർകണം അവനിൽ നിന്ന് വീണു. രാവും പകലും അവന്റെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകി. അവന്റെ നന്മക്കും സംരക്ഷണത്തിനും

വേണ്ടി അവൻ അൽപമേ പ്രാർത്ഥിച്ചുള്ളു. എന്നാൽ മറ്റുള്ളവർക്ക് വേണ്ടി അവൻ വളരെ കണ്ണുനീർ പൊഴിച്ചു. മറ്റുള്ളവരുടെ നന്മയും ദൈവനാമ മഹത്വവും അവൻ ആഗ്രഹിച്ചു. ശത്രു നിരവധി പീഢകൾ അന്യായങ്ങൾ അവന്റെ നേരെ അയച്ചു. അതിൽ നിന്നെല്ലാം യഹോവ അവനെ രക്ഷിച്ചു. അവനെ ആശ്വസിപ്പിക്കുന്നതിന്റെ ഭാഗമായി ബലപ്പെടുത്തുന്നതിന്റെ ഭാഗമായി യഹോവ അവനോട് പറയുകയാണ് ''ഞാൻ നിന്നെ നന്മയ്ക്കായി രക്ഷിക്കും നിശ്ചയം'' ഒരു വലിയ നന്മ സ്വർഗ്ഗീയവും ഭൗമികവും യഹോവ അവന് നൽകുവാൻ ആഗ്രഹിക്കുന്നു. ആ വലിയ നന്മക്ക് വേണ്ടി ഞാൻ നിന്നെ രക്ഷിക്കും, സംരക്ഷിക്കും എന്ന് യഹോവ നൽകിയ ആലോചന അവന് ബലം നൽകി.

യിരമ്യാവിന്റെ പ്രാർത്ഥനയും അവസ്ഥയും സാഹചര്യവും നോക്കാം. ''നിന്റെ നിമിത്തം ഞാൻ നിന്ദ സഹിക്കുന്നു എന്ന് ഓർക്കേണമേ. ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു'' 15:15. തുടർന്ന് അവൻ പറയുകയാണ് ''കളിക്കാരുടെ കൂട്ടത്തിൽ ഇരുന്ന് ഞാൻ ഉല്ലസിച്ചിട്ടില്ല. നീ എന്നെ നീരസം കൊണ്ട് നിറച്ചിരിക്കയാൽ നിന്റെ കൈ നിമിത്തം ഞാൻ തനിച്ച് ഇരുന്നു. എന്റെ വേദന നിരന്തരവും എന്റെ മുറിവ് പൊറുക്കാത്തവണ്ണം വിഷമവും ആയിരുന്നു. യഹോവയായ ദൈവത്തിന് യിരമ്യാവ് പറയാതെ തന്നെ അവന്റെ അവസ്ഥകളെ മനസ്സിലാക്കുവാൻ കഴിയും. അവൻ കൂടുതൽ തളർന്ന് നിരാശപ്പെട്ട് പോകാതെ ഇരിക്കുവാൻ വേണ്ടിയാണ് ഒരു പ്രത്യാശയുടെ ദൂത് അവന്റെ മേൽ പകർന്നത്. ഞാൻ നിന്നെ നന്മക്കായി രക്ഷിക്കും നിശ്ചയം എന്ന് പറഞ്ഞത്''

യിരമ്യാവിന്റെ അനർത്ഥകാലത്തും കഷ്ടകാലത്തും ശത്രു അവനെ നിന്ദിച്ചു. എന്നാൽ യഹോവ അവന്റെ നിന്ദയേയും അപമാനത്തേയും ഉരുട്ടിക്കളഞ്ഞ് രക്ഷിച്ചു. കാരണം അവൻ ദൈവമുഖത്തേക്ക് മാത്രമാണ് നോക്കിയത്. ആ മുഖപ്രകാശത്തിൽ തന്റെ ദു:ഖത്തെ നിരാ

ശയെ അവൻ നേരിട്ടു. അതുകൊണ്ട് ദൈവം തന്നെ തന്റെ മുഖപ്രകാശ ത്തിൽ നിന്ന് പ്രത്യാശയുടെ ഒരു കിരണം നൽകി അവനെ ആദരിച്ചു.

**മാർച്ച് 9.**

''ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും'' വെളി : 2:17. എങ്ങനെയാണ് ഒരുവന് എപ്പോഴും ഒരു ജയാളിയെപ്പോലെ ദൈവസന്നിധിയിൽ ഇരുന്ന് മറഞ്ഞിരിക്കുന്ന മന്ന പ്രാപിക്കുവാൻ കഴി യുന്നത്. താഴ്മയും അനുതാപവും ഒരുവനിൽ എപ്പോഴും ഉണ്ടെങ്കിൽ ഒരു പരിധിവരെ ജയാളിയായി പോകുവാൻ കഴിയും. രണ്ട് രൂപത്തിലുള്ള പ്രാർത്ഥന ബൈബിളിൽ കാണുന്നു.

1. പരീശന്റെ പ്രാർത്ഥന
2. ചുങ്കക്കാരന്റെ പ്രാർത്ഥന.

ഇവർ രണ്ട് കൂട്ടരും ജയാളികളല്ല. പക്ഷെ ഇതിൽ ജയാളിയാകുവാനുള്ള രഹസ്യവശം മറഞ്ഞിരിപ്പുണ്ട്.

പരീശൻ ദൈവവചനത്തിൽ പറയുന്ന കാര്യങ്ങൾ ചെയ്യുന്നവനാ ണ്. പക്ഷെ അവന്റെ ഒരു ദോഷം ''തങ്ങൾ നീതിമാന്മാർ എന്ന് ഉറച്ച് മറ്റു ള്ളവരെ ധിക്കരിക്കുന്നു'' Luke: 18:9. പുച്ഛത്തോടെ കാണുന്നു. താഴ്മയോ അനുതാപമോ അവരിൽ ഇല്ല. അതിനാൽ ഒരു ജയാളിയായി ത്തീരുവാൻ കഴിയുന്നില്ല. ചുങ്കക്കാരനിൽ താഴ്മയും അനുതാപവും ഉണ്ട്. പക്ഷെ അത് പ്രാർത്ഥിക്കുന്ന സമയത്ത് മാത്രമേ അവൻ വെളിപ്പെ ടുത്തുന്നുള്ളൂ. ഇവരിൽ രണ്ട് പേരിലും ഗുണവശങ്ങൾ കാണുന്നു. അതിലെ ഗുണവശങ്ങൾ ഇതാണ്. വചനത്തിന്റെ കീഴിൽ ഓടി താഴ്മയും അനുതാപവും എപ്പോഴും വെളിപ്പെടുത്തി ജീവിച്ചാൽ ഒരു ജയാളിയായ

ഒരു ശുശ്രൂഷകനായി ഒരു വിശ്വാസിയായി ജീവിതം നയിക്കാം. മറഞ്ഞിരിക്കുന്ന മന്ന ദൈവത്തിൽ നിന്ന് പ്രാപിക്കുവാനും കഴിയുന്നു.

**2003 മാർച്ച് – 16.**

ഞാൻ മക്കളില്ലാത്തവനായി നടക്കുന്നുവല്ലോ; എന്റെ അവകാശി ദമ്മേശേക്ക് കാരനായ ഈ ഏല്യേസ്യർ അത്രേ എന്ന് പറഞ്ഞു. ഉൽ: 15:2.

വാഗ്ദത്തം പ്രാപിച്ചവൻ, ദൈവം പറയുന്നത് മുഴുവൻ അതുപോലെ അനുസരിക്കുന്നവൻ ഒരു വിഷയത്തിൽ തളർന്ന് പോകുകയാണ്. ദൈവം സംസാരിക്കാത്തത് കൊണ്ടോ ദൈവികാലോചന പ്രാപിക്കാത്തത് കൊണ്ടോ അല്ല അവൻ തളർന്ന് പോകുന്നത്. വർഷങ്ങളായി അവൻ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്ന ഒരു പ്രാർത്ഥന ഉണ്ട്. ഒരു സന്തതിയെ തന്ന് എന്നെ മാനിക്കണം. ഉദരഫലം ദൈവത്തിന്റെ ദാനം. ദൈവികശുശ്രൂഷയും ഉയരത്തിലുള്ള വെളിച്ചങ്ങളുടെ പിതാവായ ദൈവത്തിന്റെ ദാനം. അബ്രഹാം നിരാശപ്പെട്ട മണ്ഡലത്തെ മനസ്സിലാക്കി ദൈവം സംസാരിക്കുകയാണ്.

‘‘നിന്റെ ഉദരത്തിൽ നിന്ന് തന്നെ നീ ആഗ്രഹിക്കുന്നത് ലഭിക്കും’’ ആകാശത്തേക്ക് നോക്കുക. നക്ഷത്രങ്ങളെ കാണുക. ഇതുപോലെ സന്തതികളെ നിനക്ക് ഞാൻ പകരും എന്ന് പറഞ്ഞു.

**മാർച്ച് 23.**

‘‘കുതിര പാറമേൽ ഓടുമോ, അവിടെ കാളയെ പൂട്ടി ഉഴുമോ’’ ആമോസ് : 6:12.

ദൈവം തന്റെ ജനത്തോട് ചോദിക്കുകയാണ്. ഇത് സംഭവിക്കുമോ. ദൈവത്തിന് സകലവും സാദ്ധ്യം. പക്ഷെ തന്റെ ജനത്തോട് ദൈവം ചോദിക്കുന്നു. ഇത് സാദ്ധ്യമോ, പാറപോലെ കാഠിന്യമേറിയ കട്ടിയേറിയ പരുക്കൻ മണ്ഡലം വെല്ലുവിളിയായി നിൽക്കുമ്പോൾ അഭിഷിക്ത നിയോഗം പ്രാപിച്ചവൻ കുതിരയെപ്പോലെ ആ പരുക്കൻ മണ്ഡലത്തെ തകർത്ത് മുമ്പോട്ട് ഓടുമോ.

അഭിഷിക്ത നിയോഗം പ്രാപിച്ചവൻ പരുക്കൻ മണ്ഡലത്തിൽക്കൂടി ഓടുമ്പോൾ അത് മൃദുവായി മാറണം. കാഠിന്യം നീങ്ങിപ്പോകണം. ആ പാറപൊട്ടി മാറണം. അങ്ങനെ മാറിയില്ലെങ്കിൽ അഭിഷിക്തൻ അതിഭയങ്കരമായി തളർന്ന് പോകും.

അഭിഷിക്തൻ അതിഭയങ്കരമായി തളർന്ന് പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. അവനെ ഉണർത്തി ഓടിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. അതുകൊണ്ട് പാറയുടെ അകത്തെ കാഠിന്യത്തെ ദൈവം അഭിഷിക്തൻ ചെല്ലുന്നതിന് മുമ്പേ വെട്ടിമാറ്റി അവിടെ മൃദുവാക്കും. പുറമേ കാഠിന്യമേറിയ പാറപോലെ കാണപ്പെടുകയും ചെയ്യും.

അഭിഷിക്തനിയോഗം പ്രാപിച്ച് കുതിരയെപ്പോലെ ആ പാറയുടെ മുകളിലൂടെ ഓടുമ്പോൾ അത് അഭിഷിക്തന്റെ കാൽസ്പർശനത്താൽ പൊട്ടിമാറും. കാരണം കാഠിന്യമേറിയ മണ്ഡലം ദൈവം നേരത്തേ പൊട്ടിച്ച് മാറ്റിയിരുന്നു. അതുകൊണ്ട് ഒരു അഭിഷിക്തൻ പാറമേൽ ഓടും. ഒരു ജയാളിയായി അവൻ പാറയെ മെതിക്കും. കാള അവിടെ നിലം ഉഴുത് മറിക്കും. ആ നിലം 30, 60,100 മേനി ഫലം കായ്ക്കും. ഫലസമൃദ്ധി അവിടെ വെളിപ്പെടും.

**മാർച്ച് 30.**

തീ അവന് മുമ്പായി പോകുന്നു അവന്റെ വൈരികളെ ദഹിപ്പിക്കുന്നു. സങ്കീ: 97:3.

മുമ്പിലുള്ള വഴികളെക്കുറിച്ച് ഏകദേശ ധാരണ ഉണ്ടെങ്കിലും പൂർണ്ണമായി അറിയില്ല. ഒരു അഭിഷിക്തന്റെ മുമ്പിലുള്ള വഴികളിൽ ഒരേ സമയം ശക്തമായ ദൈവസാന്നിദ്ധ്യവും ദൂതന്മാരുടെ സംരക്ഷണവും നന്മയും ഉണ്ട്. അപ്പോൾതന്നെ ശത്രു വിവിധരീതികളിൽ പതിയിരുപ്പുകൾ വച്ചിട്ടുണ്ടാകും. അതിന് നിരവധി സാഹചര്യങ്ങളെ, പ്രശ്നങ്ങളെ, വ്യക്തികളെ അവൻ ഉപയോഗിക്കും. അവരിലൂടെ ദോഷം ഉണ്ടാക്കുവാൻ ശത്രു ശ്രമിക്കും.

അതുകൊണ്ട് അവന്റെ വൈരികൾ അവന് ദോഷം വരുത്താതെ ഇരിക്കുവാൻ അഭിഷിക്തൻ ചെല്ലുന്നതിന് മുമ്പേ അവയെ എരിച്ച് കളയേണ്ടത് ആവശ്യമാണ്. അതിന് വേണ്ടിയാണ് ദൈവം തന്റെ സ്വർഗ്ഗീയാഗ്നി തന്റെ ദാസന് മുമ്പേ അവന്റെ വഴികളിലേക്ക് അയക്കുന്നത്. അത് എല്ലാ ശത്രു പതിയിരുപ്പുകളും എരിച്ച് കളഞ്ഞ് ശത്രു സാന്നിദ്ധ്യം നീക്കം ചെയ്യും. അഭിഷിക്തന് ഒരു ദോഷവും ഉണ്ടാകുവാൻ സമ്മതിക്കാത്തവണ്ണം ദൈവം അവിടെ ഇടപെടും. അങ്ങനെ തന്റെ അവകാശത്തെ തന്റെ പ്രവാചകനെ ദൈവം സംരക്ഷിക്കും.

**ഏപ്രിൽ 6.**

അവൻ മീതെ മേഘങ്ങളോട് കൽപ്പിച്ചു. ആകാശത്തിന്റെ വാതിലുകളെ തുറന്നു. സങ്കീ: 78:23. യഹോവയാം ദൈവം മേഘങ്ങളോട് കൽപ്പിച്ചു. ദൈവം തന്നെയാണ് മീതെ മേഘങ്ങളെ ഉറപ്പിച്ചത്. ദൈവ

ത്തിന് അവയോട് കൽപിക്കുവാനും അവകാശം ഉണ്ട്. അവ അനുസരിക്കുവാൻ ബാധ്യസ്തവുമാണ്. അവൻ മേഘത്തോട് ആദ്യം കൽപിച്ചത് ആകാശത്തിന്റെ വാതിലുകളെ തുറക്കുവാനാണ്. ദൈവകൽപനക്ക് കീഴിൽ ആകാശങ്ങൾ തുറക്കപ്പെട്ടു. തുറക്കപ്പെട്ട ആകാശത്തിന്റെ കിളിവാതിലിൽക്കൂടി നീതിമാന് ആവശ്യമായ മന്ന വർഷിപ്പിച്ച് തന്റെ ജനത്തെ ദൈവം പോഷിപ്പിച്ചു. തൃപ്തിയാകുംവണ്ണം ദൈവം അത് നൽകി. തന്റെ ജനത്തിനാവശ്യമായത് കനാൻ ദേശത്ത് എത്തുവോളം ദൈവം അത് നൽകി. സമൃദ്ധിയായിട്ട് തന്നെ ദൈവം നൽകി. ക്രിസ്തീയശുശ്രൂഷാ ജീവിതം ഒരു മരുഭൂയാത്രക്ക് സമാനമാണ്. വിഷസർപ്പങ്ങളും മണൽക്കാറ്റുകളും ഉഷ്ണവും പലപ്പോഴും ജനത്തെ വേട്ടയാടുകയാണ്. ദൈവം നൽകുന്ന മന്നയാണ് ജനത്തെ ആശ്വസിപ്പിച്ച് വഴി നടത്തുന്നത്. ദൈവം തന്റെ വിശ്വസ്തത അങ്ങനെ ഓരോ നിമിഷവും വെളിപ്പെടുത്തുകയാണ്.

## ഏപ്രിൽ 13.

ശിശുവിന് പ്രാണഹാനി വരുത്തുവാൻ നോക്കിയവർ മരിച്ച് പോയത് കൊണ്ട് നീ എഴുന്നേറ്റ് ശിശുവിനേയും അമ്മയേയും കൂട്ടി കൊണ്ട് ഇസ്രയേൽ ദേശത്തേക്ക് പോക എന്ന് പറഞ്ഞു. മത്താ : 2:20. മത്തായി സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ ശിശു ജനിച്ചതായി രേഖപ്പെടുത്തി. അന്ധകാര ലോകത്തിൽ ഒരു അത്ഭുതപ്രകാശം വെളിപ്പെട്ടു. ശിശുവിന്റെ ജനനത്തെ അറിഞ്ഞ ഹെരോദാവ്, ദേശാന്ധകാരശക്തി ശിശുവിനെ ഒടുക്കിക്കളയുവാൻ പദ്ധതിയിട്ടു. ശിശു ജനിച്ച ഉറവിടം അറിയാതിരുന്ന ഹെരോദാവ് ശിശുവിനെ നശിപ്പിക്കുവാൻ തന്ത്രപൂർവ്വം വിദ്വാന്മാരെ കയ്യിലെടുത്തു. എന്നാൽ ദൈവം അവരെ മറ്റൊരു വഴിയിലേക്ക് തിരിച്ച് വിട്ടത് കൊണ്ട് ആ തന്ത്രം പൊളിഞ്ഞു.

ഹെരോദാവിന്റെ ഗൂഢ പദ്ധതി അറിയാമായിരുന്ന ദൈവം

ഹെരോദാവിന്റെ കൈയ്യിൽ ശിശു പെടാതെ ഇരിക്കുവാൻ മറ്റൊരു മണ്ഡലം ആ ശിശുവിന് നൽകി. അവിടെ ഹെരോദാവിന് എത്തിപ്പെടുവാൻ കഴിയില്ല. മിസ്രയിം ദേശത്തേക്ക് ദൈവം ശിശുവിനേയും യോസേഫിനേയും മറിയയേയും അയച്ചു. ഒരു നിശ്ചിത നാൾ അന്യദേശത്ത് എന്ന പോലെ യോസേഫ് ശിശുവിനേയും കൊണ്ട് മിസ്രയിം ദേശത്ത് പാർത്തു. ഹെരോദാവിന്റെ നാശകശക്തി വെളിപ്പെടുന്നതിന് മുമ്പ് ശിശു ഇസ്രയേൽ ദേശത്ത് നിന്ന് മിസ്രയിം ദേശത്തേക്ക് പോയിരുന്നു.

ശിശു മിസ്രയിം ദേശത്ത് രഹസ്യമായി വളർന്ന് കൊണ്ടിരിക്കുമ്പോൾ തന്നെ ഇസ്രയേൽ ദേശത്ത് ദൈവം ഒരു പ്രവൃത്തി ചെയ്തു. ശിശുവിന് പ്രാണഹാനി വരുത്തുവാൻ നോക്കിയ ഹെരോദാവിനെ, ദേശാന്ധകാര ശക്തിയെ ദൈവം വെട്ടിക്കളഞ്ഞു. ശിശുവിനെ ഒടുക്കുവാൻ വ്യക്തികളെ സ്വാധീനിച്ച ദേശാന്ധകാരശക്തി ദേശത്ത് നിന്ന് വെട്ടിമാറ്റപ്പെട്ടപ്പോൾ മിസ്രയിമ്യലായിരുന്ന യോസേഫിനുംമറിയയ്ക്കും ദൂതന്റെ ആലോചന വന്നു. ശിശുവിന് പ്രാണഹാനി വരുത്തുവാൻ നോക്കിയവർ മരിച്ച് പോയി. ദേശാന്ധകാരശക്തി കീഴടങ്ങി മാറിപ്പോയി. വീണ്ടും ഇസ്രയേൽ ദേശത്തേക്ക് പോകുവാൻ ആലോചന പകർന്നു. വീണ്ടും ശുശ്രൂഷാ മണ്ഡലത്തിലേക്ക് പറിച്ച് നടപ്പെട്ടു.

അൽപനാൾ ശുശ്രൂഷാ മണ്ഡലത്തിൽ നിന്ന് മിസ്രയിമ്യയനുഭവത്തിലേക്ക് ദൈവം മാറ്റി എങ്കിലും വീണ്ടും നഷ്ടപ്പെട്ട മണ്ഡലത്തിലേക്ക് ദൈവം തിരികെ കൊണ്ടുവന്നു. നഷ്ടപ്പെട്ട് പോയ മാന്യത ദൈവം തിരികെ തന്നു.

**ഏപ്രിൽ 20.**

സമുദ്രം കണ്ട് ഓടി യോർദ്ദാൻ പിൻ വാങ്ങിപ്പോയി. പർവ്വതങ്ങൾ

മുട്ടാട്കളേയും കുന്നുകൾ കുഞ്ഞാടുകളെപ്പോലെയും തുള്ളി. സങ്കീ: 114:3.

ഒരു കാലഘട്ടത്തിൽ ഭയപ്പെടുത്തിയ, പിൻ വാങ്ങുകയില്ല എന്ന് പറഞ്ഞ്, വലിയ ഒരു തടങ്കൽപ്പാറപോലെ നിന്ന ചില വിഷയങ്ങൾ, സമുദ്രം പോലെ, യോർദ്ദാൻ പോലെ, പർവ്വതങ്ങൾ പോലെ നിന്ന വിഷയങ്ങൾ, എങ്ങനെ ഇത് മറികടന്ന് മുമ്പോട്ട് പോകും എന്ന് പറഞ്ഞ് മുട്ടാടിപ്പോയ നാളുകൾ, പലപ്പോഴും സ്തംഭിച്ച്, പരിഭ്രമിച്ച് തളർന്ന് കലങ്ങിപ്പോയ നാളുകൾ.ഇതിന് ഒരിക്കലും പരിഹാരമില്ലേ എന്ന് വരെ ചിന്തിച്ച് പോയ നാളുകൾ. പക്ഷെ ഇപ്പോൾ വചനം ആലോചന പറയുന്നു. സമുദ്രം ഓടിമറഞ്ഞു. യോർദ്ദാൻ പിൻവാങ്ങിപ്പോയി. പർവ്വതങ്ങൾ മുട്ടാടുകളെപ്പോലെ, കുന്നുകൾ കുഞ്ഞാടുകളെപ്പോലെ തുള്ളുന്നു.

എന്താണ് ഒരു സുപ്രഭാതത്തിൽ സമുദ്രം ഓടുവാൻ കാരണം. യോർദ്ദാൻ പിൻവാങ്ങുവാൻ കാരണം. മറ്റ് ഒന്നും അല്ല, യഹോവയുടെ ദൂതൻ തന്റെ ജനത്തിന് വേണ്ടി ശത്രുപാളയത്തിൽ ഇറങ്ങിയത് കൊണ്ട് തന്നെ. യഹോവയുടെ ദൂതന്റെ സ്പർശനം ഏറ്റ സമയം തന്നെ, ഭക്തന്റെ മുമ്പിൽ നിന്ന ആ തടങ്കൽപ്പാറ പൊട്ടിപിളർന്ന് മാറി, വഴിയിലെ ആ വലിയ തടസ്സത്തെ, ശുശ്രൂഷക്കെതിരെ നിന്ന ആ ദുഷ്ടശക്തിയെ ദൈവദൂതൻ വെട്ടിക്കളഞ്ഞ നിമിഷം തന്നെ സുഗമമായ ഒരു വഴി കാണപ്പെട്ടു. അത് നേരത്തെ വെട്ടിയ വഴിയായിരുന്നു. പക്ഷെ ശത്രു വിലങ്ങ് തടി പോലെ നിന്ന് മുമ്പോട്ട് വിടുകയില്ല എന്ന് വാദിച്ചു. ഭക്തന് മുമ്പേ ദൂതൻ പോയി വഴിയിൽ നിന്ന ആ തടസ്സത്തെ വെട്ടിക്കളഞ്ഞു. ശത്രു കോട്ട വെട്ടി മാറ്റപ്പെട്ടത് കണ്ട് ഒരു വലിയ സന്തോഷം. പർവ്വതങ്ങളും കുന്നുകളും കൂടി സന്തോഷിക്കത്തക്ക രീതിയിലുള്ള ഒരു വലിയ സന്തോഷം യഹോവ തന്റെ ജനത്തിനിടയിൽ നൽകി. യഹോവ തന്റെ ജനത്തിന്റെ സ്ഥിതി മാറ്റിയപ്പോൾ യാക്കോബ് സന്തോഷിച്ചു. ഇസ്രയേൽ ആനന്ദിച്ചു.

**ഏപ്രിൽ 27.**

ഒന്നാം മനുഷ്യൻ ഭൂമിയിൽ നിന്ന് മണ്ണ് കൊണ്ട് ഉള്ളവൻ. രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്ന് ഉള്ളവൻ. I കൊരി : 15: 47. ഇത് രണ്ട് മനുഷ്യ പ്രകൃതിയെ സൂചിപ്പിക്കുന്നു. ഒന്നാമത്തെ മനുഷ്യ പ്രകൃതി ഭൂമി യിൽ നിന്ന് ദൈവം സൃഷ്ടിച്ചതാണ്. ഭൂമിയിലെ പൊടിയിൽ നിന്ന് ദൈവം അത് സൃഷ്ടിച്ചു. ശത്രു ഉപായത്താൽ ഒന്നാം മനുഷ്യനെ തെറ്റിച്ച് ദൈവ ത്തിൽ നിന്ന് അകറ്റിഅനുസരണക്കേടിനും അസൂയക്കകത്തും ആക്കി സൂക്ഷിച്ചു. ആ മനുഷ്യൻ ആദിയിൽ തന്നെ സഹോദരകൊലപാതക ത്തിന് ഉത്തരവാദിയായി. അവൻ മുഖാന്തരം പാപവും പാപം മുഖാന്തരം മരണവും ലോകത്തിൽ പ്രവേശിച്ചു. സകല ദുർഗുണങ്ങളും അവനിൽ ആവസിച്ചു. ദുർനടപ്പ്, അശുദ്ധി, ദുഷ്കാമം,വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവയിൽ ഒന്നാം മനുഷ്യൻ സന്തോഷിച്ചു. ഒന്നാം മനുഷ്യനെ സൃഷ്ടിച്ചത് ദൈവമാണെങ്കിലും ഭൂമിയിൽ നിന്നുള്ളത് ഉപയോഗിച്ചാണ് ദൈവം അത് സൃഷ്ടിച്ചത്. അതുകൊണ്ട് രണ്ടാമത് ഒരു സൃഷ്ടി ദൈവം നടത്തി. രണ്ടാമത്തെ മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നുള്ള വൻ. ഭൂമിയിൽ നിന്നുള്ളതൊന്നും അവന്റെ മേൽ ഇല്ല. സ്വർഗ്ഗത്തിൽ സ്ഥിരമായി ഇരിക്കുന്ന ദൈവവചനത്തെ തന്നെ രണ്ടാം മനുഷ്യനെ സൃഷ്ടി ക്കുന്നതിനായി ത്തീർന്നു. വചനം ജഢമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. യോഹ : 1: 14. പരിശുദ്ധാത്മാവ് പൂർണ്ണശക്തിയിൽ രണ്ടാം മനുഷ്യന്റെ മേൽ ആവസി ച്ചു. സ്വർഗ്ഗത്തിൽ ഉള്ളത് മാത്രമാണ് രണ്ടാം മനുഷ്യന്റെ സൃഷ്ടിയിൽ ഉപ യോഗിക്കപ്പെട്ടത്. ഒന്നാം മനുഷ്യനും രണ്ടാം മനുഷ്യനും തമ്മിൽ ധാരാളം പരസ്പര വിരുദ്ധത ഉണ്ടെങ്കിലും അത് പരസ്പര പൂരകവുമാണ്. ഒന്നാം മനുഷ്യനെ വീണ്ടെടുക്കേണ്ടതിന് വേണ്ടിയാണ് രണ്ടാം മനുഷ്യന്റെ സൃഷ്ടി.

ഒന്നാം മനുഷ്യന് സ്വന്തമായ മാംസരക്തവും പാപശാപരോഗവും, രണ്ടാമത്തെ മനുഷ്യന് വഹിക്കേണ്ടത് ഉണ്ടായിരുന്നു. അത് വഹിച്ച് കൊണ്ട് ഒന്നാം മനുഷ്യന്റെ അനുസരണക്കേടിനെ തന്റെ അനുസരണം കൊണ്ട് രണ്ടാം മനുഷ്യൻ തിരുത്തി.

ഒന്നാം മനുഷ്യന്റെ പാപത്താൽ ഉളവായ മരണത്തെ രണ്ടാം മനുഷ്യൻ തന്റെ സ്വശരീരത്തിൽ സ്വീകരിച്ച് താൻ തന്നെ മരണത്തിനധീനനായി. എന്നാൽ അവന്റെ ഉള്ളിൽ ഉണ്ടായിരുന്ന വചനത്തിനും പരിശുദ്ധാത്മാവിനും മരണം ഇല്ലാത്തത് കൊണ്ടും അത് എന്നേക്കും ജീവിക്കുന്നതും ജീവനുള്ളതും ആകകൊണ്ടും താൻ സ്വയം തന്നെ ജീവനെ തിരികെ പ്രാപിച്ചു. മരണത്തിന്റെ അധികാരവും അവകാശവും അവനിലായിരുന്നു. രണ്ടാമത്തെ മനുഷ്യൻ ഒന്നാമത്തെ മനുഷ്യന് വേണ്ടി ദ്രവത്വത്തിൽ വിതക്കപ്പെട്ട് അദ്രവത്വത്തിൽ ഉയർത്തെഴുന്നേറ്റു. അപമാനത്തിൽ വിതക്കപ്പെട്ട് തേജസ്സിൽ ഉയർക്കപ്പെട്ടു. ബലഹീനതയിൽ വിതക്കപ്പെട്ട് ശക്തിയിൽ ഉയർത്തെഴുന്നേറ്റു.

ഒന്നാമത്തെ മനുഷ്യൻ ജീവനുള്ള ആത്മാവ് മാത്രമായിരുന്നപ്പോൾ രണ്ടാമത്തെ മനുഷ്യൻ ജീവിപ്പിക്കുന്ന ആത്മാവ് കൂടിയായിത്തീർന്നു. മണ്ണ്കൊണ്ട് ഉള്ളവരെപ്പോലെ മണ്ണ്കൊണ്ടുള്ളവരും സ്വർഗ്ഗീയനെപ്പോലെ സ്വർഗ്ഗീയന്മാരും ആകുന്നു. നമ്മിൽ ഒരു പ്രാകൃത മനുഷ്യൻ ഉണ്ട്. ആ പ്രാകൃതമനുഷ്യനെ ഉന്മൂലമാക്കി ആത്മീകമനുഷ്യനായി നാം മാറണം. ഒന്നാം മനുഷ്യന്റെ എല്ലാ സ്വഭാവവും അതിന്റെ രാഗമോഹാദികളോടെ ക്രൂശിപ്പിച്ച് രണ്ടാം മനുഷ്യന്റെ സ്വഭാവമായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം നാം നേടണം. ഒന്നാം മനുഷ്യന്റെ മേൽ ദൈവികശുശ്രൂഷ കാര്യമായി ഒന്നും ഇല്ലായിരുന്നു. എന്നാൽ രണ്ടാം മനുഷ്യനിൽ ദൈവികശുശ്രൂഷ അതിന്റെ പൂർണ്ണതയിൽ വെളിപ്പെട്ടു. മരിച്ചവർ ഉയർത്തെഴുന്നേറ്റു, രോഗി

കൾ സൗഖ്യമായി, ഭൂതഗ്രസ്തർ സൗഖ്യമാക്കപ്പെട്ടു, പ്രവാചക ശബ്ദം പുറപ്പെട്ടു. അങ്ങനെ ദൈവിക നിർണ്ണയം, പദ്ധതി വെളിപ്പെട്ടു. രണ്ടാം മനുഷ്യന്റെ പുനരുത്ഥാനശക്തി എല്ലാവരുടെ മേലും പകരപ്പെടുവാൻ ആഗ്രഹിക്കുന്നു. അതിനായി ദൈവസന്നിധിയിൽ ശരണം പ്രാപിക്കാം.

**2003 മെയ് 4.**

**അവൻ തന്റെ മുമ്പിൽ നിൽക്കുന്നവരോട് മുഷിഞ്ഞവസ്ത്രം അവങ്കൽ നിന്ന് നീക്കിക്കളവിൻ എന്ന് പറഞ്ഞു. സെഖ: 3:4.**

മഹാപുരോഹിതനായ യോശുവ മുഷിഞ്ഞ വസ്ത്രം ധരിച്ച് നിൽക്കുകയാണ്. സ്വന്തപാപ ശാപ അകൃത്യങ്ങളും, ജനത്തിന്റെ പാപ ശാപഅകൃത്യങ്ങളും, ശത്രു തന്റെ മലിനത അവന്റെ മേൽ രഹസ്യമായി നിക്ഷേപിച്ചതും കാരണം മഹാപുരോഹിതനായ യോശുവ മുഷിഞ്ഞവസ്ത്രംപേറി നിൽക്കുകയാണ്. മുഷിഞ്ഞ വസ്ത്രം ഇവനിൽ ഉള്ളിടത്തോളം കാലം മഹത്തായ ഒരു ശുശ്രൂഷയ്ക്കായി യോശുവ ഒരുക്കപ്പെടുകയില്ല. ശത്രുവും ഈ കാരണം പറഞ്ഞാണ് ദൈവം അവനിൽ പകരുവാൻ ആഗ്രഹിക്കുന്ന ശുശ്രൂഷയ്ക്കെതിരെ തടസ്സം നിൽക്കുന്നത്. അത് യാഥാർത്ഥ്യം ആണ്. മുഷിഞ്ഞ വസ്ത്രം ആണ് ശുശ്രൂഷയുടെ മുമ്പിൽ തടങ്കൽ പാറ പോലെ നിൽക്കുന്ന ഒരു തടസ്സം.

പക്ഷെ യഹോവയായ ദൈവം അവനെ പരിശോധിച്ചപ്പോൾ മുഷിഞ്ഞ വസ്ത്രം പുറമെയെ ഉള്ളൂ. അകത്ത് മനോഹരമായ വിലയേറിയത് ഒന്ന് കിടക്കുകയാണ്. യഹോവ യോശുവയെ ക്കുറിച്ച് പറഞ്ഞു ''ഇവൻ തീയിൽ നിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ'' വലിയ തീ പോലെയുള്ള പ്രതികൂലങ്ങളെ ഇവൻ കണ്ടവനാണ്. പ്രതികൂലമായി നിന്ന ആ തീയിൽ ഇവൻ വെന്ത് പോകാതെ വലിച്ചെടുക്കപ്പെട്ട ഒരു

കൊള്ളിയായി നിൽക്കുകയാണ്. തീ അവനെ മൂടിക്കളഞ്ഞില്ല. ശത്രു അവനെ മൂടിക്കളയുവാൻ വന്നപ്പോൾ ശത്രുവിനോട് യുദ്ധം ചെയ്തു. അവൻ നില നിന്നു. കുറച്ച് നഷ്ടം അവന് സംഭവിച്ചു. എങ്കിലും ശത്രു വിന് പൂർണ്ണമായി കടിച്ച് കീറുവാൻ കഴിഞ്ഞില്ല.

യോശുവയുടെ മുമ്പോട്ടുള്ള യാത്രക്ക് ശുശ്രൂഷയ്ക്ക് ആ മുഷിഞ്ഞ വസ്ത്രം മുഷിഞ്ഞ ഒരു അനുഭവം പോലെ നിൽക്കുകയാണ്. അത് അവന് സ്വയമേ നീക്കിക്കളയുവാൻ കഴിയുന്നതല്ല എന്ന് മനസ്സിലാ ക്കിയ യഹോവയാം ദൈവം ഒരു കൽപ്പന നൽകുകയാണ്. തന്റെ മുമ്പിൽ തന്നെ ശുശ്രൂഷിച്ച് നിൽക്കുന്ന ദൂതന്മാരോട് യഹോവ പറയുന്നു ''മുഷിഞ്ഞ വസ്ത്രം അവങ്കൽ നിന്ന് നീക്കിക്കളവിൻ'' ദൂതന്മാർ അത് ചെയ്തു. തുടർന്ന് യഹോവ അവനോട് നേരിട്ട് ഇടപെടുകയാണ് ''ഞാൻ നിന്റെ അകൃത്യം പോക്കിയിരിക്കുന്നു. നിന്നെ ഉത്സവവസ്ത്രം ഞാൻ ധരി പ്പിക്കും എന്ന് അരുളി ചെയ്തു''.

തുടർന്ന് യഹോവ ദൂതന്മാരോട് കൽപ്പിക്കുകയാണ്. അവന്റെ തലയിൽ വെടിപ്പുള്ള ഒരു മുടി വയ്ക്കട്ടെ. വെടിപ്പുള്ള മുടിയും ഉത്സവ വസ്ത്രവും അവന്റെ മേൽ ദൂതന്മാർ ധരിപ്പിച്ചു. മഹാപുരോഹിതനായ യോശുവ രാജമുടി ധരിച്ച് മാന്യതയുള്ള ഒരു ശുശ്രൂഷകനായിത്തീർന്ന് ദൈവത്തെ ശുശ്രൂഷിക്കുവാൻ യോഗ്യനായിത്തീർന്നു.

**മെയ് 11.**

''മല പോലും വീണ് പൊടിയുന്നു. പാറ പോലും സ്ഥലം വിട്ട് മാറുന്നു'' ഇയ്യോബ് : 14:18.

രണ്ട് വിഷയമാണ് എതിരെ നിൽക്കുന്നത്. മല, പാറ. വേഗത്തിൽ

മാറുന്നതും നീങ്ങിപ്പോകുന്നതും അല്ല അത്. കഠിനയത്നം തന്നെ വേണ്ടി വരികയാണ്. ഇത് രണ്ടും യാത്രയുടെ മുമ്പിൽ തടസമായി നിൽക്കുന്നു. അതുകൊണ്ട് തന്നെ യഹോവ ആ വിഷയത്തിന്മേൽ നേരിട്ട് ഇടപെടുക യാണ്. അതിനായി ആലോചന പകർന്നു.

1. മല വീണ് പൊടിയുന്നു
2. പാറ സ്ഥലം വിട്ട് മാറുന്നു.

യഹോവ മലയോട് , അഭിഷിക്തനെതിരെയുള്ള ദുഷ്ടശക്തി യോട് നേരിട്ട് ചോദിക്കുകയാണ് ''സെരുബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ നീ ആർ? നീ സമഭൂമിയായിത്തീരും'' യഹോവയുടെ ഒറ്റ ശാസനയാൽ മഹാപർവ്വതമായി നിന്ന വിഷയം സമഭൂമിയായി മാറി.

രണ്ട്, പാറ ശത്രുവിന്റെ രൂപത്തിൽ നിന്ന് പറയുകയാണ്. ഞാൻ ഇവിടം വിട്ട് മാറുകയില്ല എന്ന്. അത് യഹോവയായ ദൈവത്തിന്നറിയാം. അതുകൊണ്ട് തന്റെ രൂപഭാവാധികൾക്ക് ഒരു മാറ്റം വരുത്തി പുനരുത്ഥാ നശ്കതി പ്രാപിച്ച് വെളിപ്പെടുകയാണ്.

കല്ലറയ്ക്കകത്ത് പടയാളികളാൽ അവൻ അടയ്ക്കപ്പെട്ടു കിട ക്കുകയാണ്. അവന്റെ കൂടെയുള്ളവർ നിസഹായകരായി കല്ലറയ്ക്ക് പുറത്ത് നിൽക്കുകയാണ്. എന്നാൽ ദൈവശക്തി, പുനരുത്ഥാനശക്തി, പരിശുദ്ധാത്മ ശക്തി കല്ലറയേയും പാറയേയും ഭേദിച്ച് കർത്താവിന്റെ ശരീരത്തിന്മേൽ നിഴലിട്ടു. കർത്താവ് പുനരുത്ഥാനശക്തി പ്രാപിച്ച് എഴു ന്നേറ്റു. സ്ഥലം വിട്ട് മാറുകയില്ല എന്ന് പറഞ്ഞ് നിന്ന പാറ നിന്ന് വിറ യ്ക്കുകയാണ്.

പുനരുത്ഥാനശക്തി പ്രാപിച്ച് നിൽക്കുന്ന കർത്താവിനെ ശുശ്രൂ

ഷിച്ച് നിൽക്കുന്ന ദൂതന്മാരിൽ ഒരുവൻ സ്ഥലം വിട്ട് മാറുകയില്ല എന്ന് പറഞ്ഞ് നിന്ന പാറയെ ഉരുട്ടിമാറ്റി. ഒരു വലിയ തുടക്കത്തിന് അത് കാരണമാകുകയാണ്.

**2003 മെയ് 18.**

ദൈവികശുശ്രൂഷയോട് ബന്ധപ്പെട്ട യാത്രകൾക്ക് തുടക്കമായി. ഒമാൻ ദേശത്തേക്ക് ശുശ്രൂഷയോടുള്ള ബന്ധത്തിൽ പോകുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ശരിയായി. നിരവധി തടസ്സവും തളർച്ചയും നിരാശയും ശത്രുപോരും യാത്രക്ക് തടസ്സമായി നിന്നെങ്കിലും യാത്രയെ തടയുവാൻ ശത്രുവിന് കഴിഞ്ഞില്ല. അവന് പോരാടുവാനും തോൽക്കുവാനും ആണ് നിയോഗം. എനിക്ക് പോരാടുവാനും ജയിക്കുവാനും ആണ് ദൈവം നിയോഗം തന്നത്. ഒരു വലിയ യുദ്ധക്കളത്തിലേക്കാണ് പോകുന്നത്. വലിയ തയ്യാറെടുപ്പുകൾ വേണം. വേഗത്തിൽ എല്ലാ കാര്യങ്ങളും ചെയ്യുകയും വേണം. സകലത്തിലും ദൈവത്തെ ശരണം പ്രാപിക്കയല്ലാതെ മറ്റൊരു നിവൃത്തിയുമില്ല. ഇബ്രിയിൽ ശുശ്രൂഷ ഉണ്ട് എന്ന് പരിശുദ്ധാത്മാവ് ആലോചന തന്നിരുന്നു. വലിയ ഒരു മത്സ്യത്തെ അവിടെ നിന്ന് കൊണ്ടു വരുന്ന വെളിപ്പാടും ദൈവം കാണിച്ചിരുന്നു. ദൈവം അത് ചെയ്യട്ടേ. ദൈവത്തിനായി കാത്തിരിക്കാം.

**മെയ് 25.**

ഒമാൻ ദേശത്തേക്ക് പോകേണ്ടുന്നതിനാവശ്യമായ എല്ലാം ശരിയായി. വിസ, ടിക്കറ്റ്,പോകേണ്ടുന്ന തീയതി,താമസസൗകര്യം എല്ലാം. ഇനി അവിടെ ചെന്നാൽ മാത്രം മതി. യാതൊരുവിധ പരിചയവും ഇല്ലാത്ത മണ്ഡലം. ഒന്നും അറിയില്ല. 26–ാം തീയതി യാത്ര ആകുകയാണ്. 30–ാം തീയതി വരെ ഒരു ശുശ്രൂഷയ്ക്കും പോകരുത് എന്ന് പരിശുദ്ധാത്മാവ്

ആലോചന പറയുകയാണ്. അനുസരിച്ചേ മതിയാകൂ. വേഗത്തിൽ ഒന്നും ചെയ്യുവാൻ അനുവാദം ഇല്ല. ദേശത്തെ പഠിക്കുവാൻ ദൈവം തരുന്ന സമയമാണിത്. ദേശത്തെ ശത്രുവിന്റെ പോരാട്ടരീതി, അഭിഷിക്തന്മാർക്ക് എതിരെയുള്ള കെണി, അന്യായമണ്ഡലത്തിൽ നിന്ന് വ്യവസ്ഥയ്ക്ക് വിരോധമായിഎഴുന്നേൽക്കുന്ന പോരുകൾ തുടങ്ങിയവ മനസ്സിലാക്കുവാൻ ദൈവം തരുന്ന സമയം.

## ജൂൺ 1.

ദൈവം പറഞ്ഞത് പോലെ 30 – ാം തീയതി വരെ പ്രാർത്ഥിച്ച് ശുശ്രൂഷയ്ക്കായി കാത്തിരുന്നു. 30 – ാം തീയതി രാവിലെ തന്നെ ശുശ്രൂഷയ്ക്കുള്ള ക്ഷണം ലഭിച്ചു. വേഗത്തിൽ ഒരുങ്ങി. അനുഗ്രഹിക്കപ്പെട്ട ഒരു കൂട്ടത്തിന്റെ നടുവിൽ ആദ്യമേ നിൽക്കുവാൻ ദൈവം കൃപ തന്നു.

ശുശ്രൂഷ ആരംഭിച്ച ഉടനെതന്നെ ശത്രു പോരാട്ടവും തുടങ്ങി. വലിയ ഒരു ഘന ഗാംഭീര്യ സ്വഭാവം പ്രാപിക്കും എന്ന് പരിശുദ്ധാത്മാവ് വെളിപ്പാടിലൂടെ ആലോചന തന്നു. ആത്മീയ നിലവാരത്തെ ദൈവം കാണിച്ച് തന്നു. ആരാധനയിലും പ്രാർത്ഥനയിലും സംഭവിച്ച തളർച്ചകൾ ദൈവം കാണിച്ച് തന്നു. ദൈവം ആഗ്രഹിക്കുന്നത് പോലെയായിത്തീരുവാൻ ദൈവം തന്നെ വഴികൾ തുറക്കുകയാണ്. ദൈവം തുറന്ന വഴികൾക്കായി സ്തോത്രം.

## ജൂൺ 8.

ജൂൺ6 – ാം തീയതി മറ്റൊരു സ്ഥലത്തേക്ക് ദൈവം അയച്ചു. രാവിലേയും വൈകുന്നേരവും പ്രാർത്ഥന ഉണ്ടായിരുന്നു. രാവിലെ സമയത്ത് ആരാധന വെളിപ്പെടുവാൻ ദൈവം സഹായിച്ചു. വൈകുന്നേരം ദൈവി

കാലോചനയും ദൈവം വെളിപ്പെടുത്തി. വളരെ വിശ്വസ്തനായ ഒരു ശുശ്രൂഷകനെ അവിടെ കാണുവാൻ കഴിഞ്ഞു. വചനത്തിൽ നല്ല ജ്ഞാനം ഉള്ള ആ ദൈവദാസനുമായി ചില കാര്യങ്ങൾ സംസാരിക്കുവാൻ കഴിഞ്ഞത് ഒരു ഭാഗ്യം തന്നെ. ക്രിസ്തീയ സ്വാതന്ത്രത്തിന്റെയും ദൈവത്തിന്റെ സൗമ്യത എന്ന വിഷയത്തിലും പുതിയ ജ്ഞാനമേറിയ ആലോചന ലഭിച്ചു.

**ജൂൺ 15.**

ഒരു ഭവനത്തിലേക്ക് ക്ഷണം ലഭിച്ചു. നിരവധി തളർച്ചകളും നിരാശകളും നേരിട്ട ഒരു കുടുംബം. നിത്യഞ്ഞരക്കം അവർ അനുഭവിക്കുന്നുണ്ടായിരുന്നു. വാഗ്ദങ്ങൾ ഉള്ളവർ. അനേക വിഷയങ്ങളെക്കുറിച്ച് അറിവില്ലാത്ത കുടുംബം. എങ്കിലും വിശ്വസ്തരാണ്. ദൈവം അവരെ വിടുവിച്ചു. നിത്യഞ്ഞരക്കത്തിന്റെ സ്ഥാനത്ത് ഒരു അഭിഷിക്തജനനം നടക്കും എന്ന് പരിശുദ്ധാത്മാവ് ആലോചന നൽകി. പ്രധാന ശുശ്രൂഷയിലേക്ക് ദൈവം ഒരുക്കികൊണ്ടിരിക്കുന്നത് പോലെ ചില അനുഭവങ്ങൾ വെളിപ്പെടുന്നു. ജ്ഞാനമണ്ഡലത്തിലേക്ക് കാൽ എടുത്ത് വയ്ക്കുന്നത് പോലെ. ശരീരത്തിന്മേൽ വല്ലാത്ത ക്ഷീണം. നടക്കുവാൻ പോലും കഴിയുന്നില്ല. ഇവിടെ അദ്ധ്വാനിക്കുന്ന ജനത്തിന്റെ കഷ്ടത പറഞ്ഞാൽ ആർക്കും മനസ്സിലാകുകയില്ല. അനുഭവിച്ച് അറിയുമ്പോഴേ ഇവിടത്തെ കഷ്ടത ബോദ്ധ്യപ്പെടുകയുള്ളൂ. തകർന്ന നിരവധി വ്യക്തിത്വങ്ങൾ ഇവരെ എങ്ങനെ ആശ്വസിപ്പിക്കും.

**ജൂൺ 22.**

അൽപം ആശ്വാസം ലഭിച്ച ഒരു ആഴ്ച. ദൈവത്തിന്റെ ഒരു പോരാളിയാണ് ഇവിടുത്തെ ശുശ്രൂഷകൻ. ശത്രുവിനോട് ഒരു വിട്ട് വീഴ്ചക്കും തയ്യാറല്ലാത്ത വ്യക്തി. നിരവധി ശത്രു പോരിനെ കീഴ്പെടു

ത്തിയ വ്യക്തി. ശത്രു വല്ലാതെ തളർത്തിക്കളഞ്ഞു. ഒന്ന് നേരാം വണ്ണം ശ്വസിക്കുവാൻ, സന്തോഷിക്കുവാൻ, ശുശ്രൂഷിക്കുവാൻ കഴിയാതെ ഞെരുങ്ങുന്നു. എങ്ങനെ ഇത് കണ്ട് നിൽക്കും. ശത്രുവിനോട് പോരാടുവാൻ തന്നെ തീരുമാനിച്ചു.

അഭിഷിക്തൻ അനുഭവിക്കുന്ന തളർച്ച ഏറ്റെടുത്തു. രാപകലില്ലാതെ ഓരോ വിഷയത്തിന്മേലും ജയം നേടുവാൻ ശ്രമിച്ചു. ദൈവം ലജ്ജിപ്പിച്ചില്ല. ഒരു നാളും ലജ്ജിപ്പിക്കുവാൻ ദൈവം സമ്മതിക്കുകയില്ല. മനസ്സിലാക്കാൻ കഴിയാതിരുന്ന നിരവധി വിഷയങ്ങൾ. ആധികാരികമായി ശുശ്രൂഷിക്കുവാൻ പരിശുദ്ധാത്മാവ് പറഞ്ഞു. സഭയ്ക്കകത്ത് വചനം എന്ന വാൾ ഉപയോഗിച്ച് വെട്ടുവാൻ പറഞ്ഞു. അനുസരിക്കാതെ നിവൃത്തിയില്ല. വെളിപാടുകളിലൂടെ ശത്രുപോരിന്റെ ആഴം ദൈവം വെളിപ്പെടുത്തി. ശത്രു കെട്ടിയ കെട്ട് അഴിഞ്ഞ് മാറുന്നത് പോലെ ഒരു അനുഭവം. ശത്രു നിന്ദിച്ച് കീറിയ നിരവധി മണ്ഡലങ്ങൾ. എങ്ങനെ ഇത് സഹിക്കും. നേരിടുക തന്നെ. ആത്യന്തകവിജയം അഭിഷിക്തഗണത്തിന് തന്നെ. പിന്നെയെന്തിന് ഭയപ്പെടണം. യുദ്ധം ചെയ്യുക തന്നെ.

**ജൂൺ29.**

ദൈവം ജയം തന്ന ദിനങ്ങൾ, ആഴമേറിയ ആലോചനകൾ വെളിപ്പെട്ടു. ദൈവം തന്റെ ജനത്തെ ആശ്വസിപ്പിച്ചു. ആരാധന വെളിപ്പെട്ടു. ഒരു സ്വാതന്ത്രത്തിലേക്ക് കാൽ എടുത്ത് വച്ചത് പോലെ ചിറക് നഷ്ടപ്പെട്ട പക്ഷിക്ക് വീണ്ടും ചിറക് ലഭിച്ച് അത് പറന്നത് പോലെ. ദൈവം തന്റെ വിശ്വസ്തത വെളിപ്പെടുത്തിയ ദിനങ്ങൾ. ശരീരത്തിന്റെ ക്ഷീണം മാറിവരുന്നു. ചെറിയ നിരാശകൾ വന്നു എങ്കിലും ഞാൻ വിശ്വസ്തനാണ് എന്ന് ദൈവം പറഞ്ഞു. എന്നെ സംബന്ധിച്ചിടത്തോളം ആശ്വാസത്തിന് അതുമതി. അറിവില്ലാതെ സംസാരിച്ച് ദോഷം ഉണ്ടാക്കുവാൻ ചിലരെ ശത്രു ഉപ

യോഗിക്കുവാൻ നോക്കി. ശത്രുപോര് വിജയിച്ചില്ല. പൂർണ്ണ വിജയം ആഗ്രഹിച്ചത് പോലെ ആരംഭത്തിൽ എനിക്ക് ലഭിച്ചും ഇല്ല. എങ്കിലും പരിസമാപ്തി കുറിക്കുന്ന ദൈവം എല്ലാ വിഷയത്തിലും ഇടപെടും. ദോഷമണ്ഡലത്തിന്മേൽ ഒരു ജയം പകരും.

**ജൂലൈ 6**

ഒരു വലിയ കൂട്ടത്തിന്റെ മുമ്പിൽ ദൈവം അയച്ചു. അറിവില്ലാതെ ആലോചനയെ മറിച്ച് കളയുന്നത് ദുഷ്ടന്റെ പദ്ധതിയാണ്. അന്യായമായ പോര് സഹിച്ച ഒരുകൂട്ടം. ശരിക്കും അവർ തളർന്ന് പോയി. ഒരു പ്രവാസത്തിലേക്ക് പ്രവേശിച്ചത് പോലെ അവർ അപമാനിക്കപ്പെട്ടു. തള്ളപ്പെട്ടു. പിച്ചി ചീന്തപ്പെട്ടു. ആർ അവരെ വീണ്ടും പണിയും. ആർ അവരെ ആശ്വസിപ്പിക്കും. അന്യായമായ ഈ നിന്ദ എത്രനാൾ സഹിച്ച് നിൽക്കുവാൻ ഇവർക്ക് കഴിയും. ജഢികബുദ്ധിയും അഹങ്കാരമണ്ഡലവും താൻ പ്രമാണിത്തവും, അറിവിൽ ശുഷ്കമായ മണ്ഡലവും സഭയെ തളർത്തി. പരിശുദ്ധ ആലോചനക്ക് സ്ഥാനമില്ല. വ്യവസ്ഥയ്ക്ക് വിരുദ്ധമായ അടിമമേലാളിത്ത കോയ്മകൾ സഭയെ നശിപ്പിച്ച് കളഞ്ഞു. ജ്ഞാനമേറിയ ശുശ്രൂഷയും ആലോചനയും ദൈവം വെളിപ്പെടുത്തി. നിസാരനാക്കുവാൻ ചിലർ ശ്രമിച്ചു. വളരെ വലിയ ജ്ഞാനികൾ മറഞ്ഞ്കിടക്കുന്ന ഒരു സഭ. ആരും അവരെ പരിഗണിക്കുന്നില്ല. പുറം പറമ്പിൽകിടക്കുന്നത് പോലെ അവർ ജീവിക്കുന്നു. ഇത്രയൊക്കെ അപമാനിക്കപ്പെട്ടിട്ടും, തകർക്കപ്പെട്ടിട്ടും അവർ എങ്ങനെ പിടിച്ച് നിന്നു. അത്ഭുതം തന്നെ. അത്കൊണ്ട് തന്നെ അവരുടെ ശുശ്രൂഷയും ഒരു അത്ഭുത വിഷയമായിരിക്കും. ദൈവം അവരെ ആശ്വസിപ്പിക്കട്ടേ. വലിയ സ്നേഹബഹുമാനം ലഭിച്ച ആഴ്ചകൾ.

**ജൂലൈ 13.**

കാഠിന്യമേറിയ ചില പരുക്കൻ ദൂതുകൾ പറയേണ്ടിവന്ന ദിന

ങ്ങൾ. പറയാതിരിക്കുവാൻ കഴിയില്ല. അത്രയ്ക്ക് ജഢമയം നിറഞ്ഞ് നിൽക്കുകയാണ്. ജഢിക അട്ടഹാസങ്ങൾ തിരമാലകൾ പോലെ ഒന്നിന് പുറകേ ഒന്നായി കയറി വരികയാണ്. ജഢിക അഹങ്കാരം സഭയിൽ കൊടികുത്തി വാഴുന്നു. അഹങ്കാരികളുടെ ഒരു നിര. പണത്തിന്റെ അഹ ങ്കാരം അവരിൽ പറ്റിപ്പിടിച്ച് നിൽക്കുന്നു.

കൽക്കൂട്ടത്തിന് ഇടയിൽ കുടുങ്ങി നശിച്ച് പോകാതെ ഇരിക്കു വാൻ പ്രാർത്ഥിക്കണം എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു. ശത്രു ആഴത്തിൽ ഒരു വലിയ പോരിന് കളം ഒരുക്കി തുടങ്ങിയ ദിനങ്ങൾ. ആരംഭത്തിൽ ആ പോര് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ഒരു ദുഷിച്ച പോര്, അകത്ത് നിന്നും പുറത്ത് നിന്നും, അഭിഷേകം നഷ്ടപ്പെട്ടവരിൽ നിന്നും അഭിഷേകം ഇല്ലാത്തവരിൽ നിന്നും പൈശാചികജഢിക പ്രകൃതി ഒന്നിച്ച് നിൽക്കു വാൻ കഴിയില്ല. ഒന്നും അറിയില്ല എങ്കിലും എല്ലാം അറിയാം എന്ന ധാരണ തന്റെ ജ്ഞാനമാണ് ശരി. അല്ലാതെ ഉള്ളതെല്ലാം പൊള്ളയാണ് എന്ന ചിന്ത. ജഢികബുദ്ധി മണ്ഡലത്തിൻ കീഴിൽ ഓടുന്നവനാണ് ഒരു ആത്മീകന്റെ ഏറ്റവും വലിയ ശത്രു. പൈശാചികവും ജഢവും അവനിൽ ഒരുമിച്ച് സമ്മേളിക്കും. ശത്രു വെല്ലുവിളിച്ച് തന്നെ നിന്നു. അത് ഒരു പുതിയ അനു ഭവം അല്ലല്ലോ. ശത്രു എപ്പോഴും അങ്ങനെയാണ്. എങ്കിലും ഇത്ര കാഠി ന്യമായി ഇടപെടും എന്ന് ചിന്തിച്ചില്ല. പക്ഷെ ദൈവം എല്ലാം നേരത്തേ അറിഞ്ഞു. തന്റെ ഭക്തന്മാർക്ക് അത് വെളിപ്പെടുത്തി തന്റെ ജനത്തെ സൂക്ഷിച്ചു.

**ജൂലൈ 20.**

ശത്രു ആൾരൂപമായി തന്നെ എഴുന്നേറ്റു. അവൻ താണ്ഢവനൃ ത്തമാടി. തന്റെ ജനത്തെ അവൻ തകർത്തു. പ്രാണന്റെ മേൽ ശത്രുവിന് അധികാരം ഇല്ലാത്തത് കൊണ്ട് അത് നടന്നില്ല. ശംഖ് നാദം മുഴക്കി ശത്രു

യുദ്ധം പ്രഖ്യാപിച്ചു. കാഹളനാദം മുഴക്കി ഞാനും യുദ്ധം പ്രഖ്യാപിച്ചു.

ശത്രുവിന്റെ സ്വഭാവം ദൈവം കാണിച്ചുതന്നു. രഹസ്യഗൂഢഭാവം, രഹസ്യഗൂഢ നീക്കം സംഭവിച്ച് കഴിയുമ്പോഴേ അറിയൂ. പക്ഷെ ദൈവം അവന്റെ ഗൂഢനീക്കത്തെ നേരത്തേ കാണിച്ച് തന്നു. അത് കൊണ്ട് തന്നെ അതിന്മേൽ ജയവും ലഭിച്ചു. നിരവധി രഹസ്യ ഗൂഢനീക്കം ശത്രു നടത്തി. ദൈവം ഓരോന്നായി വെളിപ്പെടുത്തി. വീണ്ടും ചില കരുനീക്കങ്ങൾ അവൻ നടത്തുകയാണ്. വളരെ ജാഗരൂകനായി നിന്നില്ലെങ്കിൽ വലിയ തളർച്ച ജീവിതത്തിൽ നേരിടും. തളരുവാൻ ദൈവം സമ്മതിക്കുകയില്ല. ദൈവം ഉണർത്തുന്ന ദിനങ്ങൾ വരികയാണ്.

**ജൂലൈ 27.**

ഒമാനിലെ രണ്ട് മാസത്തെ ശുശ്രൂഷ തീർന്ന് സ്വദേശത്ത് എത്തുവാൻ ദൈവം സഹായിച്ചു. നിരവധി ശുശ്രൂഷാ വാതിലുകൾ തുറക്കുന്ന വെളിപ്പാടുകൾ ദൈവം കാണിച്ചു. ദൈവത്തിന്റെ സമയത്ത് അത് തുറക്കട്ടേ. ശത്രുപദ്ധതിയെ തകർത്ത് ദൈവപദ്ധതി വെന്നിക്കൊടി നാട്ടുന്ന ദിനങ്ങൾക്കായി സ്തോത്രം. ദാവീദിനെ വനാന്തരത്തിൽ സൂക്ഷിച്ച അതേ ദൈവം സൂക്ഷിക്കുവാൻ വിശ്വസ്തൻ. ശത്രുവിന് കീറിക്കളയുവാൻ ദൈവം വിട്ട് കൊടുക്കുകയില്ല. നിരവധി തളർച്ചയും തകർച്ചയും നിരാശയും കഠിനാദ്ധ്വാനവും നേരിട്ടത് നശിക്കുവാൻ വേണ്ടിയല്ല. ദൈവത്താൽ ഉപയോഗിക്കപ്പെടുവാൻ വേണ്ടിയാണ്. ഒളിച്ചിരുന്ന് തകർത്ത് കളയുവാൻ ശത്രു പദ്ധതി ഒരുക്കി. ദൈവിക സംരക്ഷണത്തിനായി സ്തോത്രം.

## ആഗസ്റ്റ് 3.

നീണ്ട മാസങ്ങൾക്ക് ശേഷം ബാംഗ്ലൂരിന് വന്ന ദിനം. എന്തോ ഒരു ആശ്വാസം. എവിടെ നിന്നോ വരുന്നു. നല്ല ആത്മീയ ജീവിതത്തിനും ആത്മീയ വളർച്ചക്കും ബാംഗ്ലൂർ എന്ത് കൊണ്ടും നല്ലത് തന്നെ. എല്ലാ അസ്വസ്ഥതകൾക്കും ഒരു അവധിയായത് പോലെ, ചില വിഷയങ്ങൾക്ക് പരിഹാരം വന്നത് പോലെ.

ഇനി പ്രാർത്ഥിച്ച് ദൈവസന്നിധിയിൽ ഇരിക്കണം. പരിഹരിക്കപ്പെടേണ്ട നിരവധി വിഷയങ്ങളുടെ മേൽ ഒരു ജയം വേണം. ശത്രു പദ്ധതി മനസ്സിലാക്കേണ്ടതുണ്ട്. അല്ലെങ്കിൽ നിരാശപ്പെട്ട് തളർന്ന് പോകും. ‘‘പർവ്വതങ്ങളേ നിങ്ങൾ മുട്ടാടുകളെപ്പോലെയും, കുന്നുകളേ നിങ്ങൾ കുഞ്ഞാടുകളെപ്പോലെ തുള്ളുന്നത് എന്ത്?’’ സങ്കീ : 114: 6. പർവ്വതങ്ങളായി, കുന്നുകളായി തന്റെ ജനത്തിന്റെ മുമ്പിൽ ഭയപ്പെടുത്തി നിന്ന ചില വ്യക്തികൾ മുട്ടാടുകളെപ്പോലെയും കുഞ്ഞാടുകളെപ്പോലെയും തുള്ളുന്ന, സന്തോഷിക്കുന്ന ദിനങ്ങൾ ദൈവം തരുവാൻ പോകുന്നതിനായി സ്തോത്രം.

## ആഗസ്റ്റ് 10.

‘‘അൽപകാര്യങ്ങളുടെ ദിവസത്തെ ആർ തുച്ഛീകരിക്കുന്നു’’ സെഖര്യാവ് : 4: 10.

പർവ്വതങ്ങൾ പോലെ ഭയപ്പെടുത്തി നിന്ന ചില വിഷയങ്ങൾക്ക് ഒരു ശമനം വരുന്നത് പോലെ അനുഭവപ്പെടുന്നു. അൽപകാര്യങ്ങൾ എന്ന് ചിന്തിക്കുന്ന ചില വിഷയങ്ങൾ വലിയ ഒരു പ്രവൃത്തിയുടെ ആരംഭമാകുമെന്ന് പരിശുദ്ധാത്മാവ് ആലോചന പറയുന്നു. നിരവധി വിഷയങ്ങളിൽ

ഒരു ക്രമീകരണവും പരിഹാരവും ഈ നാളുകളിൽ വെളിപ്പെടേണ്ടതുണ്ട്. അത് ദൈവം തന്നെ ചെയ്ത് എടുക്കുവാൻ പോകുന്ന ദിനങ്ങൾക്കായി സ്തോത്രം.

**ആഗസ്റ്റ് 17.**

ശത്രുവിന്റെ പല്ലിന് ഇരയായി തന്റെ ജനത്തെ ദൈവം വിട്ട് കൊടുക്കുമോ. ദാവീദിനെ മുടിച്ച് കളയുവാൻ കൊന്നുകളയുവാൻ ശത്രു പദ്ധതിയിട്ടു. ദൈവം ശത്രുവിനെ തകർത്ത് കളഞ്ഞു. അവന് വീണ്ടും എഴുന്നേൽക്കുവാൻ കഴിയാത്ത രൂപത്തിൽ ദൈവകരം ഭാരമായി അവന്റെ മേൽ വീണു. ശത്രുവിനെ ദൈവം ബന്ധിച്ചു. അവന് എന്തെല്ലാം പദ്ധതിയായിരുന്നു. തകർക്കണം, അപമാനിക്കണം, ഭിന്നിപ്പിക്കണം അങ്ങനെ നിരവധി പദ്ധതികൾ. ദൈവം അതെല്ലാം തകർത്ത് കളഞ്ഞു. അവന്റെ കരത്തെ ദൈവം ബന്ധിച്ചു. കാലിനെ ദൈവം ബന്ധിച്ചു. സംസാരത്തെ, ബുദ്ധിയെ, തീരുമാനത്തെ, ദുഷ്ടപദ്ധതിയെ ദൈവം ബന്ധിച്ച് കളഞ്ഞു. അവന്റെ വൈരാഗ്യബുദ്ധി, ജഢികാഹങ്കാരം ദൈവം വെട്ടിക്കളഞ്ഞു. ഇസ്രയേലിന്റെ പരിപാലകനും യുദ്ധവീരനുമായ യഹോവയോടാണ് ഏറ്റ് മുട്ടുന്നത് എന്ന് ശത്രുവിന് മനസ്സിലായില്ല. ദൈവം തന്റെ അഭിഷിക്തഗണത്തെ സൂക്ഷിച്ചു. ശത്രുവിന്റെ പല്ലിന് ഇരയായി തന്റെ ജനത്തെ ദൈവം വിട്ട് കൊടുത്തില്ല. നന്ദി ദൈവമേ നന്ദി. കോടി കോടി സ്തോത്രം.

**ആഗസ്റ്റ് 24**

ദൈവം തന്റെ ജനത്തെ സംരക്ഷിച്ചില്ലെങ്കിൽ അവർ സംരക്ഷിക്കപ്പെടുകയില്ല. കഴിഞ്ഞ കുറേ നാളുകളിലെ ഓരോ കാര്യങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്ന ഒരു വസ്തുത ദൈവകരം തന്റെ ജനത്തിന് ഒരു സംരക്ഷണ സങ്കേതം ആണ്. ‘‘അവൻ നിന്ന് ഭൂമിയെ കുലുക്കുന്നു.

അവൻ നോക്കി ജാതികളെ ചിതറിക്കുന്നു. ശാശ്വതപർവ്വതങ്ങൾ പിളർന്ന് പോകുന്നു. പുരാതന ഗിരികൾ വണങ്ങി വീഴുന്നു. അവൻ പുരാതന പാതകളിൽ നടക്കുന്നു'' Habakkuk: 3:6.

ദൈവം തന്റെ പ്രവൃത്തിക്ക് വേണ്ടി കരം ചലിപ്പിക്കുമ്പോൾ ഭൂമിയും ഭൂമിയിലെ ജനങ്ങളും ഭയപ്പെട്ട് കുലുങ്ങും. ജാതീയശക്തികൾ ചിതറി അഴിഞ്ഞ് പോകും. ശാശ്വത പർവ്വതങ്ങൾ അഭിഷിക്ത ജനത്തിനെതിരെ നിൽക്കുന്ന, സെരുബാബേലിനെ മുമ്പോട്ട് വിടുകയില്ല എന്ന് പറഞ്ഞ് നിൽക്കുന്ന പർവ്വതങ്ങൾ, പിളർന്ന് പോകുന്ന ദിനങ്ങൾ, പുരാതന ഗിരികൾ, ജാതീയശക്തി കോട്ടകൾ യഹോവയുടെ ശക്തിക്ക് കീഴിൽ വണങ്ങി നിൽക്കുന്ന ദിനങ്ങൾ. തന്റെ ജനത്തിന് വേണ്ടി ദൈവം പുരാതനമേ ഒരുക്കിയ പാതകൾ തെളിഞ്ഞ് വരുന്ന ദിനങ്ങൾ. ദൈവിക നന്മ വലിയ അളവിൽ വെളിപ്പെടും എന്ന് പരിശുദ്ധാത്മാവ് ആലോചന തരികയാണ്. അത് ദൈവം തന്നെ നിവൃത്തീകരണത്തിൽ വരുത്തുന്ന നാളുകൾക്കായി സ്തോത്രം.

## ആഗസ്റ്റ് 31.

''യേശു അവരോട്: ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു. സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം മോശയല്ല നിങ്ങൾക്ക് തന്നത്. എന്റെ പിതാവത്രേ സ്വർഗ്ഗത്തിൽ നിന്നുള്ള സാക്ഷാൽ അപ്പം നിങ്ങൾക്ക് തരുന്നത്.''യോഹന്നാൻ : 6: 32.

മരുഭൂമിയിൽ മോശ മുഖാന്തരം ഇസ്രയേൽ ജനത്തെ ദൈവം നടത്തി. ജനത്തിനാവശ്യമായ നന്മ, സംരക്ഷണം, മുമ്പോട്ടുള്ള വഴി എല്ലാം മോശ മുഖാന്തരം അത്രേ ദൈവം നൽകിയത്. പാറയിൽ നിന്ന് വെള്ളം നൽകിയത്, കാടപക്ഷികളെ നൽകിയത്, രാവിലെതോറും മന്ന നൽകി

യത് എല്ലാം മോശ മുഖാന്തരം ആയിരുന്നു. ജനം ചിന്തിച്ചതും ചിന്തിക്കുന്നതും മോശയുടെ അത്ഭുത സിദ്ധിയാണ് ഇതെല്ലാം ലഭിക്കാൻ കാരണം എന്ന്. മോശ മുഖാന്തരം നൽകിയ ന്യായപ്രമാണവും മോശയുടെ ഓരോ കാര്യങ്ങളേയും പിടിച്ച് കർത്താവായ യേശുവിനേയും തന്റെ അഭിഷിക്ത ശുശ്രൂഷയേയും തിരസ്കരിക്കുവാനും യഹൂദന്മാർ ശ്രമിച്ചപ്പോൾ കർത്താവ് അവരോട് പറയുകയാണ് മരുഭൂമിയിൽ നിങ്ങളുടെ പൂർവ്വ പിതാക്കന്മാർക്ക് മന്ന നൽകിയത് മോശയല്ല. എന്റെ പിതാവാണ് നിങ്ങൾക്ക് അത് നൽകിയത്. മോശയെ ആ സമയത്ത് ഒന്ന് മുഖാന്തരമാക്കി എന്ന് മാത്രം. ന്യായപ്രമാണം നൽകിയതും ജനത്തെ സംരക്ഷിച്ചതും മോശയല്ല എന്റെ പിതാവ് ആണ് എന്ന് യേശു സ്പഷ്ടമായി പറയുകയായിരുന്നു.

ദൈവിക ശുശ്രൂഷയോടുള്ള ബന്ധത്തിൽ ആയിരിക്കുന്ന ശുശ്രൂഷകർക്ക് ദശാംശത്തിൽ നിന്നോ, സ്വന്തം വരുമാനത്തിൽ നിന്നോ ഒരു നന്മ നൽകുമ്പോൾ ജനം പറയേണ്ടത് ഇങ്ങനെയാണ്. എന്റെ പിതാവായ ദൈവം എനിക്ക് തന്ന നന്മയിൽ നിന്ന് ഒരംശം എന്റെ പിതാവിന്റെ ശുശ്രൂഷ ചെയ്യുന്നവർക്ക് നൽകുന്നത് എന്റെ കടമയാണ്. കാരണം എനിക്ക് ലഭിച്ചതെല്ലാം ദാനമാണ്. അദ്ധ്വാനിക്കുവാൻ ദൈവം ആരോഗ്യം തന്നത് കൊണ്ട് അദ്ധ്വാനിച്ച് പണം ഉണ്ടാക്കുന്നു. ദൈവം ബുദ്ധിയും കഴിവും ജോലിയും ബിസിനസ്സും നൽകിയത് കൊണ്ട് അതിൽ നിന്ന് ലഭിക്കുന്നതിന്റെ ഒരംശം എന്റെ ദൈവത്തിന്റെ ശുശ്രൂഷ ചെയ്യുന്നവർക്ക് നൽകുന്നു എന്ന് പറയേണം. വചനാനുസരണത്തിലും വിശ്വസ്തതയിലും നിന്ന് കൊണ്ട് ദൈവികശുശ്രൂഷയെ ധനം ഉപയോഗിച്ചോ പ്രാർത്ഥനയിലോ ആർ സഹായിച്ചാലും സ്വർഗ്ഗസ്തനായ ദൈവം അങ്ങനെ ഉള്ളവരെ പതിന്മടങ്ങ് തിരികെ നൽകി അനുഗ്രഹിക്കും. കാരണം അത് ദൈവിക വ്യവസ്ഥയാണ്. വിശ്വസ്തനായ ദൈവം അത് ചെയ്യും. സ്വർഗ്ഗത്തിൽ നിന്നുള്ള നന്മ നമുക്ക് തരുന്നത് നമ്മുടെ പിതാവായ ദൈവം അത്രേ.

## സെപ്റ്റംബർ 7.

''യഹോവ നിന്റെ ന്യായവിധികളെ മാറ്റി നിന്റെ ശത്രുവിനെ നീക്കി കളഞ്ഞിരിക്കുന്നു. യിസ്രയേലിന്റെ രാജാവായ യഹോവ നിന്റെ മദ്ധ്യേ ഇരിക്കുന്നു. ഇനി നീ അനർത്ഥം കാണുകയില്ല.'' സെഫന്യാവ് : 3:15.

ദുഷ്ടൻ നിരവധി ന്യായങ്ങൾ ഉന്നയിച്ച് കൊണ്ട് നശിപ്പിക്കുവാൻ, തകർക്കുവാൻ വന്നു. അവൻ ന്യായവിധി പ്രഖ്യാപിച്ചു. അതിനായി എല്ലാം തയ്യാറാക്കി രംഗത്ത് വന്നു. പക്ഷെ യഹോവയുടെ ഭുജത്തിന്റെ കീഴിൽ ഇരിക്കുന്ന ജനത്തോടാണ് ഏറ്റ് മുട്ടുന്നത് എന്ന് മാത്രം അവൻ അറിഞ്ഞി ല്ല. അവന്റെ എല്ലാ ആയുധങ്ങളും കുടിലബുദ്ധികളും വൈരാഗ്യ മനോ ഭാവവും ദൈവം പിച്ചിചീന്തിക്കളഞ്ഞു. ദുഷ്ടന്റെ ആശ നശിച്ച് പോയി. കാരണം യഹോവ തന്റെ ജനത്തിന് വേണ്ടി എഴുന്നേറ്റു. ശത്രു ചിതറി പ്പോയി. ദുഷ്ടൻ കൊണ്ടുവന്ന ന്യായവിധി യഹോവ മാറ്റി ശത്രുവിനെ നീക്കിക്കളഞ്ഞു. തന്റെ ജനത്തിന്റെ മദ്ധ്യേ യഹോവ വസിച്ച് തന്റെ ജനത്തെ സൂക്ഷിച്ചു. തന്റെ ജനത്തിന് ഒരു ആശ്വാസദൂതും നൽകി. ''ഇനി നീ അനർത്ഥം കാണുകയില്ല''.

## സെപ്റ്റംബർ 14.

''നീ അധമമായത് ഒഴിച്ച് ഉത്തമമായത് പ്രസ്താവിച്ചാൽ നീ എന്റെ വായ് പോലെ ആകും. അവർ നിന്റെ പക്ഷം തിരിയും, നീ അവരുടെ പക്ഷം തിരികയില്ല''യിരമ്യാവ് : 15 : 19.

വിശുദ്ധിയിൽ ജീവിക്കുക എന്നത് പരമപ്രധാനമായ കാര്യമാണ്. പ്രവൃത്തിയിൽ മാത്രമല്ല വിശുദ്ധി വെളിപ്പെടേണ്ടത്. ചിന്താമണ്ഡലത്തിൽ,

**സംസാരത്തിൽ എല്ലാമണ്ഡലത്തിലും വിശുദ്ധി വെളിപ്പെടണം. ദൈവിക അരുളപ്പാട് അറിയിക്കുവാൻ ദൈവം ഉപയോഗിക്കുന്ന നാവ് ഉത്തമമായതേ സംസാരിക്കാവൂ. അധർമ്മമായത്, അശുദ്ധിയായത്, ജഢിക ചുവയുള്ളത് നാവിൽ നിന്ന് വരരുത്. അങ്ങനെ സംഭവിച്ചാൽ ഉത്തമമായത്, ദൈവിക അരുളപ്പാട് സംസാരിക്കുവാൻ കഴിയാതെ ബന്ധിക്കപ്പെടും. ദൈവികശുശ്രൂഷ കൊണ്ട് വലിയ ഗുണം ഇല്ലാതേയുംവരും. അധർമ്മമായത് ദുഷ്ടനിൽ നിന്ന് വരുന്നു. ഉത്തമമായത് ദൈവത്തിൽ നിന്ന് വരുന്നു.**

**അപ്പോസ്തലൻ പറയുന്നത്പോലെ ചിന്തിക്കുവാൻ സംസാരിക്കുവാൻ ദൈവം കൃപ തന്നിരുന്നുവെങ്കിൽ, വിശുദ്ധി സംസാരത്തിൽ വെളിപ്പെട്ടുവെങ്കിൽ കൊള്ളാമായിരുന്നു.**

**''ഒടുവിൽ സഹോദരന്മാരേ സത്യമായത് ഒക്കേയും, ഘനമായത് ഒക്കേയും,നീതിയായത് ഒക്കേയും, നിർമ്മലമായത് ഒക്കേയും, രമ്യമായത് ഒക്കേയും, സൽക്കീർത്തിയായത് ഒക്കേയും. സൽഗുണമോ പുകഴ്ച്ചയോ അത് ഒക്കേയും ചിന്തിച്ച് കൊൾവിൻ''** ഫിലി:4: 8.

**സെപ്റ്റംബർ 21.**

''വിശപ്പ് ഉള്ളവനോട് നീ താൽപര്യം കാണിക്കുകയും കഷ്ടത്തിൽ ഇരിക്കുന്നവന് തൃപ്തി വരുത്തുകയും ചെയ്യുമെങ്കിൽ നിന്റെ പ്രകാശം ഇരുളിൽ ഉദിക്കും, നിന്റെ അന്ധകാരം മദ്ധ്യാഹ്നം പോലെയാകും'' യശയ്യ: 58: 10.

**ദൈവികശുശ്രൂഷയോടുള്ള ബന്ധത്തിൽ ഞാൻ ചെയ്യേണ്ട, ചെയ്യുവാൻ പരിശുദ്ധാത്മാവ് പ്രേരണ തരുന്ന ഒരു കാര്യം ഈ വചന**

ത്തിൽ സൂചിപ്പിച്ചിരിക്കുന്നു. വിശപ്പ് ഉള്ളവനോട് താൽപര്യം കാണിച്ച്, കഷ്ടത്തിൽ ഇരിക്കുന്നവന് തുണ നിന്ന് അവനെ തൃപ്തിയിലേക്ക് നയിക്കണം. ദൈവികശുശ്രൂഷയിൽ അവഗണിക്കപ്പെട്ട് കിടക്കുന്ന ഒരു മണ്ഡലം ആണിത്. ഒരുവന്റെ ആത്മാവിനെ നേടേണ്ടുന്നതിന് സുവിശേഷം പറയുക, പ്രാർത്ഥിക്കുക എന്നത് പോലെ തന്നെ പ്രാധാന്യമുള്ളതാണ് അവന്റെ ഭൗതികജീവിതസാഹചര്യത്തിൽ ശ്രദ്ധ പതിപ്പിക്കുക എന്നതും. വിശന്നിരിക്കുന്നവന് അൽപം ഭക്ഷണം നൽകി അവനെ ബലപ്പെടുത്തിയതിന് ശേഷം സുവിശേഷം പറഞ്ഞാൽ അതിന് അൽപം മാന്യതയുണ്ട്. അവന്റെ കഷ്ടത്തിൽ ചെയ്യുവാൻ കഴിയുന്ന കാര്യങ്ങൾ ചെയ്ത് അവനെ വിടുവിച്ച് സുവിശേഷം പറയുമ്പോൾ അവൻ ആ വ്യക്തി സുവിശേഷം സ്വീകരിക്കുവാൻ നിർബന്ധിക്കപ്പെടുന്നു. അവനോട് ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാ മണ്ഡലത്തിലും ഒരു വിടുതൽ പകരുവാൻ നമുക്ക് കഴിയണം. അതിന് പകരമായി ദാരിദ്രത്തിൽ കഴിയുന്ന ഒരുവനോട് സുവിശേഷം പറഞ്ഞ് അവനെ അങ്ങനെ ഇട്ടേച്ച് പോകരുത്. അവനെ എല്ലാ രീതിയിലും സഹായിക്കുവാൻ നാം വേണ്ടത് ചെയ്യണം. അപ്പോൾ നമ്മുടെ പ്രകാശം ഇരുളിൽ ഉദിക്കും. അന്ധകാരം മദ്ധ്യാഹ്നം പോലെ ജ്വലിക്കും.

## സെപ്റ്റംബർ 28.

''എന്നാറെ ഒരു ആത്മാവ് വന്ന് യഹോവയുടെ സന്നിധിയിൽ നിന്നു. ''ഞാൻ അവനെ വശീകരിക്കും എന്ന് പറഞ്ഞു''I King : 22:21. ആഹാബിനെ വശീകരിച്ച് ഗിലയാദിലെ രാമോത്തിൽ എത്തിച്ച് നശിപ്പിക്കുവാൻ ഒരു ആത്മാവ് ശ്രമിക്കുന്നതാണ് ഇവിടെ കാണുന്നത്. ഇത് ദുഷ്ടാത്മസേനയിൽപെട്ട ഒരു ആത്മാവാണ്. വശീകരിക്കുന്ന ഒരു ആത്മാവ്. വശീകരണം ഏതൊക്കെ രൂപത്തിലാണ് വരുക.

1. പാപത്തിലേക്ക് വശീകരിച്ച് കൊണ്ട് പോകുക.
2. മ്ലേച്ഛതയിലേക്ക് വശീകരിച്ച് കൊണ്ട് പോകുക.

3. ഈ ലോകതാൽപര്യത്തിലേക്കും ഈ ലോകത്തിലുള്ള തിലേക്കും വശീകരിക്കുക.

യഹോവയാൽ ആകർഷിക്കപ്പെടുന്നതും, ആത്മാവിനാൽ ഉദ്യമിപ്പിക്കപ്പെടുന്നതും ദൈവനാമ മഹത്വത്തിനായിത്തീരുമ്പോൾ, വശീകരിച്ച് യഥാർത്ഥലക്ഷ്യത്തിൽ നിന്ന് തെറ്റിക്കുന്നത് ദുഷ്ടനിൽ നിന്ന് വരുന്നു. ദുഷ്ടനിൽ നിന്ന് ഒരു നന്മയും വരുന്നില്ല. വശീകരണ മണ്ഡലത്തിൽ നിന്ന് ഒരു നന്മയും വെളിപ്പെടുകയില്ല. ദൈവനിയോഗം ലഭിച്ച കാര്യങ്ങൾ വരെ സമയത്തിന് മുമ്പേ ചെയ്യുന്നതും ധൃതി പിടിപ്പിച്ച് വേഗത്തിൽ ചെയ്യിപ്പിക്കുന്നതും വശീകരണ ആത്മാവാണ്.

യാഥാർത്ഥ്യമായതും, കൃത്യമായതും ചെയ്യുവാനുള്ളപ്പോൾ മറ്റൊന്നിലേക്ക് വശീകരിച്ച് കൊണ്ട് പോയി അത് ചെയ്യിപ്പിക്കുക. ചെയ്യുവാനുള്ളത് തക്കസമയത്ത് ചെയ്യിപ്പിക്കാതെ, ചെയ്യാൻ പാടില്ലാത്തത് സമയത്തിന് മുമ്പേ ചെയ്യിപ്പിക്കുക എന്നത് വശീകരണ പോരാണ്. ഈ വശീകരണം ദുഷ്ടനിൽ നിന്ന് വരുന്നു. ഉപവസിച്ച്, പ്രാർത്ഥിച്ച്, വചനത്തിലും രക്തത്തിലും ആശ്രയിച്ച്, ജഢബുദ്ധിയിൽ ഊന്നി വരുന്ന കാര്യങ്ങളെ ആത്മാവിൽ വിവേചിച്ച്, സമ്പൂർണ്ണ ആത്മ നടത്തിപ്പിൽ നിന്നില്ലെങ്കിൽ വശീകരണാത്മാവ് നമ്മെ തെറ്റിച്ച് കളയും. എല്ലാ വശീകരണ മേഖലയിൽ നിന്നും വേഗത്തിൽ ചെയ്യിപ്പിക്കുന്ന, സമയത്തിന് മുമ്പേ ഉള്ള പ്രവൃത്തികളിൽ നിന്നും ഒരു വിടുതൽ ദൈവം തന്റെ ജനത്തിന്റെ മേൽ പകരട്ടേ.

**ഒക്ടോബർ 5.**

‘‘അവർ ഒന്നാം കാവലും രണ്ടാമത്തേതും കടന്ന് പട്ടണത്തിൽ ചെല്ലുന്ന ഇരുമ്പ് വാതിൽക്കൽ എത്തി. അത് അവർക്ക് സ്വതവേ തുറന്നു. അവർ പുറത്ത് ഇറങ്ങി ഒരു തെരുവ് കടന്നു, ഉടനെ ദൂതൻ അവനെ വിട്ട് പോയി’’Acts : 12: 10.

ദൈവിക ശുശ്രൂഷയുടെ പൂർണ്ണതയിലേക്ക് എത്തിച്ചേരുന്നതിന് നിരവധി കടമ്പകളുണ്ട്. നിരവധി വാതിലുകൾ ഉണ്ട്. ഓരോ വാതിലിലും ആ വാതിലൂടെ വെളിപ്പെടാനിരിക്കുന്ന ശുശ്രൂഷയുടെ, നന്മയുടെ അളവിനനുസരിച്ച് ശത്രു പാളയമടിച്ചിട്ടുണ്ടായിരിക്കും. ഓരോ വാതിലും തുറക്കുന്നതിന് ദൈവദൂതന്റെ ഇടപെടൽ ആവശ്യമാണ്. അതിനായി ദൈവം ദൂതനെ നിയോഗിക്കുകയും ചെയ്തു. കാരാഗൃഹം പോലെ, അനങ്ങുവാൻ പറ്റാത്ത വിധത്തിൽ ശത്രു അഭിഷിക്തനെ തളച്ചിട്ടിരിക്കുകയാണ്. അവന് ഒന്നും ചെയ്യുവാൻ കഴിയാതെ, തളർന്ന്, അവിടെ കിടക്കുകയാണ്.

എന്നാൽ കർത്താവിന്റെ ദൂതൻ, ദൈവികകൽപനക്ക് കീഴിൽ അഭിഷിക്തന് വേണ്ടി, അവൻ തളർന്ന് കിടന്നിടത്ത് ഇറങ്ങിവന്നു. ദൂതൻ പ്രത്യക്ഷപ്പെട്ടത് വെളിപ്പെട്ടു. അറയിൽ ഒരു വലിയ വെളിച്ചം പ്രകാശിച്ചു. ദൂതന്റെ സ്പർശനം പത്രോസിന്റെ മേൽ പതിച്ചു. അവന് ഒരു നിയോഗവും കൂടി നൽകി. ''വേഗം എഴുന്നേൽക്ക'' അതുവരെ അവനെ അനങ്ങുവാൻ പോലും സമ്മതിക്കാതിരുന്ന ആ ബന്ധനം അഴിഞ്ഞ് മാറിയതും ദൂതൻ മറ്റൊരു കൽപന അവന് നൽകി. അരകെട്ടി, കാലിന് ചെരിപ്പ് ഇട്ട് മുറുക്കുക. ദൂതന്മാർ നൽകിയ ആലോചന അവൻ അനുസരിച്ചു. തുടർന്ന് ദൂതൻ അവനോട് പറയുകയാണ്, നിന്റെ വസ്ത്രം പുതച്ച് എന്റെ പിന്നാലെ വരിക, അവൻ അനുസരിക്കുകയാണ്. എല്ലാം ഒരു ദർശനം പോലെ അവന് അനുഭവപ്പെടുകയാണ്. ദൂതൻ മുമ്പേ നടന്നു. താമ്രഓടാമ്പലുകൾ മുറിക്കുവാൻ ദൂതൻ മുമ്പേ പോകണം. ഒന്നാം കാവൽ കടന്നു. രണ്ടാം കാവലും കടന്നു. പട്ടണത്തിന്റെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഇരുമ്പ് വാതിൽക്കൽ എത്തി. അതും അവരുടെ മുമ്പിൽ സ്വതവേ തുറന്നു. രഹസ്യത്തിൽ ദൂതൻ തുറന്നതാണ്. മറ്റുള്ളവരുടെ മുമ്പിൽ സ്വതവേ തുറന്നത് പോലെ ആണെങ്കിലും ദൂതൻ ആണ് ആ

ഇരുമ്പ് വാതിൽ തുറന്നത് എന്ന് അഭിഷിക്തനറിയാം. കാരണം ദൂതന്റെ സാന്നിദ്ധ്യം, ദൂതൻ അടുത്ത് നിൽക്കുന്നത് അഭിഷിക്തൻ കണ്ട് കൊണ്ടിരിക്കുകയാണ്. ഇരുമ്പ് വാതിൽ തുറന്ന് ഒരു പ്രത്യേക സ്ഥലം വരെ ദൂതൻ അവന്റെ കൂടെ ചെന്നു. തുടർന്ന് ദൂതൻ അവനെ വിട്ട് പോയി.

ദൈവികശുശ്രൂഷയോടുള്ള ബന്ധത്തിൽ, കാരാഗൃഹം പോലെ, ചങ്ങലപോലെ മുമ്പോട്ട് വിടാതിരുന്ന ചില വിഷയങ്ങൾ തളർത്തിയിട്ട നാളുകളിൽ സ്തംഭിച്ച്, മരവിച്ച് ഒന്നും ചെയ്യുവാൻ കഴിയാതിരുന്ന നാളുകളിൽ ദൂതൻ ദൈവകൽപന അനുസരിച്ച് ഇറങ്ങിവന്ന് നിരവധി വിഷയത്തിൽ ഇടപെട്ടത് കൊണ്ട് ഇപ്പോഴും നിലനിൽക്കുന്നു. വീണ്ടും എഴുന്നേൽക്കുവാൻ കഴിയാത്ത വിധത്തിൽ കെട്ടുവാൻ ദുഷ്ടൻ ശ്രമിച്ചപ്പോൾ ദൂതൻ അതിന്മേലും ഇടപെട്ടു. അഭിഷിക്തനെ ഒരുക്കിയത് തൊട്ട്, അവന് വേണ്ടി ഓരോ വാതിലും തുറന്നത് ദൂതനാണ്. ഓരോ വാതിലിന്റെ മുമ്പിലും എത്തപ്പെടുന്നതിന് മുമ്പ് ദുഷ്ടൻ ഒടുക്കിക്കളയുവാൻ പദ്ധതിയിട്ടു. ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഏറ്റവും അവസാന നിമിഷം ശത്രു പോരാടിയ മണ്ഡലം അൽപദിവസങ്ങൾ കഴിഞ്ഞാണ് മനസ്സിലായത്. അതിന് മുമ്പ് തന്നെ ശത്രു പ്രവർത്തിച്ചിരുന്നു. പക്ഷെ ദൂതൻ രഹസ്യമണ്ഡലത്തിൽ ഭക്തൻ പോലും അറിയാതെ എല്ലാം കൈ കാര്യം ചെയ്തു എന്നുള്ളതാണ് സത്യം. ശത്രുവിന്റെ പദ്ധതി, അവന്റെ നാവിലൂടെ തന്നെ ദൈവം വെളിപ്പെടുത്തി. ‘‘നിന്നെ ഞാൻ ഗ്രാജുവേറ്റ് ചെയ്യിപ്പിക്കത്തില്ല’’M.Div കോഴ്സ് തീരുവാൻ ഏതാനും മാസങ്ങൾ മാത്രം. പഠിക്കുവാൻ അനുവദിക്കാതെ വിവിധരീതിയിൽ ശത്രു പോരാടുകയാണ്. ഏതാനും ദിവസത്തെ ശക്തമായ പോരാട്ടവും പ്രാർത്ഥനയും ഉപവാസവും മറ്റ് സുഹൃത്തുക്കളുടെ പ്രാർത്ഥനയും ആ വിഷയത്തിലുള്ള ശത്രുപദ്ധതിയെ നീക്കം ചെയ്യുവാൻ സഹായിച്ചു. ദൂതൻ എല്ലാ വിഷയത്തിലും ഇടപെട്ട് കൊണ്ടിരിക്കുകയാണ്. അങ്ങനെ ദുഷ്ടൻ തുറക്കുവാൻ സമ്മതിക്കാതെ ഇരുന്ന ആ ഇരുമ്പ് വാതിലും ദൂതൻ തുറന്നു. എത്തിക്കേണ്ടി

ടത്ത് എത്തിക്കും വരെ, ദൈവകൽപനയാൽ ഇറങ്ങി വന്ന ദൂതൻ പ്രവർത്തിച്ച് കൊണ്ടിരിക്കും. ശത്രുവിന്റെ കരാളഹസ്തത്തിന് അഭിഷിക്തനെ തടയുവാൻ കഴിയില്ല. കാരണം ദൈവം അവന്റെ കൂടെയുണ്ട്. ദൈവസാന്നിദ്ധ്യം അവനെ നടത്തും.

**ഒക്ടോബർ 12.**

''നീ നന്മ ചെയ്യുന്നുവെങ്കിൽ പ്രസാദമുണ്ടാകുകയില്ലയോ നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു. അതിന്റെ ആഗ്രഹം നിങ്കലേക്ക് ആകുന്നു. നീയോ അതിനെ കീഴടക്കണം എന്ന് കൽപ്പിച്ചു.''ഉൽ: 4:7.

ദൈവികനന്മയിൽ മുന്നേറുന്നില്ലെങ്കിൽ പ്രാർത്ഥനയിലും ശുശ്രൂഷയിലും വിശുദ്ധിയിലും മുന്നേറുന്നില്ലെങ്കിൽ ശത്രു നമ്മളിൽ അവന്റെ സ്വാധീനം വെളിപ്പെടുത്തും. കാരണം പാപം നമ്മുടെ വാതിൽക്കൽ കിടക്കുന്നു എന്ന് വചനം പറയുന്നു. സകല ലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു. ഒരു അഭിഷിക്തനെ തളർത്തുവാൻ, പ്രാർത്ഥനയിൽ മുന്നേറുവാനുള്ള ശ്രമങ്ങളെ തടയുവാൻ ശത്രുവിന് വിവിധ മുഖാന്തരങ്ങൾ ഉണ്ട്. ഒന്ന് അല്ലെങ്കിൽ മറ്റൊന്ന് അവൻ പ്രയോഗിക്കും. പാപം വാതിൽക്കൽ കിടക്കുന്നു എന്നും അതിന്റെ ആഗ്രഹം നമ്മളിലേക്ക് ആകുന്നു എന്നുംവചനം പറയുന്നു. നീ അതിനെ കീഴടക്കണം. നമ്മുടെ മുമ്പിൽ ശത്രു കൊണ്ടുവരുന്ന സകല ദുഷ്ടപദ്ധതിയേയുംകീഴടക്കി കീഴടക്കി അഭിഷിക്തന്മാർ മുന്നേറണം. അല്ലെങ്കിൽ അവന്റെ കരാളഹസ്തം നമ്മളിൽ പിടിമുറുക്കും. ദൈവിക പ്രകാശത്തിലും ദൈവികസാന്നിദ്ധ്യത്തിലും എപ്പോഴും നാം സഞ്ചരിക്കുവാൻ ശ്രമിച്ചാൽ ശത്രു പദ്ധതിയിന്മേൽ ജയിച്ച് മുന്നേറുവാൻ കഴിയും. സങ്കീർത്തനം : 18: 9 – ൽ ''അവൻ ആകാശം ചായ്ച്ചിറങ്ങി,കൂരിരുൾഅവന്റെ കാൽക്കീഴുണ്ടായിരുന്നു''

എന്ന് കാണുന്നു. കർത്താവിന്റെ കാൽ കീഴിൽ ആണ് ഇരുളിന് നിൽക്കുവാൻ കഴിഞ്ഞത്. ഇരുൾ കർത്താവിനെ ജയിച്ചില്ല. ശത്രുവിനെ തന്റെ കാൽക്കീഴിലാക്കിയാണ് ദൈവം സഞ്ചരിക്കുന്നത്. അതുപോലെ ദൈവിക ശുശ്രൂഷകന്മാർ ശത്രുവിനെ കാൽക്കീഴിലാക്കി വേണം സഞ്ചരിക്കുവാൻ എങ്കിൽ മാത്രമേ ഒരു അഭിഷിക്തശുശ്രൂഷകൻ എന്ന് നമുക്ക് അഭിമാനിക്കുവാൻ കഴിയൂ.

**ഒക്ടോബർ 19.**

''അവൻ മീതെ മേഘങ്ങളോട് കൽപ്പിച്ചു. ആകാശത്തിന്റെ വാതിലുകളെ തുറന്നു''സങ്കീ: 78:23. ദൈവത്തിന്റെ ശബ്ദം മേഘങ്ങളിൽ എത്തി. മേഘങ്ങൾ ഉയരത്തിലൂടെ, ഉന്നതത്തിലൂടെ സഞ്ചരിക്കുന്നവയാണ്. ഉന്നതമണ്ഡലത്തിൽ ആയിരിക്കുന്നതിനോടാണ് ദൈവം ഇടപെട്ടത്. അത് അനുസരിച്ചതായി വചനം രേഖപ്പെടുത്തുന്നു. ''മേഘങ്ങൾ വെള്ളം ചൊരിഞ്ഞു'' സങ്കീ : 77:17. ദൈവകൽപ്പനക്ക് കീഴിൽ മേഘങ്ങൾ തങ്ങൾ ഉള്ളിൽ സൂക്ഷിച്ച് വച്ചത് താഴേക്ക് ചൊരിയുകയാണ്. കാരണം വരണ്ട് കിടക്കുന്ന ഒരു ഭൂമിയും, ദാഹാർത്തരായ ഒരുകൂട്ടം ജനവും താഴെ ഉണ്ട്. ദൈവികവാഗ്ദത്ത നിവൃത്തി വെളിപ്പെടേണ്ടതുണ്ട്. ആകാശത്തിന്റെ വാതിലുകൾ തുറക്കേണ്ടതുണ്ട്. അത്കൊണ്ട് ദൈവം അത് ചെയ്യുകയാണ്. ''ആകാശത്തിന്റെ വാതിലുകളെ ദൈവം തുറന്നു''സങ്കീ: 78:23. വഴികൾ രൂപപ്പെട്ടു. സഞ്ചാരയോഗ്യമായി. ദൈവം തുറന്ന വഴിയിലൂടെ സഞ്ചരിക്കുവാനുള്ള യോഗ്യത പ്രാപിക്കേണ്ടതുണ്ട്.

**ഒക്ടോബർ 26.**

''എളിയവരുടെ പീഢയും ദരിദ്രന്മാരുടെ ദീർഘശ്വാസവും നിമിത്തം ഇപ്പോൾ ഞാൻ എഴുന്നേൽക്കും: രക്ഷയ്ക്കായി കാംക്ഷിക്കു

ന്നവനെ ഞാൻ അതിലാക്കും എന്ന് യഹോവ അരുൾ ചെയ്യുന്നു'' സങ്കീ: 12:5. വിടുതൽ പ്രാപിച്ചെടുക്കേണ്ട രണ്ട് മണ്ഡലം ഉണ്ട് എന്ന് പരിശുദ്ധാത്മാവ് ആലോചന പറയുന്നു.

1. എളിയവരുടെ പീഡ
2. ദരിദ്രന്മാരുടെ ദീർഘശ്വാസം

വർഷങ്ങളായി നേരിട്ട് കൊണ്ടിരിക്കുന്ന വിഷയങ്ങൾ പരിഹാരം കാണേണ്ട വിഷയങ്ങൾ. പരിഹരിക്കപ്പെടാത്തത് പോലെ കിടക്കുന്ന വിഷയങ്ങളിൽ പരിഹാരം അയച്ചു എന്ന് പരിശുദ്ധാത്മാവ് ആലോചന പറയുന്നു. വർഷങ്ങൾക്ക് മുമ്പേ ദുഷ്ടൻ പീഡകനായി എഴുന്നേറ്റിരുന്നു. നിരവധി മണ്ഡലത്തെ പീഡിപ്പിച്ച് അവൻ തകർത്തു. ദുഷ്ടന്റെ പീഡ ഒരു നിഴൽപോലെ പിന്തുടരുകയാണ്. എളിയജനത്തിനെതിരെയുള്ള അവന്റെ നീക്കത്തെ ദൈവം തകർക്കുകയാണ്. ദരിദ്രനായി നില നിർത്തുക എന്നത് ദുഷ്ടപദ്ധതിയാണ്. ദരിദ്രന്റെ ദീർഘശ്വാസം ദൈവ സന്നിധിയിൽ എത്തി അത് രക്ഷയായിത്തീരുകയാണ്.

## നവംബർ 2.

''ജനം എഴുന്നേറ്റു അന്ന് പകൽ മുഴുവനും പിറ്റേന്നാൾ മുഴുവനും കാടയെ പിടിച്ച് കൂട്ടി. നന്നാ കുറച്ച് പിടിച്ചവൻ പത്ത് പറ പിടിച്ച് കൂട്ടി. അവർ അവയെ പാളയത്തിന്റെ ചുറ്റിലും ചിക്കി'' സംഖ്യ : 11: 32.

ദൈവശബ്ദം കേട്ട് ഇറങ്ങിപുറപ്പെട്ട ജനം. ദൈവം അവരെ വിവിധരീതിയിൽ വിടുവിച്ചു. ദൈവത്തിന്റെ സംരക്ഷണവും പരിപാലനവും നടത്തിപ്പും എല്ലാം അവർ അനുഭവിച്ചു. മണലാരണ്യത്തിലൂടെ അവർ സഞ്ചരിക്കുകയാണ്. അവർ മനുഷ്യരാണ്. വലിയ ആഗ്രഹങ്ങൾ ഒന്നും

അവർക്കില്ല. മോശയെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ കനാൻ ദേശത്ത് എങ്ങനെ എത്തുവാൻ കഴിയും എന്നുള്ളതും, ദൈവികാലോചനയും മറ്റും മതി മുമ്പോട്ട് പോകുവാൻ. എന്നാൽ ജനം ഭൗതികതാൽപര്യങ്ങൾക്കാണ് കൂടുതൽ താൽപര്യം കൊടുക്കുന്നത്. അവർ സാധാരണ രീതിയിൽ ചിന്തിക്കുന്ന സാധാരണ ജനമാണ്. മരുഭൂമിയിൽ വച്ച് അവർ കരയുകയാണ്. ഞങ്ങൾക്ക് തിന്മാൻ ആർ ഇറച്ചി തരും. മിസ്രയിമിൽ വച്ച് മത്സ്യം, വെള്ളരിക്ക, മത്തങ്ങ തുടങ്ങിയ വിവിധ ഭക്ഷണം കഴിച്ചത് അവർ ഓർക്കുകയാണ്. ജനം അവരുടെ കൂടാരവാതിൽക്കൽ ഇരുന്ന് കരയുകയാണ്.

മോശ മറ്റൊരു രൂപത്തിൽ ദൈവത്തോട് കരയുകയാണ്. ഈ സർവ്വജനത്തിന്റേയും ഭാരം എന്റെ തലയിൽ നീ കെട്ടിവച്ചതെന്തിന്? ഈ ജനത്തെ ഒക്കേയും ഞാൻ പ്രസവിച്ചുവോ? ഈ ജനത്തിന് ഒക്കേയും ഇറച്ചി കൊടുക്കുവാൻ എനിക്ക് എങ്ങനെ കഴിയും. ഞങ്ങൾക്ക് തിന്മാൻ ഇറച്ചി തരിക എന്ന് അവർ പറയുന്നു. എന്നോട് ദയ വിചാരിച്ച് എന്നെ കൊന്ന് കളയേണമേ. എന്റെ അരിഷ്ടത ഞാൻ എന്തിന് കാണണം.

രണ്ട് രൂപത്തിലും ഭാവത്തിലും ഉള്ള നിലവിളി രണ്ട് ഭാഗത്ത് നിന്ന് എഴുന്നേൽക്കുകയാണ്. വിവിധ കരച്ചിലുകൾ ദൈവസന്നിധിയിലേക്ക് ഉയരുകയാണ്. യഹോവയുടെ ശബ്ദം പൊട്ടിപ്പുറപ്പെട്ടു. ‘‘ഞാൻ നിങ്ങൾക്ക് ഇറച്ചി തരികയും നിങ്ങൾ തിന്നുകയും ചെയ്യും. ഒരു ദിവസമല്ല, രണ്ട് ദിവസമല്ല, പത്ത് ദിവസമല്ല, ഇരുപത് ദിവസവുമല്ല ഒരു മാസം മുഴുവനും തന്നെ’’ സംഖ്യ : 11:19.

ദൈവശബ്ദം കേട്ടിട്ട് ദൈവികാലോചന കേട്ടിട്ട് മോശ അത്ഭുതപ്പെടുകയാണ്. വിശ്വാസത്തിൽ വീരനായവൻ അവിശ്വാസത്തിൽ ജീവിതം കഴിച്ച് കൂട്ടുന്നവരുടെ ഇടയിൽ ആയപ്പോൾ അവനും ദൈവത്തെ അവി

ശ്വസിക്കുകയാണ്. ''എന്നോട് കൂടെ 6 ലക്ഷം കാലാൾ ഉണ്ട്. ഒരു മാസം മുഴുവൻ ഇറച്ചികൊടുക്കും എന്നോ. അവർക്ക് മതിയാകുംവണ്ണം എവിടെ നിന്ന് ആടുകളേയും മാടുകളേയും കൊണ്ട് വരും. അതോ സമുദ്രത്തിലെ മത്സ്യത്തെ മുഴുവൻ പിടിച്ച് കൂട്ടുമോ. വിശ്വാസവീരനിൽ നിന്ന് അവിശ്വാസത്തിന്റെ വാക്കുകളാണ് വരുന്നത്''.

യഹോവയാം ദൈവം പ്രവൃത്തിക്കുന്നത് മറ്റാരിലും ആശ്രയിച്ചല്ല. മറ്റാരുടേയും വാക്കുകളിലും പിടിച്ചല്ല. ഏകനായി മഹാത്ഭുതങ്ങൾ ചെയ്യുന്നവൻ തന്റെ മഹിമയാം ശക്തിയിൽ ഒരു വലിയകാറ്റ് അയച്ച് കടലിൽ നിന്ന് കാടയെ കൊണ്ടുവന്നു. പാളയത്തിന്റെ സമീപത്ത് അവയെ എത്തിച്ചു. ഇറച്ചി ചോദിച്ച ഇസ്രയേൽ ജനം മുകളിലേക്ക് നോക്കിയപ്പോൾ കാടപ്പക്ഷികൾ അവർക്ക് ചുറ്റും നിന്ന് പറക്കുകയാണ്. പക്ഷികൾക്ക് അങ്ങോട്ടും ഇങ്ങോട്ടും പറക്കുവാൻ കഴിയുന്നില്ല. ഒന്ന് മറ്റൊന്നിനെ ഇടിച്ച് നിൽക്കുകയാണ്. കാടപ്പക്ഷികളുടെ പെരുപ്പം അത്ര വലിയതായിരുന്നു. ഒരു വലിയകൂട്ടമായിരുന്നു. ജനം എഴുന്നേറ്റ് അന്ന് പകൽമുഴുവൻ രാത്രി മുഴുവൻ കാടയെ പിടിച്ച് കൂട്ടി. അവർ ചോദിച്ച നന്മ ദൈവം അവർക്ക് നൽകി. അവർ മതിവരുവോളം ഇറച്ചിതിന്നു. അവരുടെ കരച്ചിൽ സന്തോഷമായി. ദൈവം അവരെ തൃപ്തരാക്കി.

**നവംബർ– 9.**

''നീ എന്നെ അറിയാതെയിരിക്കെ ഞാൻ നിന്റെ അരമുറുക്കിയിരിക്കുന്നു'' യശയ്യ : 45: 5. ''ദൂതൻ അവനോട് അരകെട്ടി ചെരിപ്പ് ഇട്ട് മുറുക്കുക എന്ന് പറഞ്ഞു'' അപ്പോ: 12:8. പരിശുദ്ധാത്മാവ് തന്റെ ജനത്തെ പ്രത്യേകനിയോഗങ്ങൾക്ക് വേണ്ടി ഒരുക്കുകയാണ്. പലരൂപത്തിൽ ഞെരുങ്ങിക്കിടക്കുന്ന ജനം. ആത്മീയമായും ഭൗതികമായും

ഞെരുക്കം അനുഭവിക്കുന്നു. ഒരു വിടുതലിലേക്ക് നടത്തുവാൻ പരിശു ദ്ധാത്മാവ് ആഗ്രഹിക്കുന്നു. ചുറ്റുമണ്ഡലം പലരൂപത്തിൽ തളർത്തിയി ട്ടിരിക്കുകയാണ്. മറ്റൊരു ഓട്ടത്തിന്, ശുശ്രൂഷക്ക് ഒരു ബലവുമില്ലാത്ത രീതിയിൽ കെട്ടപ്പെട്ട് കിടക്കുകയാണ്. എഴുന്നേറ്റ് എന്തെങ്കിലും ചെയ്യ ണംഎന്നുണ്ട്. പക്ഷെ ശത്രു കാരാഗൃഹം പോലെ കുടുക്കുകളും കെണി കളും ഒരുക്കി തളർത്തുകയാണ്. അതുകൊണ്ട് ദൈവം തന്നെ തന്റെ ജനത്തിന്റെ അര മുറുക്കുകയാണ്. കാരണം തന്റെ പ്രവൃത്തി ചെയ്തെ ടുക്കുവാൻ തന്റെ അഭിഷിക്തന്മാരെ അവൻ ഉപയോഗിക്കുകയാണ്. ദൂതൻ സ്വർഗ്ഗകൽപ്പനക്ക് കീഴിൽ അഭിഷിക്തന്റെ അടുക്കൽ ഇറങ്ങി വന്ന് അര കെട്ടി തയ്യാറാകുവാൻ, ഒരു പുറപ്പാടിലേക്ക്, ഒരു സ്വാതന്ത്ര ത്തിലേക്ക്, ഒരു പുതിയ മണ്ഡലത്തിലേക്ക് ഇറങ്ങിപ്പുറപ്പെടുവാൻ കൽപ്പിക്കുകയാണ്. സ്വർഗ്ഗീയശബ്ദത്തിന്റെ കീഴിൽ നീങ്ങിയ ജനം ഒരു പുതിയ ഉണർവ്വിലേക്ക് നടത്തപ്പെടുകയാണ്.

## നവംബർ 16.

''യേശു അവരോട് കുഞ്ഞുങ്ങളെ കൂട്ടുവാൻ വല്ലതും ഉണ്ടോ എന്ന് ചോദിച്ചു. ഇല്ല എന്നവർ പറഞ്ഞു''യോഹ : 21: 5. ദൈവം അവരെ വേലയ്ക്ക് വിളിക്കുന്നതിന് മുമ്പ് അവർ ചെയ്ത് വന്നിരുന്ന ജോലിയി ലേക്ക് അവർ തിരികെപ്പോയി. കർത്താവിന്റെ കൂടെയായിരുന്ന നാളിൽ എല്ലാം അവർക്ക് ലഭിച്ചിരുന്നു. എന്നാൽ നിശ്ചിതനാൾ കർത്താവിന് അവ രിൽ നിന്ന് മാറിനിൽക്കേണ്ടിവന്നു. ആ നാളിൽ അവർ മീൻ പിടിക്കുവാൻ ഇറങ്ങി. എന്നാൽ രാത്രി മുഴുവൻ അദ്ധ്വാനിച്ചു. നേരം പുലർന്നു. അവർ മീൻ ഒന്നും പിടിച്ചില്ല. കർത്താവ് അവരോട് ചോദിക്കുകയാണ്. കൂട്ടു വാൻ വല്ലതും ഉണ്ടോ എന്ന്. ഇല്ല എന്ന് അവർ മറുപടി പറഞ്ഞു. കർത്താവ് അവരോട് ഒരു വാക്ക് പറഞ്ഞു പടകിന്റെ വലതുഭാഗത്ത് വല വീശുവിൻ. അവർ അങ്ങനെ ചെയ്തു. ഒരു വലിയ മീൻകൂട്ടം അവരുടെ

വലയിൽ പ്രവേശിച്ചു. ജനം തൃപ്തരായി. കർത്താവിന്റെ കരം അവർക്ക് തുണയായി. അവർക്ക് വേണ്ടത് ദൈവം നൽകി. ഇല്ലായ്മ മാറ്റി, തളർച്ച യുടെ സ്ഥാനത്ത് ഉണർവ്വ് വന്നു.

**നവംബർ 23.**

‘‘മൂന്ന് കൂട്ടവും കാഹളം ഊതി കുടങ്ങൾ ഉടച്ചു. ഇടത് കൈയ്യിൽ പന്തവും വലത് കയ്യിൽ കാഹളവും പിടിച്ചു. യഹോവക്കും ഗിദയോനും വേണ്ടി എന്നാർത്തു’’ ന്യായാ : 7: 20. ഒരു വലിയ ജയം ദൈവം ഗിദയോന് നൽകി. കാരണം അവൻ പറഞ്ഞത് ആ ജനം അനുസരിച്ചു. മൂന്ന് കൂട്ടവും അവന്റെ വാക്കുകൾക്ക് ചെവി കൊടുത്തു. ജഢിക താൽപര്യത്തെ അവർ ഉടച്ചു. അവരുടെ ഉള്ളിൽ പകർന്ന ആത്മാവിനെ അവർ ജ്വലിപ്പിച്ചു. തങ്ങളുടെ ശബ്ദത്തെ കാഹളനാദം പോലെ അവർ ഉയർത്തി. യഹോവ അവരിൽ പ്രസാദിച്ചു. തന്റെ ജനത്തിന് ഒരു ജയം നൽകി. അവരെ ഭയപ്പെടുത്തിയ ശത്രു പാളയത്തിൽ ദൈവം ഒരു വലിയ ഭീതി അയച്ചു. അങ്ങനെ ഗിദയോൻ ശത്രു സൈന്യത്തിന്റെ മേൽ വിജയം കൊണ്ടു. വീരന്മാരുടെ ഗണത്തിലേക്ക് അവൻ ഉയർത്തപ്പെട്ടു. ദൈവം അത് ചെയ്തു.

**നവംബർ 30.**

അനുഗ്രഹീതമായ ഒരാഴ്ച കടന്ന് പോകുകയാണ്. ദൈവം ഒരു പെൺകുഞ്ഞിനെ ഞങ്ങൾക്ക് നൽകി. വിവാഹം കഴിഞ്ഞ് മൂന്ന് വർഷം തികയുന്നതിന് മുമ്പ് ഉദരത്തിൽ ദൈവം കുഞ്ഞിനെ തന്നു. അങ്ങനെ ഒരു സ്വർഗ്ഗീയ ആലോചന ദൈവം തന്നിരുന്നു. ദൈവത്തിന്റെ ആലോ ചന നിവൃത്തിയായി 2003 നവംബർ 28 രാവിലെ ഒരു പെൺകുഞ്ഞിനെ കയ്യിൽ വാങ്ങുവാൻ ദൈവം കൃപ പകർന്നു. മുമ്പോട്ടുള്ള ക്രിസ്തീയ

യാത്രയിൽ ദൈവത്തിന്റെ ഒരു ദാനം ലഭിച്ചത് മുഖാന്തരം ഞങ്ങൾ ഫല പുഷ്ടിയുള്ളവരായിത്തീർന്നു. പറഞ്ഞ് തീരാത്ത ദാനം നിമിത്തം ദൈവ ത്തിന് സ്തോത്രം. നിരവധി അനുഗ്രഹത്തിന്റേയും നന്മയുടേയും സന്തോ ഷത്തിന്റേയും ശുശ്രൂഷയുടേയും ഒരു തുടക്കമായി ദൈവം അതിനെ തീർക്കും. തന്റെ ഭണ്ഡാരത്തിൽ തന്റെ ജനത്തിനാവശ്യമായതെല്ലാം ഉണ്ട്. അത് തക്കസമയങ്ങളിൽ നൽകി ദൈവം തന്റെ ജനത്തെ മാനിച്ച് വഴി നടത്തും.

**ഡിസംബർ 7.**

ശീമോൻ പത്രോസ് നൂറ്റി അമ്പത്തിമൂന്ന് വലിയ മീൻ നിറഞ്ഞ വല കരയ്ക്ക് വലിച്ച് കയറ്റി. അത്ര വളരെ ഉണ്ടായിട്ടും വല കീറിയില്ല. യോഹ ന്നാൽ : 21:11. ഒരു രാത്രി മുഴുവൻ ശീമോൻ പത്രോസും അവന്റെ കൂടെ യുള്ളവരും അദ്ധ്വാനിച്ചു. ഒന്നും അവർക്ക് ലഭിച്ചില്ല. അവർ തളർന്ന് പോയി. ഇരുട്ടിൽ ഇത്രമാത്രം ബദ്ധപ്പെട്ട് ഓരോ കാര്യങ്ങൾ ചെയ്തിട്ടും ഒരു വ്യത്യാസവും ഇല്ലല്ലോ എന്നോർത്ത് അവർ ഭാരപ്പെട്ടു. ഇരുട്ട് മാറി പ്രഭാതം വരികയാണ്. പ്രഭാതത്തിൽ എന്തെങ്കിലും സ്വന്തമായിട്ട് ഇല്ലെ ങ്കിൽ നിരാശയിൽ വീണ് തളർന്ന് പോകും. കാരണം അദ്ധ്വാനിച്ചിട്ടും ഒന്നും ലഭിക്കാത്ത സ്ഥിതിയാണ്. എന്നാൽ തളർന്ന് പോകുവാൻ ദൈവം അവരെ അനുവദിച്ചില്ല. പ്രഭാതസമയത്ത് തന്നെ കർത്താവ് പ്രത്യക്ഷപ്പെ ട്ടു. ഒരു നന്മ അവരുടെ മേൽ പകർന്നു. നൂറ്റമ്പത്തിമൂന്ന് വലിയ മീൻ നിറഞ്ഞ വല അവർ വലിച്ച് കയറ്റി. ഒരു വലിയ അനുഗ്രഹം അവരുടെ മേൽ വന്നു.

**ഡിസംബർ 14.**

“ ദൂതൻ മറിയയോട്, മറിയയേ ഭയപ്പെടേണ്ട, നിനക്ക് ദൈവ

ത്തിന്റെ കൃപ ലഭിച്ചു'' ലൂക്കോസ് : 1: 30. മരണത്തിന്റെ ദേശത്തിലും നിഴ ലിലും ഇരിക്കുന്നവർക്ക് പ്രകാശം ഉദിച്ചു. മരണകരമായ പ്രതിസന്ധി കളും പ്രതികൂലങ്ങളും നേരിട്ട് ഇരുട്ടിന്റെ മണ്ഡലത്തിലൂടെ നടന്ന ഒരു കൂട്ടം ജനം. അവരിലൊരാളായി നിന്ന മറിയ, വാഗ്ദത്തം പേറി നടന്ന സ്ത്രീ, ഭയത്തിൽ ജീവിതം കഴിച്ച് കൂട്ടുകയാണ്. ഭയപ്പെടുത്തുന്ന നിരവധി വിഷ യങ്ങളാൽ ഭാരപ്പെട്ടിരിക്കുമ്പോൾ ദൈവം സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതനെ അയച്ച് വലിയ ഒരു പ്രവാചക വെളിപ്പാട് കൊടുത്തു. മറിയയേ ഭയപ്പെ ടേണ്ട, ദൈവത്തിന്റെ കൃപ നിന്റെ മേൽ വന്നിരിക്കുന്നു. ഇരുൾ പ്രകാശി ക്കുവാൻ പോകുകയാണ്. ഇരുളിൽ നടന്ന ജനം പ്രകാശത്തിലേക്ക് വരാൻ പോകുന്നു. നിന്റെ മേൽ പകർന്ന വാഗ്ദത്തം വിടരുവാൻ സമയ മായി. ആയതിനാൽ ഭയപ്പെടേണ്ട. ധൈര്യമായിരിക്കുക ദൈവം നിന്റെ കൂടെ ഉണ്ട്.

**ഡിസംബർ 21.**

''അതിന് ദൂതൻ പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്ന തന്റെ ശക്തി നിന്റെ മേൽ നിഴലിടും. ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും'' ലൂക്കോ : 1: 35. അത്യുന്നതന്റെ ശക്തി ഒരുവന്റെ മേൽ നിഴലിടുമ്പോൾ വലിയ ഒരു അഭിഷിക്തൻ ജന്മം കൊള്ളും. അതുവരെ സാധാരണ രീതിയിൽ മതിക്കപ്പെടും. ഈ അത്യു ന്നതശക്തി വെളിപ്പെടുന്നതിന് മുമ്പ്, വലിയ ഒരു പ്രവാസം ജനം അനുഭ വിച്ചു. പ്രവാസത്തിന്റെ പീഢ, സങ്കടം,ഞെരുക്കം, നിന്ദ, ക്രോധം, അപ മാനം എല്ലാം സഹിച്ചു. പ്രവാസകാലത്തിന്റെ അവസാന നാളിൽ ഈ അത്യുന്നത ശക്തി വെളിപ്പെടുകയാണ്.

ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ല എന്ന ദൂതന്റെ ശബ്ദം മറിയ സ്വീകരിച്ചു. അതിനായി ദൈവകരത്തിൽ താഴ്ത്തി സമർപ്പിച്ചു. ആ

നിമിഷം മുതൽ അത്യുന്നതന്റെ ശക്തി അവളുടെ മേൽ നിഴലിട്ടു. ഇപ്പോൾ മറിയ ചെല്ലുന്ന സ്ഥലത്തെല്ലാം സന്തോഷത്തിന്റെ വാർത്തകൾ കേൾക്കുകയാണ്. അവൾ എലിശെബത്തിന്റെ വീട്ടിൽ ചെന്നു. മറിയയുടെ സാന്നിദ്ധ്യവും അവളുടെ വന്ദനസ്വരവും എലിശെബത്തിനെ പരിശുദ്ധാത്മാവ് നിറഞ്ഞവളാക്കി. മറിയയുടെ വന്ദനസ്വരം കേട്ട ഉടനെ എലിശെബത്തിന്റെ ഉദരത്തിലെ ശിശു ആനന്ദം കൊണ്ട് തുള്ളി. പരിശുദ്ധാത്മാവിന്റെ പ്രവൃത്തി കണ്ട, അനുഭവിച്ച മറിയയും സന്തോഷത്തിലേക്ക് പ്രവേശിച്ചു. അവളുടെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തി തുടങ്ങി. ശക്തനായവൻ വലിയവ ചെയ്തു എന്നവൾക്ക് മനസ്സിലായി. സന്തോഷത്തിന്റെ വലിയകൂടിച്ചേരലുകൾക്ക് ശേഷം അവൾ എലിശെബത്തിന്റെ അരികിൽ നിന്ന് തിരികെ സ്വന്തം ഭവനത്തിലേക്ക് തിരിച്ചു. ഒരു സ്വസ്ഥതയും, സന്തോഷവും സമാധാനവും ദൈവം അവൾക്ക് നൽകി.

### ഡിസംബർ 28.

''ഉടനെ അവന്റെ വായും നാവും തുറന്നു അവൻ സംസാരിച്ചു, ദൈവത്തെ സ്തുതിച്ചു''ലൂക്കോസ് : 2:64. സെഖര്യാവ് ദൈവികശുശ്രൂഷയിൽ ആയിരിക്കുമ്പോൾ ദൈവദൂതൻ അവന്റെയരികെ ഇറങ്ങിവന്ന് ഒരു വലിയ വാഗ്ദത്തം അവന് നൽകി. നിന്റെ ഭാര്യ എലിശെബത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും. ഗർഭത്തിൽ വച്ച് തന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും. അനേകരെ കർത്താവിങ്കലേക്ക് അവൻ തിരിച്ച് വരുത്തും. അവൻ ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കും. ഈ വലിയ വാഗ്ദത്തം അവൻ കേട്ടു. അത് സമയത്തിന് മുമ്പേ മറ്റുള്ളവരോട് പറയാതെ ഇരിക്കുവാൻ ദൈവം അവനെഊമനെ പോലെ ആക്കി. ആ വാഗ്ദത്തം നിറവേറുന്നത് കാണുന്നത് വരെ അവന് ഊമനായി പാർക്കേണ്ടി വന്നു. എലിശെബത്ത് ഒരു മകനെ പ്രസവിച്ചു. വാഗ്ദത്തം നിറവേറിയ ഉടനെ അവന്റെ വായും നാവും തുറന്നു അവൻ

സംസാരിച്ചു. ചുറ്റും പാർക്കുന്നവർക്ക് ആശ്ചര്യമായി അത് തീർന്നു. അവൻ പ്രവാചക ഗണത്തിലേക്ക് ഉയരുകയാണ്. തുടർന്ന് അവൻ പ്രവചിക്കുകയാണ് ''ഉയരത്തിൽ നിന്ന് ഉദയംനമ്മെ സന്ദർശിച്ചിരിക്കുന്നു, പിതാവാം ദൈവത്തിന്റെ ആർദ്ര കരുണ വെളിപ്പെട്ടു''.

## ഡിസംബർ 31.

''അതിന് യേശു: നീ ദൈവത്തിന്റെ ദാനവും നിന്നോട് കുടിപ്പാൻ ചോദിക്കുന്നവൻ ആര് എന്ന് അറിഞ്ഞും എങ്കിൽ, നീ അവനോട് ചോദിക്കുകയും അവൻ ജീവനുള്ള വെള്ളം നിനക്ക് തരികയും ചെയ്യുമായിരുന്നു എന്ന് പറഞ്ഞു'' യോഹന്നാൻ: 4: 10.

സംഭവബഹുലമായ ഒരു വർഷം തീരുകയാണ്. ദൈവിക വാഗ്ദത്തങ്ങളിൽ ചിലത് നിറവേറിയ വർഷം. ദൈവികശുശ്രൂഷയിൽ ഒരു മുന്നേറ്റം, കുടുംബത്തിന്റെ തകർച്ചയിൽ നിന്ന് ഒരു വ്യത്യാസം. ഒരു സന്തതിയെ ദൈവം ദാനമായിത്തന്നത്. ഇനിയും എത്രയോ കാര്യങ്ങൾ ചെയ്തെടുക്കേണ്ടതുണ്ട്. എല്ലാത്തിനും ദൈവത്തിന് നന്ദി കരേറ്റുന്നു. ചില വിഷയങ്ങളിൽ ഇപ്പോഴും തളർന്ന് പോകുകയാണ്. എല്ലാവരുടേയും സഹകരണത്തോടെ എല്ലാം നല്ല രീതിയിൽ ആക്കാം എന്ന് ചിന്തിച്ച് നീങ്ങുമ്പോൾ ആഗ്രഹിക്കുന്നത് പോലെ ഒന്നും നടക്കാത്തത് നിരാശയ്ക്ക് കാരണം ആകുന്നു. അതുകൊണ്ടായിരിക്കാം പരിശുദ്ധാത്മാവ് ഇങ്ങനെ ആലോചന പകരുന്നത് ''നിന്റെ മുമ്പിൽ നിൽക്കുന്നത് ആര് എന്ന് നീ അറിഞ്ഞിരുന്നുവെങ്കിൽ കൊള്ളായിരുന്നു'' എന്ന്. പ്രാർത്ഥന കേൾക്കുന്ന, മറുപടി തരുന്ന ഒരു ദൈവം എപ്പോഴും മുമ്പിൽ ബലവാനായി വാണരുളുമ്പോൾ, ആ ദൈവത്തിന്റെ മുമ്പിൽ നിലവിളിക്കാതെ മാനുഷികബലത്തിലും, ബുദ്ധിയിലും പരിഹാരം നോക്കുന്നത് കൊണ്ടാണ് ഈ തളർച്ച മുഴുവനും. അതുകൊണ്ട് തളർച്ച മാറുവാൻ ജീ

വനുള്ള വെള്ളം തരുന്ന ദൈവത്തിന്റെ അരികിൽ ചെല്ലാം. തിരുസന്നിധിയിൽ സമയം ചെലവഴിക്കാം. തളർച്ച മാറേണ്ടുന്നതിന് ആവശ്യമായത് ആത്മീയം എങ്കിൽ ആത്മീയം ഭൗതികം എങ്കിൽ ഭൗതികം ദൈവം തരും എന്ന് വിശ്വസിച്ച് ഈ ദൈവത്തിന്റെ കൽപനയ്ക്ക് കീഴിൽ ഓടാം.

എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുന്നത് പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് അരുൾ ചെയ്ത നാഥന്റെ അരികിൽ ചെന്ന് ആശ്വാസം പ്രാപിക്കാം. വിടുതലിന്റെ ദിനങ്ങൾക്കായി നന്ദി. ഒരായിരം നന്ദി അർപ്പിക്കുന്നു.

*****************

‘‘ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റ് കൊണ്ട് എന്നോട് പഠിപ്പിൻ’’Mathew: 11: 29. 2004 ജനുവരി ആരംഭത്തിൽ പരിശുദ്ധാത്മാവ് മൂന്ന് ആലോചന തരികയാണ്.

1. സൗമ്യത പ്രാപിക്കുക
2. താഴ്മ ഉള്ളവനാകുക
3. കർത്താവിന്റെ നുകം ഏൽക്കുക.

ഈ മൂന്ന് കാര്യങ്ങളും എത്രമാത്രം പ്രാപിക്കുവാൻ കഴിയുന്നുവോ അത്രയുമേ കർത്താവിൽ നിന്ന് പഠിക്കുവാൻ കഴിയൂ. കർത്താവ് ജയാളിയെപ്പോലെ നിൽക്കുന്നതും, അനേകരെ വിടുവിക്കുവാൻ മുഖാന്തരം ആയതിനും കാരണം കർത്താവ് ഇത് ചെയ്തതിനാൽ ആണ്. കർത്താവ് സൗമ്യത വെളിപ്പെടുത്തിയ നിരവധി സംഭവങ്ങൾ ബൈബിളിൽ കാണുവാൻ കഴിയും. പടയാളികൾ മുള്ളുകൊണ്ട് ഒരു കിരീടം മെനഞ്ഞ് അവനെ ചൂടിച്ചു, കോൽ കൊണ്ട് അവന്റെ തലയിൽ അടിച്ചു, അവനെ

തുപ്പി, മുട്ടുകുത്തി അവനെ പരിഹസിച്ച് നമസ്ക്കരിച്ചു. ഈ സമയത്ത് എല്ലാം കർത്താവ് സൗമ്യനായി നിന്ന് തന്റെ സ്വഭാവം വെളിപ്പെടുത്തി.

താഴ്മ ഉള്ളവനായി കർത്താവ് ജനത്തിന്റെ ഇടയിൽ വസിച്ചു. കർത്താവ് ദൈവരൂപത്തിൽ ഇരിക്കേ ദാസരൂപം എടുത്ത് മനുഷ്യ സാദൃശ്യത്തിലായി, തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം താഴ്ന്ന് നിന്നു. കർത്താവിലൂടെ വെളിപ്പെട്ട് നിന്ന സൗമ്യതയും താഴ്മയും സ്വജീവിതത്തിൽ സ്വീകരിച്ചാൽ മാത്രമേ കർത്താവിൽ നിന്ന് എന്തെങ്കിലും പഠിക്കുവാൻ കഴിയൂ. കർത്താവിൽ നിന്ന് ഒന്നും പഠിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ ശുശ്രൂഷ വ്യർത്ഥമാകും. കർത്താവിനെ പിരിഞ്ഞ് ഒന്നും ചെയ്യുവാൻ കഴിയുകയും ഇല്ല. ആയതിനാൽ താഴ്മ ഉള്ളവനായി, സൗമ്യത ഉള്ളവനായി കർത്താവിന്റെ നുകം ഏറ്റ് കർത്താവിൽ നിന്ന് പഠിക്കുന്നവനായി, കർത്താവിനാൽ ഉപയോഗിക്കപ്പെടുന്നവനായിത്തീരുവാൻ കർതൃകരങ്ങളിൽ താഴ്ത്തി ഏൽപ്പിക്കാം. പുതുവത്സരദിനത്തിൽ ദൈവം തന്ന ആലോചനയ്ക്കായി സ്തോത്രം.

*****************

''ഇനി നാലുമാസം കഴിഞ്ഞിട്ട് കൊയ്ത്ത് വരുന്നു എന്ന് നിങ്ങൾ പറയുന്നില്ലയോ. നിങ്ങൾ തല പൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾതന്നെ കൊയ്ത്തിന് വെളുത്തിരിക്കുന്നത് കാണും എന്ന് ഞാൻ നിങ്ങളോട് പറയുന്നു. വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ച് സന്തോഷിപ്പാൻ തക്കവണ്ണം കൊയ്യുന്നവൻ കൂലി വാങ്ങി നിത്യജീവങ്കലേക്ക് വിളവ് കൂട്ടി വെക്കുന്നു'' John:4: 35,36.

ഇനി നാലുമാസം കഴിഞ്ഞിട്ട് കൊയ്ത്ത് വരുന്നു എന്ന് പരിശുദ്ധാത്മാവ് ആലോചന തരുന്നു. ഇത്രയും നാൾ ഇതിന് വേണ്ടി ദൈവം വലിയ ഒരുക്കം തന്നെ നടത്തി. അഭിഷിക്തന്മാരെ രഹസ്യമണ്ഡലത്തിൽ

ഇട്ട് ദൈവം ഒരുക്കി എടുത്തു. ഒരുക്കി എടുത്തവരെ തന്റെ പൂണിയിൽ മറച്ച് വച്ചു. അവർ ദൈവത്താൽ മിനുക്കിയ അമ്പായി ദൈവത്തിന്റെ പൂണിയിൽ മറഞ്ഞ് കിടന്നു. വീരന്റെ കയ്യിലെ അസ്ത്രം പോലെ അവർ തൊടുത്ത് വിടപ്പെടുന്ന നാൾ ഇതാ അരികെ എത്തുന്നു. കർത്താവ് പറയുന്നു ''നിങ്ങൾ തലപൊക്കി നോക്കുവിൻ''ഇതാ വയലുകളെല്ലാം ഇപ്പോൾതന്നെ കൊയ്ത്തിനായി വിളഞ്ഞ് കിടക്കുന്നു. വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ച് സന്തോഷിക്കുന്ന ദിനങ്ങൾ ഇതാ വരികയാണ്. കണ്ണ്നീരോടെ ആയിരുന്നു വിതയ്ക്കപ്പെട്ടത്. എന്നാൽ കണ്ണീരോടെ വിതച്ചവൻ സന്തോഷത്തോടെ കൊയ്യുന്നതിനായി ഒരുക്കപ്പെട്ടു. മേച്ചിൽപ്പുറങ്ങൾ ആട്ടിൻ കൂട്ടങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്ന, താഴ്വരകൾ ധാന്യം കൊണ്ട് നിറഞ്ഞ് ആർക്കുകയും പാടുകയും ചെയ്യുന്ന ദിനങ്ങൾ.

വിശുദ്ധ വസ്ത്രാലങ്കാരത്തോട് കൂടി ഉഷസ്സിന്റെ ഉദരത്തിൽ നിന്ന് യുവാക്കളായ മഞ്ഞ് വരികയാണ്. ഉഷസിന് മുമ്പ്, രാത്രി സമയത്ത് വിശുദ്ധ വസ്ത്രാലങ്കാരം ധരിക്കുന്നതിനായി അവർ ഒരുക്കപ്പെട്ടു. ഉഷസിന്റെ ഒപ്പംഅവർ പുറത്ത് വരികയാണ്. മഞ്ഞുതുള്ളിപോലെ അനേകരെ ആശ്വസിപ്പിക്കുവാൻ.

*****************

''പൗലോസെ നീ ഭയപ്പെടരുത്, നീ കൈസരുടെ മുമ്പിൽ നിൽക്കേണ്ടതാകുന്നു, നിന്നോട് കൂടെ യാത്ര ചെയ്യുന്നവരെ ഒക്കേയും ദൈവം നിനക്ക് ദാനം ചെയ്തിരിക്കുന്നു എന്ന് പറഞ്ഞു'' Acts: 27: 24.

അപ്പോസ്തല പ്രവൃത്തി 23: 11– ൽ കർത്താവ് പൗലോസിനോട് പറഞ്ഞു, ധൈര്യമായിരിക്കുക, നീ എന്നെക്കുറിച്ച് യരുശലേമിൽ സാക്ഷീകരിച്ചത് പോലെ റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു. ശുശ്രൂഷയെ

സംബന്ധിച്ച ആലോചന ലഭിച്ച ഉടൻതന്നെ വലിയ ഒരു ദുഷ്ടനീക്കം പൗലോസിനെതിരെ എഴുന്നേറ്റു. 40-ൽ അധികം യഹൂദന്മാർ പൗലോസിനെ കൊന്ന് മുടിച്ച് കളയുവോളം ഒന്നും തിന്നുകയും കുടിക്കുകയും ഇല്ല എന്ന് ശപഥം ചെയ്തു. ദൈവം പൗലോസിനെ അവിടെ നിന്ന് വിടുവിച്ചു. ഇപ്പോൾ റോമയിലേക്കുള്ള യാത്രയിലാണ് പൗലോസ്. പൗലോസിന്റെ കൂടെ കപ്പലിൽ യാത്ര ചെയ്യുന്നവർ വിവിധ സ്വഭാവക്കാരാണ്. ദൈവിക ആലോചനയ്ക്ക് വലിയ പ്രാധാന്യം ഒന്നും അവർ നൽകുന്നില്ല. അവരുടെ ഇടയിൽ കർത്താവ് നൽകിയ ശുശ്രൂഷ എങ്ങനേയും തികയ്ക്കണം എന്ന ഒരു ഒറ്റ ആഗ്രഹം മാത്രം ഉള്ളിൽ പേറി പൗലോസ് യാത്ര ചെയ്യുകയാണ്. പൗലോസിലൂടെ വെളിപ്പെട്ട ആലോചനയ്ക്ക് കീഴിൽ കൂടെ ഉള്ളവർ ഒരു പരിധി വരെ പോയിരുന്നെങ്കിൽ അത് ഗുണം ചെയ്യുമായിരുന്നു. ശുഭതുറമുഖം എന്ന സ്ഥലത്ത് പൗലോസ് പറഞ്ഞതിന്റെ കീഴിൽ നിന്നിരുന്നുവെങ്കിൽ ഇത്രയും ബദ്ധപ്പാട് വരികയില്ലായിരുന്നു. പക്ഷെ പൗലോസിന്റെ ആലോചനക്ക് പ്രാധാന്യം ലഭിച്ചില്ല. അവർ യാത്ര തുടർന്നു. കപ്പൽ യാത്രയെ തടസ്സപ്പെടുത്തി കൊണ്ട്കാറ്റടിക്കുകയാണ്. കൂടെ ഉള്ളവർ ഇപ്പോൾ തളർച്ചയിലും നിരാശയിലും ആണ്. രക്ഷപ്പെടുകയില്ല എന്നാണ് അവർ ഇപ്പോൾ ചിന്തിക്കുന്നത്. എല്ലാം കൊണ്ടും ദു:ഖകരമായ സാഹചര്യം. ഇരുട്ട്, പരാജയഭീതി, നിരാശ, തളർച്ച അങ്ങനെ ഓരോ ദുഷ്ടകരാള ഹസ്തങ്ങൾഅവരെ പിടിക്കുകയാണ്. എന്നാൽ അവരുടെ ഇടയിൽ അഭിഷിക്തൻ ജീവനുള്ള ദൈവത്തിന്റെ മുഖത്തേക്ക് നോക്കി എന്റെ കൂടെ യാത്ര ചെയ്യുന്ന ജനത്തെ വിടുവിക്കേണമേ എന്ന് പറഞ്ഞ് നിലവിളിക്കുകയാണ്. ആ ജനം നേരിടുന്ന എല്ലാ പ്രതിസന്ധികളും അവനേയും ബാധിക്കുന്നുണ്ട്. പക്ഷെ സകല സാഹചര്യത്തിലും വിടുവിക്കുവാൻ കഴിയുന്ന ദൈവത്തെ പൗലോസ് വിശ്വസിക്കുകയാണ്. അവന്റെ അഭയയാചന ദൈവസന്നിധിയിൽ എത്തി. സ്വർഗ്ഗത്തിൽ നിന്ന് ദൂതൻ പൗലോസിനോട് സംസാരിച്ചു.

1. ഭയപ്പെടേണ്ട

2. നീ കൈസരുടെ മുമ്പിൽ നിൽക്കേണ്ടതാകുന്നു
3. നിന്നോട് കൂടെ യാത്ര ചെയ്യുന്നവരെ ഒക്കേയും ദൈവം നിനക്ക് ദാനം ചെയ്തിരിക്കുന്നു.

ഈ സ്വർഗ്ഗീയ ദൂതന്റെ ഇടപെടൽ പൗലോസിനെ ബലപ്പെടുത്തി. അത് അവന്റെ കൂടെയുള്ളവരെ ബലപ്പെടുത്തി. സ്വർഗ്ഗീയ ദൂതനിലൂടെ അരുൾ ചെയ്ത ദൈവം തന്റെ തൃക്കരത്താൽ അത് നിവർത്തിച്ചു. പൗലോസ് റോമയിൽ എത്തി. ദൈവികശുശ്രൂഷ നിവർത്തിക്കപ്പെട്ടു. അങ്ങനെ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ പൂർത്തീകരണത്തിലേക്ക് നീങ്ങിത്തുടങ്ങി.

*****************

''പടിഞ്ഞാറ് നിന്ന് മേഘം പൊങ്ങുന്നത് കാണുമ്പോൾ പെരുമഴ വരുന്നു എന്ന് നിങ്ങൾ ഉടനെ പറയുന്നു. അങ്ങനെ സംഭവിക്കുകയും ചെയ്യുന്നു'' ലൂക്കോസ് : 12: 54.

മേഘം ഒരു വശത്ത് നിന്ന് പൊങ്ങുന്നത് കാണുമ്പോൾ ഒരു പ്രത്യാശ നമ്മിൽ ജനിക്കുന്നു. കാരണം നിൽക്കുന്ന പ്രതലവും ചുറ്റുമണ്ഡലവും വരണ്ട് നിൽക്കുകയാണ്. പ്രത്യാശിക്കുന്നതിന് ആവശ്യമായ ഒരു പച്ചപ്പും കാണുന്നില്ല. പക്ഷെ നിൽക്കുന്ന പ്രതലത്തിലേക്കും ചുറ്റുമണ്ഡലത്തിലേക്കും അല്ല ദൃഷ്ടി വച്ചിരിക്കുന്നത് മുകളിലേക്കാണ്. മുകളിലേക്ക് പ്രത്യാശയോടെ നോക്കുകയാണ്. എന്നെങ്കിലും ഒരു മേഘം വെളിപ്പെടും. മേഘം വെളിപ്പെട്ടാൽ വൻമഴ ഉണ്ട് എന്നുള്ളത് ഉറപ്പ്. പക്ഷെ മേഘം കാണുന്നില്ല. ഒരുവൻ തളർന്നും നിരാശയുടെ മദ്ധ്യത്തിലും ഇരുന്ന് പ്രത്യാശയുടെ ഒരു വാർത്ത കേൾക്കുവാൻ കാത്തിരിക്കുകയാണ്. പക്ഷെ ആറ് പ്രാവശ്യവും ഒന്നും ഇല്ല എന്നാണ് അവൻ കേൾക്കുന്നത്.

ചെയ്യേണ്ടതെല്ലാം അവൻ ചെയ്തു. ഇനി ദൈവത്തിന്റെ കരം കാണണം. അത് കാണുമ്പോൾ മാത്രമേ അവന്റെ നിരാശ പ്രത്യാശയായി മാറുകയുള്ളൂ. അവന്റെ തളർച്ച ഉണർവ്വായി മാറൂ. അതിനായി കാത്തിരിക്കുകയാണ്. ഇതാ ഒരു പ്രത്യാശ വാർത്ത അവന്റെ അടുക്കൽ എത്തി. ഇതാ ഒരു മേഘം പൊങ്ങുന്നു. അത് അവനെ ആവേശം കൊള്ളിച്ചു. കാരണം അവനറിയാം മേഘം പൊങ്ങുന്നതിന് ചില ലക്ഷ്യങ്ങൾ ഉണ്ട്. കാരണം അത് ഒരു വൻമഴയുടെ ലക്ഷണം ആണ്. വചനം പറയുന്നത് പോലെ, വചനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് പോലെ ക്ഷണത്തിൽ ആകാശം മേഘം കൊണ്ട് നിറഞ്ഞു. ഒരു വൻമഴ പെയ്തു. ദേശത്തിന്റെ വരൾച്ച മാറുകയാണ്. ദേശത്തിന്റെ മേൽ യഹോവയുടെ കരം മേഘരൂപത്തിൽ വെളിപ്പെട്ടു. അത് വലിയ മഴയായി മാറ്റപ്പെട്ടു

ഏലിയാവിന്റെ മേൽ യഹോവയുടെ കൈ വന്നു. ഇതാ അവന്റെ തളർച്ച മാറി. അര മുറുക്കപ്പെട്ടു. ഒരു വലിയ ഓട്ടം അവന്റെ മേൽ വന്നു. രാജാവായിരുന്ന ആഹാബിനേക്കാൾ വേഗത്തിൽ ദൈവം അവനെ ഓടിച്ചു. ആഹാബിന് രഥവും കുതിരയും ഉണ്ടായിരുന്നു. ഏലിയാവിന് ഭൗമികമായത് ഒന്നും ഇല്ലായിരുന്നു. എന്നാൽ ദൈവത്തിന്റെ കൈ അവന് അനുകൂലമായിരുന്നു. അത് മാത്രം മതിയായിരുന്നു അവനെ ബലപ്പെടുത്തുവാൻ. അത് അവനെ ബലപ്പെടുത്തി. ഒരു വലിയ മഴയും ഒരു വലിയ ഓട്ടവും കണ്ട ജനം അത്ഭുതപ്പെടുകയാണ്. അതെ ദൈവം ആശ്ചര്യകരമായ ഒരു പ്രവൃത്തിക്ക് തുടക്കം കുറിക്കുകയാണ്.

****************

‘‘ഇസ്രയേൽ മക്കൾ തങ്ങളുടെ സകല പ്രയാണത്തിലും മേഘം തിരുനിവാസത്തിന്മേൽ നിന്ന് ഉയരുമ്പോൾ യാത്ര പുറപ്പെടും’’ പുറ: 40: 36.

ഒരു ദൈവികശുശ്രൂഷകൻ എവിടെയായിരിക്കണം എന്നുള്ളത് ദൈവമാണ് തീരുമാനിക്കുന്നത്. ദൈവ നാമമഹത്വത്തിനായിട്ട് ഓരോരു ത്തരേയും ഓരോ ഇടത്ത്, സ്ഥലത്ത്, സ്ഥാനത്ത് ആക്കുന്നു. ദൈവത്തിന് തന്റെ ജനത്തെ തന്റെ സമ്പൂർണ്ണഹിതത്തിൻ കീഴിൽ നടത്തുവാൻ ആഗ്രഹം ഉണ്ട്. എന്നാൽ തന്റെ ഹിതത്തിന്റെ കീഴിൽ തുടർച്ചയായി നട ത്തുവാൻ ശ്രമിച്ചിട്ടും അതിന് പകരമായി സ്വന്തം ഹിതത്തിന്റേയും ബുദ്ധി യുടേയും ലഭിച്ചിരിക്കുന്ന അറിവിന്റേയും കീഴിൽ ചിലർ ഓടുന്നു. അവരെ ദൈവം അവരുടെ ഹിതത്തിന്റെ കീഴിൽ ഓടിക്കുന്നു. എന്നാൽ ദൈവത്തിന്റെ സമ്പൂർണ്ണ ഹിതത്തിന്റെ കീഴിൽ ഓടുന്ന ഒരുകൂട്ടം ജനം ഉണ്ട്. ദൈവം പറയുന്നത് പോലെ മാത്രം എല്ലാം ചെയ്യുന്നു. ഏത് ഒരു സ്ഥലത്തും സ്ഥാനത്തും ദൈവം പറയുന്നത് വരെ നിൽക്കുന്നു. ദൈവം അവരോട് പറയുന്നത് അനുസരിച്ച് അവർ യാത്ര തുടരുന്നു.

ഇസ്രയേൽ മക്കൾ മരുഭൂമിയിൽക്കൂടി സഞ്ചരിക്കുകയാണ്. മുമ്പേ വെട്ടിത്തുറന്ന ഒരു പാത അവരുടെ മുമ്പിൽ ഇല്ല. അതുകൊണ്ട് ഏത് വഴിയിലൂടെ സഞ്ചരിക്കണം എന്ന് അവർക്കറിയില്ല. അവർ എപ്പോഴും മേഘത്തെ നോക്കികൊണ്ടിരിക്കും. അവരുടെ ദൃഷ്ടി ഉയര ത്തിലേക്ക് നോക്കുകയാണ്. അടുത്ത സഞ്ചാരപഥം അറിയുവാൻ അവർ ദൈവത്തെ നോക്കുകയാണ്. അവർക്കും ഫറവോനും ഇടയിൽ ഈ മേഘം നിന്ന് അവരെ സംരക്ഷിച്ചു. ഇപ്പോൾ അവരുടെ സഞ്ചാരപഥത്തെ നിയന്ത്രിക്കുന്നത് മേഘമാണ്. ജനം പോകേണ്ടുന്ന വഴിയിൽ മേഘം മുമ്പേ പോയി ദുർഘടങ്ങൾ നിരപ്പാക്കി, ശത്രു സ്വാധീനത്തെ നീക്കി തന്റെ ജന ത്തിന് വേണ്ടി വഴിതുറക്കുകയാണ്. മേഘം തിരുനിവാസത്തിൽ നിന്ന് ഉയർന്ന് മറ്റൊരു മണ്ഡലത്തിലേക്ക് യാത്ര തുടരുമ്പോൾ ജനം അതുവരെ ആയിരുന്ന ഇടത്ത് നിന്ന് യാത്ര തുടരുകയാണ്. ദൈവം ആഗ്രഹിച്ച ഇടത്ത് അവർ എത്തും വരെ തിരുസാന്നിദ്ധ്യം മേഘത്തിലൂടെ അവരെ

നയിക്കുകയാണ്. ദൈവത്താൽ ആ ജനം നയിക്കപ്പെടുന്നു. അത് വിടുതലിനും അനുഗ്രഹത്തിനും കാരണമായിത്തീരുന്നു.

****************

''ദൈവം അതിന്റെ മദ്ധ്യേ ഉണ്ട്. അത് കുലുങ്ങിപോകുകയില്ല. ദൈവം അതികാലത്ത് തന്നെ അതിനെ സഹായിക്കും''Psalm: 41: 5.

മൂന്ന് ആലോചന പരിശുദ്ധാത്മാവ് തരികയാണ്

1. ദൈവം അതിന്റെ മദ്ധ്യേ ഉണ്ട്
2. അത് കുലുങ്ങിപ്പോകുകയില്ല
3. ദൈവം അതികാലത്ത് തന്നെ അതിനെ സഹായിക്കും.

****************

''കപ്പൽ കാറ്റിന്റെ നേരെ നിൽപ്പാൻ കഴിയാത്തവണ്ണം കുടുങ്ങുകയാൽ ഞങ്ങൾ കൈവിട്ട് അങ്ങനെ പാറിപ്പോയി ''Acts: 27: 15. ആ കപ്പലിനകത്ത് ഒരു അഭിഷിക്തൻ ഉണ്ട്. ഒരു അഭിഷിക്ത ശുശ്രൂഷയും അവന് ഉണ്ട്. അത്കൊണ്ട് ദുഷ്ടൻ കപ്പലിന്റെ നേരെ, അതിന്റെ യാത്രയെ ദുഷ്ക്കരമാക്കിത്തടയുവാൻ പദ്ധതി ഒരുക്കുകയാണ്. എന്നാൽ ദൈവം അതിനെ നിയന്ത്രിക്കുന്നു എന്നും അത് ഉലഞ്ഞ് താഴ്ന്ന് പോകുവാൻ ദൈവം സമ്മതിക്കുകയില്ല എന്നും ദുഷ്ടൻ അറിയുന്നില്ല. ശക്തിയേറിയ ഒരു ദൂതനെത്തന്നെ ദൈവം നിയോഗിച്ചിരിക്കുകയാണ്. ദൈവം കപ്പലിനേയും അതിലെ യാത്രക്കാരേയും അതികാലത്ത് തന്നെ സഹായിക്കും.

****************

''ബേത്ത്ലേഹേം പട്ടണവാതിൽക്കലെ കിണറ്റിൽ നിന്ന് വെള്ളം

എനിക്ക് കുടിപ്പാൻ ആർ കൊണ്ട് വന്ന് തരും എന്ന് ദാവീദ് ആർത്തി പൂണ്ട് പറഞ്ഞു'' II ശമുവേൽ : 23:15.

ഒരുവീരന് മറ്റൊരുവീരനെ ജനിപ്പിക്കുവാൻ കഴിയും. ഒരു അഭി ഷിക്തന് മറ്റൊരു അഭിഷിക്തനെ ജനിപ്പിക്കുവാൻ കഴിയും. ദാവീദ് ഒരു വീരനാകുന്നു. അവന്റെ കൂടെ കൂടിയവർ എല്ലാം വീരന്മായിത്തീർന്നു. IIശമുവേൽ 23 –ാം അദ്ധ്യായത്തിൽ ദാവീദിന്റെ കൂടെയുള്ള വീരന്മാരുടെ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. എങ്ങനെ അവരെല്ലാം വീരന്മാരായി ത്തീർന്നു. വീരന്മാർ ആകേണ്ടുന്നതിനാവശ്യമായ പരിശീലനം അവർക്ക് ലഭിച്ചു. അതുകൊണ്ട് അവർ വീരന്മാരായി.

ബേത്ത്ശ്ലേമിൽ ഫെലിസ്ത്യപട്ടാളം വാഴുകയാണ്. ദാവീദ് ദുർഗ്ഗ ത്തിലും. ബേത്ത്ശ്ലേമിലെ പട്ടണവാതിൽക്കലുള്ള കിണറ്റിൽ നിന്ന് ആർ എനിക്ക് വെള്ളം കൊണ്ട് വരും എന്ന് ദാവീദ് ചോദിക്കുന്നു. ദാവീദിന് കുടിക്കുവാൻ അവിടെ വെള്ളം ഉണ്ട്. ഫെലിസ്ത്യരില്ലാത്ത മറ്റ് സ്ഥലത്ത് നിന്ന് വെള്ളം കൊണ്ട് വന്ന് വെള്ളത്തിന്റെ ക്ഷാമം പരിഹരിക്കാം. അതി നായി ഫെലിസ്ത്യപട്ടാളത്തോട് യുദ്ധം ചെയ്യേണ്ടതില്ല. പക്ഷെ ഇവിടെ മറ്റാർക്കും തിരിച്ചറിയത്തില്ലാത്തതരത്തിൽ ഉള്ള ഒരു പരിശീലനം നടക്കു കയാണ്. ചില വീരന്മാർ എഴുന്നേൽക്കുവാൻ ചില മുഖാന്തരം ദാവീദ് തുറ ക്കുകയാണ്. ഫെലിസ്ത്യപട്ടാളം നിൽക്കുന്ന പട്ടണവാതിൽക്കലെ കിണ റ്റിൽ നിന്ന് വെള്ളം വേണം എന്ന് ദാവീദ് പറയുന്നു. ഒരു മൂന്ന് പേർ ദാവീദിന്റെ കൂടെയുള്ളവരിൽ നിന്ന് എഴുന്നേറ്റു. തങ്ങളുടെ പ്രാണനെ വകവയ്ക്കാതെ അവിടെ നിന്ന് അവർ വെള്ളം കൊണ്ടുവന്നു. അവർ വെള്ളത്തിനായി പോയ സമയത്ത് ദാവീദ് അവർക്ക് വേണ്ടി ദൈവസന്നി ധിയിൽ ശക്തമായി പ്രാർത്ഥിച്ചു. ദൈവം അവരെ സംരക്ഷിച്ചു. വീരന്മാർ ജനിക്കുകയും ചെയ്തു.

****************

''ഒരു നദി ഉണ്ട്, അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധനിവാസത്തെ തന്നെ സന്തോഷിപ്പിക്കുന്നു'' സങ്കീർത്തനം : 46:4.

ദൈവനഗരത്തെ, അത്യുന്നതൻ വസിക്കുന്ന വിശുദ്ധനിവാസത്തെ പരിശുദ്ധാത്മാവ് വസിക്കുന്ന ശരീരത്തെ മുക്കിക്കളയുവാൻ യോർദ്ദാൻ പോലെ എഴുന്നേറ്റ നദികൾ ഒരുകാലഘട്ടത്തിൽ ഭയപ്പെടുത്തിയിരുന്നു. എന്നാൽ പരിശുദ്ധാത്മാവ് പറയുന്നത് യോർദ്ദാൻ നദിയുടെ സ്ഥാനത്ത് മറ്റൊരു നദി ഉയരത്തിൽ നിന്ന് തന്റെ ജനത്തിലേക്ക് ഒഴുകുവാൻ തുടങ്ങുകയാണ്. അത് പലവിധത്തിൽ തളർന്നും വരണ്ടും ഇരുന്ന ജനത്തിന് ഒരു ഉണർവിന് കാരണമാകുകയാണ്. വചനം പറയുന്നു. ആ പരിശുദ്ധ നദി വിശുദ്ധ നഗരത്തെ സന്തോഷിപ്പിക്കുന്നു എന്ന്. ഒരു വലിയ ദൈവിക സന്തോഷത്തിലേക്ക്, ഒരു വലിയ ദൈവിക സമാധാനത്തിലേക്ക് ആ നദി ജനത്തെ നടത്തുന്നു. ദൈവം തന്റെ ജനത്തെ പോഷിപ്പിച്ച് നടത്തുവാൻ വിശ്വസ്തൻ ആയിരിക്കുന്നത് പോലെ തന്റെ ജനം ദൈവത്തിൽ വിശ്വസിച്ച് തന്റെ വചനത്തിൽ വിശ്വസിച്ച് മുന്നേറുമെങ്കിൽ വലിയ വലിയ നന്മകളിലേക്ക് പ്രവേശിക്കുവാൻ കഴിയും എന്ന് പരിശുദ്ധാത്മാവ് ആലോചന പറയുന്നു.

****************

അന്ന് അവർ മഹായാഗങ്ങൾ അർപ്പിച്ച് സന്തോഷിച്ചു. ദൈവം അവർക്ക് മഹാസന്തോഷം നൽകിയിരുന്നു. സ്ത്രീകളും പൈതങ്ങളും കൂടെ സന്തോഷിച്ചു. അതുകൊണ്ട് യരുശലേമിലെ സന്തോഷഘോഷം ബഹുദൂരത്തോളം കേട്ടു. നെഹ :12:43.

****************

**''യഹോവ സീയോന്റെ പ്രവാസികളെ മടക്കിവരുത്തിയപ്പോൾ ഞങ്ങൾ സ്വപ്നം കാണുന്നവരെപ്പോലെയായിരുന്നു''സങ്കീർത്തനം : 126:1.**

**പ്രവാസകാലം തീർന്നുയെന്ന് ദൈവാത്മാവ് എന്നോട് പറഞ്ഞു. കെരീത്ത് തോടിലെ വാസം കഴിഞ്ഞ് സാരാഫാത്തിലെ കാലം കഴിഞ്ഞ് കർമ്മേലിലേക്ക് നീങ്ങുകയാണ് എന്ന് ദൈവം പറഞ്ഞു. 'കർമ്മേലിലെ ശോഭ' എന്ന വിഷയത്തിൽ കേന്ദ്രീകരിച്ച് അനുഗ്രഹിക്കപ്പെട്ട ഒരു ദൈവ ദാസന്റെ സഭയിൽ ശുശ്രൂഷിച്ചു. ആ ദൈവദാസൻ പിന്നീട് ഒരിക്കൽ പറഞ്ഞു. പാസ്റ്റർ എന്റെ സഭയിൽ പറഞ്ഞ ആലോചന ഏഴ് സഭകളിൽ ഞാൻ സംസാരിച്ചു എന്ന്. അത് എനിക്ക് വലിയ സന്തോഷം നൽകി. പ്രവാസകാലം നീണ്ട വർഷങ്ങൾക്ക് ശേഷം തീരുവാൻ പോകുന്നു. അല്ല തീർന്നു.**

**സിയോന്റെ പ്രവാസികളെ ദൈവം മടക്കി വരുത്തുകയാണ്. ഞാൻ പഠിപ്പിച്ച ഒരു ദൈവദാസൻ എന്നോട് പറഞ്ഞു. സർ, എപ്പോഴും പ്രവാസകാലത്തെ ദു:ഖത്തെക്കുറിച്ച് പ്രസംഗിക്കുകയാണല്ലോ എന്ന്. അനുഭവിക്കുന്നതല്ലയോ പ്രസംഗിക്കുവാൻ കഴിയുക. ദൈവം സീയോന്റെ പ്രവാസികളെ മടക്കിവരുത്തി. ദൈവം മടക്കിവരുത്തിയത് നല്ല ഒരു സ്വപ്നം കാണുന്നതിലും മനോഹരമായിട്ടായിരുന്നു. സ്വപ്നങ്ങൾക്ക് പോലും എത്തിപ്പിടിക്കുവാൻ കഴിയാത്ത രീതിയിൽ ചില യാഥാർത്ഥ്യങ്ങൾ, ചില മനോഹാരിതകൾ ദൈവം ചെയ്തു. അന്ന് ഞങ്ങളുടെ വായിൽ ചിരിയും നാവിൽ ആർപ്പും നിറഞ്ഞിരുന്നു. കാരണം യഹോവ വൻകാര്യങ്ങളെ ചെയ്തു. ദൈവത്തിന് മഹത്വം.**

*********************

**''ദാഗോൻ യഹോവയുടെ പെട്ടകത്തിന്റെ മുമ്പിൽ കവിണ്ണ് വീണു**

കിടക്കുന്നത് കണ്ടു. ദാഗോന്റെ തലയും, അവന്റെ കൈപ്പത്തികളും ഉമ്മ രപ്പടിമേൽ മുറിഞ്ഞ് കിടന്നു. ദാഗോന്റെ ഉടൽ മാത്രം ശേഷിച്ചിരുന്നു''II ശമു: 5: 4. യഹോവയുടെ ജനത്തിന്റെ മുമ്പാകെ ദാഗോൻ ഒരു വെല്ലു വിളിയായിരുന്നു. ഒരു ദാഗോന്യ ദേശപ്പോര് അതിഭയങ്കരമായി എനിക്കെ തിരെ വെല്ലുവിളിച്ചു. വെല്ലുവിളിച്ച ദേശപ്പോരിനെ ദൈവം മൂന്നാക്കി വെട്ടി മുറിച്ചു. ശത്രുവിനെ ദൈവം ചിതറിച്ചു.

1. ദാഗോന്റെ തല
2. അവന്റെ കൈപ്പത്തി
3. ദാഗോന്റെ ഉടൽ

അപകടകാരിയായ ഒരു മത്സ്യത്തിന്റെ ശിരസും വാലും മുറിച്ച് കളഞ്ഞ് ഉടൽമാത്രം ശേഷിപ്പിച്ചത് പോലെ, ദാഗോന്റെ തലയും കൈപ്പ ത്തിയും ദൈവം വെട്ടിഎറിഞ്ഞ് കളഞ്ഞു. ദാഗോന്റെ തലയും കൈപ്പ ത്തിയും ഭയങ്കര തന്ത്രമാണ്പ്രയോഗിച്ച് കൊണ്ടിരുന്നത്. പ്രതികൂല സാഹ ചര്യം ഒരുക്കി ദോഷം വിതയ്ക്കുന്ന പോര് അത് വെളിപ്പെടുത്തി. എന്നാൽ ദൈവം ഇതെല്ലാം തിരിച്ചറിഞ്ഞു. ഉടൽ മാത്രം ശേഷിപ്പിച്ച്, ദാഗോന്റെ തലയും കൈപ്പത്തിയും അവൻ വെട്ടിമാറ്റി. തിന്നുമുടിച്ച് കളയുവാൻ വന്ന മത്സ്യത്തെ തിന്നു ജീവിക്കുവാൻ ദൈവം കൃപ പകർന്നു. ഭോക്താ വിൽ നിന്ന് ഭോജനവും മല്ലനിൽ നിന്ന് മധുരവും ദൈവം നൽകി.

*****************

''സ്ത്രീ പ്രസവിക്കുമ്പോൾ തന്റെ നാഴിക വന്നത് കൊണ്ട് അ വൾക്ക് ദു:ഖം ഉണ്ട്. കുഞ്ഞിനെ പ്രസവിച്ച ശേഷമോ ഒരു മനുഷ്യൻ ലോക ത്തിലേക്ക് പിറന്നിരിക്കുന്ന സന്തോഷം നിമിത്തം അവൾ തന്റെ കഷ്ടം പിന്നെ ഓർക്കുന്നില്ല'' യോഹ : 16: 21.

ഒരു ജനനത്തിന് ഒരു കഷ്ടതയുണ്ട്. ഒരു കുഞ്ഞ് ഭൂമിയിൽ പിറന്ന് വീഴുന്നതിന് മുമ്പ് നിരവധി മാസങ്ങൾ ഒരു സ്ത്രീ ആ കുഞ്ഞിനെ വഹിച്ച് കൊണ്ട് നടക്കുന്നു. ധാരാളം സഹനതയും സഹിഷ്ണുതയും അവൾക്ക് വേണ്ടി വരുന്നു. എന്നത് പോലെ ഒരു ആത്മീയഭിഷിക്തൻ ജനിക്കുന്നതിന് മുമ്പ് ധാരാളം കഷ്ടതകളും സഹനതകളും സഹിഷ്ണുതയും അനുഭവിക്കേണ്ടി വരുന്നു. എന്നാൽ അഭിഷേകം ജനിച്ച് കഴിഞ്ഞാൽ വെളിപ്പെട്ട് കഴിഞ്ഞാൽ അതിന് വേണ്ടി അവൻ അനുഭവിച്ച ദു:ഖം അവൻ മറക്കുന്നു. ആ രൂപത്തിൽ ഒരു സന്തോഷം ദൈവം അവന് നൽകുന്നു. കഷ്ടതയനുഭവിച്ച കർത്താവ് രാജാവായി വന്ന് ഭൂമിയിൽ വാണരുളുന്നത് പോലെ ഒരു മാന്യത, ഒരു സന്തോഷം അവന് ലഭിക്കുന്നു. ദൈവം നൽകുന്നു.

*****************

''പിറ്റേനാൾ ഞങ്ങൾ പുറപ്പെട്ട് കൈസര്യയിൽ എത്തി. എഴുവരിൽ ഒരുവനായ ഫിലിപ്പോസ് എന്ന സുവിശേഷകന്റെ വീട്ടിൽ ചെന്ന് അവനോട് കൂടെ പാർത്തു. അവന് കന്യകമാരും പ്രവചിക്കുന്നവരുമായ നാല് പുത്രിമാർ ഉണ്ടായിരുന്നു. ഞങ്ങൾ അവിടെ വളരെ ദിവസം പാർത്തിരിക്കുമ്പോൾഅഗബൊസ് എന്ന ഒരു പ്രവാചകൻ യഹൂദ്യയിൽ നിന്ന് വന്നു'' അപ്പോ: 21:8, 9,10.

ഫിലിപ്പോസ് എന്ന സുവിശേഷകനെ കർത്താവിന്റെ ആത്മാവ് എടുത്ത് കൊണ്ട് പോയി. ഷണ്ഡൻ അവനെ പിന്നെ കണ്ടില്ല. കർത്താവിന്റെ ആലോചനക്ക് കീഴിൽ നിർജ്ജനപ്രദേശത്തേക്ക് പോയി അവിടെ വച്ച് ഐത്യോപ്യ രാജ്ഞിയുടെ ഷണ്ഡനും മഹാനും അവളുടെ സകല ഭണ്ഡാരത്തിനും മേൽ വിചാരകനായ ഐത്യോപ്യനെ കണ്ട് അവനോട്

സുവിശേഷം പറഞ്ഞ് സ്നാനപ്പെടുത്തി. ആ ദൈവിക ശുശ്രൂഷക്ക് ശേഷം പിന്നെ ഫിലിപ്പോസിനെ കാണുന്നത് കൈസര്യയിൽ വച്ചാണ്. അവിടെ അവനെ കന്യകമാരും പ്രവചിക്കുന്നവരുമായ നാല് പുത്രിമാരെ സഹിതമാണ് കാണുന്നത്. അവിടെ പൗലോസ് ചെന്നു. അഗബൊസ് എന്ന പ്രവാചകനും അവിടെ ചെന്നതായിട്ട് കാണുന്നു. ദൈവശബ്ദത്തിന്റെ കീഴിൽ നടക്കുന്ന ഫിലിപ്പോസിനെ അനുഗ്രഹിക്കപ്പെട്ടവനായി, ശുശ്രൂഷയിലും കുടുംബത്തിലും ദേശത്തും അനുഗ്രഹിക്കപ്പെട്ടവനായി വചനത്തിൽ കാണുന്നു. ദൈവശബ്ദത്തിന്റെ കീഴിൽ നടക്കുന്നവർ എല്ലാം അനുഗ്രഹിക്കപ്പെട്ട രീതിയിൽ ജീവിക്കും.

****************

‘‘പ്രാർത്ഥനയാലും ഉപവാസത്താലും അല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല’’ മത്തായി: 17:21.

പ്രാർത്ഥനയും ഉപവാസവുമില്ലാത്ത ഒരു ക്രിസ്തീയജീവിതം ശക്തിയില്ലാത്ത ഭക്തിയുടെ വേഷം ധരിക്കുന്ന ഒന്നാണ്. പ്രാർത്ഥനയും ഉപവാസവും ഉണ്ടെങ്കിൽ ഒരു അഭിഷിക്തശുശ്രൂഷയ്ക്കായിട്ട് ദൈവം ഒരുക്കും. ശത്രുവിന് തന്റെ ജനത്തെ ഒന്നും ചെയ്യുവാൻ കഴിയുന്നില്ല. വലിയ സൗഖ്യങ്ങളെ ദൈവം വെളിപ്പെടുത്തുകയാണ്. കുടുംബസംരക്ഷണം, ശുശ്രൂഷാ മുന്നേറ്റം, വലിയ ഒരുക്കങ്ങൾ, നന്മകൾ, സന്തോഷങ്ങൾ ദൈവം വെളിപ്പെടുത്തുകയാണ്. മഹാദൈവമേ നന്ദി. സമാധാന പ്രഭുവാം രാജാധിരാജാവേ നന്ദി...

****************

‘‘ഭർത്താക്കന്മാരെ, ക്രിസ്തുവും സഭയെ സ്നേഹിച്ചത് പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ’’എഫ: 5:25.

കർത്താവ് സഭയെ സ്നേഹിച്ചത് സ്വന്തം രക്തം നൽകിയാണ്. സ്വന്തം രക്തമാണ് തന്റെ സഭയ്ക്ക് വേണ്ടി കർത്താവ് നൽകിയത്. അത്ര മാത്രം കർത്താവ് സഭയെ സ്നേഹിച്ചു. അപ്പോസ്തലനായ പൗലോസ് പറയുന്നു ''ഭർത്താക്കന്മാരെ, ക്രിസ്തുവും സഭയെ സ്നേഹിച്ചത് പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ'' ഭർത്താക്കന്മാർ ഭാര്യമാരെ ഇത്പോലെ സ്നേഹിക്കുന്നില്ലെങ്കിൽ അവർ വചനത്തിന് വിപരീതം നിൽക്കുന്നവരാണ്. അപ്പോൾതന്നെ സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നത് പോലെ ഭാര്യമാർ ഭർത്താക്കന്മാർക്ക് സകലത്തിനും കീഴടങ്ങിയിരിക്കണം. ക്രിസ്തു സഭയ്ക്ക് ശിരസ്സ് ആയിരിക്കുന്നത് പോലെ ഭർത്താവ് ഭാര്യക്ക് ശിരസ്സാകുന്നു. അവർ ഒരു ശരീരമാണ്. ഒരു കുടുംബത്തിന് രണ്ട് ശിരസ്സ് ഉണ്ടെങ്കിൽ ക്രിസ്തു കേന്ദ്രീകൃതകുടുംബമായിത്തീരുവാൻ ആ കുടുംബത്തിന് കഴിയില്ല. ഭർത്താവ് കുടുംബത്തിനകത്തെ രാജാവും ഭാര്യ രാജ്ഞിയുമാകണം. അപ്പോൾ കുടുംബത്തിനകത്ത് രാജകീയസന്തോഷം, രാജകീയനന്മ, രാജകീയ മാന്യത വെളിപ്പെടും.

*****************

''രാജാവ് ഹാമാനോട് നീ വേഗം ചെന്ന് വസ്ത്രവും കുതിരയും നീ പറഞ്ഞത് പോലെ കൊണ്ട്വന്ന് രാജാവിന്റെ വാതിൽക്കൽ ഇരിക്കുന്ന യഹൂദനായ മോർദ്ദേഖായിക്ക് അങ്ങനെയൊക്കേയും ചെയ്യുക, നീ പറഞ്ഞതിൽ ഒന്നും കുറച്ച് കളയരുത് എന്ന് കൽപ്പിച്ചു'' എസ്ഥേർ: 6: 10.

യഹൂദനായ മോർദ്ദേഖായിയുടെ മേൽ ദൈവത്തിനും രാജാവിനും ഒരു മാന്യത നൽകണമെന്ന് ആഗ്രഹമുണ്ട്, ഉദ്ദേശമുണ്ട്, പദ്ധതിയുണ്ട്. എന്നാൽ രാജാവിനോടും രാജകീയ സ്ഥാനത്തോടും ചേർന്നിരിക്കുന്ന ഹാമാന് മോർദ്ദേഖായി നിന്ദ്യനും, ശൂന്യനും ആണ്. രാജകീയ

വസ്ത്രത്തിനും രാജകീയകുതിരയ്ക്കും ഉള്ള യോഗ്യത മോർദ്ദേഖായിക്ക് ഇല്ല. രാജകീയ മാന്യതയും രാജകീയ കുതിരയും രാജകീയ വസ്ത്രവും എന്നെപ്പോലെ രാജകീയസ്ഥാനമാനങ്ങളോട് ചേർന്ന് നിൽക്കുന്ന എന്നെ പ്പോലെയുള്ളവർക്കാണ്ലഭിക്കേണ്ടത് എന്നാണ് ഹാമാൻ പറയുന്നത്. അവന്റെ കാഴ്ചപ്പാടിൽ അവന് യോഗ്യതയുള്ള ഒരുസ്ഥാനം ഞാൻ ഒരു ക്കികൊടുക്കുന്നുണ്ട്. ''അമ്പത് മുഴം ഉയരമുള്ള ഒരു കഴുമരം'' നിർദ്ദോ ഷിയും ഗുണകാംക്ഷിയും യഹോവഭക്തനുമായ മോർദ്ദേഖായിക്ക് വേണ്ടി ഹാമാൻ ഒരു കഴുമരം ഉണ്ടാക്കി രാജസന്നിധിയിൽ ചെന്നു. പക്ഷെ രാജാവ് പറയുകയാണ് രാജവസ്ത്രവും രാജാവിന്റെ കുതിരയും മോർദ്ദേ ഖായിക്ക് വേണ്ടി ഒരുക്കി നൽകുക.

****************

''ഇങ്ങനെ മതിൽ 52 ദിവസം പണിത് ഏലൂൽ മാസം 25-ാം തീയതി തീർത്തു'' നെഹ : 6:15.

മതിൽ ഇടിഞ്ഞും വാതിൽ തീവച്ചും ചുട്ടുകളഞ്ഞ യരുശലേം പട്ട ണത്തെ നെഹമ്യാവ് പണിയുകയാണ്. അതിന് വേണ്ടി ദൈവം ധാരാളം അനുകൂല കാര്യങ്ങൾ ചെയ്തു. ദൈവത്തിന്റെ കൈ അനുകൂലമായി രുന്നത് കൊണ്ട് രാജാവിന്റെ കൈയ്യും അനുകൂലമായി. ദൈവം നിശ്ച യിച്ച പോലെ 52 ദിവസം കൊണ്ട് ഏലൂൽ മാസം 25-ാം തീയതി നെഹ മ്യാവ് മതിലിന്റെ പണി തീർത്ത് ഒരു വലിയ സംരക്ഷണകോട്ട ഉണ്ടാക്കി എടുത്തു.

****************

''അവർ തങ്ങളുടെ ഹൃദയത്തെ അടച്ചിരിക്കുന്നു, വായ് കൊണ്ട്

വമ്പ് പറയുന്നു'' സങ്കീ: 17:10. ദുഷ്ടന്റെ വായെ സാഹസം മൂടുന്നു. നീതിമാന്റെ ശിരസിന്മേൽ അനുഗ്രഹം വന്ന് കുമിഞ്ഞ് കൂടുന്നു. വായ്കൊണ്ട് വമ്പ് പറയുന്നവനെ സൂക്ഷിച്ച് കൊള്ളുക. അവർ തങ്ങളുടെ ഹൃദയങ്ങളെ അടച്ച് വച്ചിട്ടുള്ളവർ ആകുന്നു. ഒരു ദുഷ്ടൻ തന്റെ ഹൃദയത്തെ അടച്ച് വച്ചിട്ടുള്ളവനാണ്. വമ്പ് പറയുന്ന അനുഭവങ്ങൾ ഉണ്ടെങ്കിൽ ഓർത്ത്കൊള്ളുക. ഹൃദയം അടഞ്ഞ് കിടക്കുകയാണ്. അടഞ്ഞ്കിടക്കുന്ന ഹൃദയത്തിൽ ദുഷ്ടനിരൂപണങ്ങൾ നിറയും. എല്ലാ ദുഷ്ടത്തരങ്ങൾക്കും ഹൃദയം ഇടം നൽകും. അത് വൻനാശത്തിനും പതനത്തിനും കാരണമാകും. വമ്പ് പറയുന്ന അനുഭവം മാറ്റി ഹൃദയം തുറക്കുവാൻ ദൈവം കൃപ പകരട്ടെ.

*****************

''നീ യാക്കോബിൽ നീതിയും ന്യായവും നടത്തിയിരിക്കുന്നു'' സങ്കീ: 99:4.

യാക്കോബിൽ നീതിയും ന്യായവും നടത്തിയത് യാക്കോബിന്റെ ദൈവമാണ്. നീതിമാനായ ദൈവം യാക്കോബിന്റെ കഷ്ടതയും സങ്കടവും കണ്ട് നീതി നടത്തി അവനെ അനുഗ്രഹിച്ചു. നീതിമാനായ ദൈവം നീതി തന്റെ ജനത്തിന്മേൽ പകർന്നു. അങ്ങനെ യാക്കോബ് നീതിയും ന്യായവും പ്രാപിച്ചു. അത് ഒരു കിരീടം പോലെ ശോഭിച്ചു.

*****************

''ഇങ്ങനെയായിരുന്നു എന്റെ വസ്തുത, പകൽ വെയിൽ കൊണ്ടും രാത്രി ശീതം കൊണ്ടും ഞാൻ ക്ഷയിച്ചു'' ഉൽ: 31: 40.

യാക്കോബ് വല്ലാതെ വലഞ്ഞ് പോയി. പകൽ വെയിൽ, രാത്രി

ശീതം അവനെ വലച്ച് കളഞ്ഞു. ആ രീതിയിൽ അവൻ ക്ഷയിച്ച് പോയി. എന്നാൽ അവനെ നടത്തുന്നത് അക്ഷയനായ ഒരു ദൈവമായത് കൊണ്ട് എല്ലാ വാട്ടത്തിൽ നിന്നും ദൈവം അവനെ വീണ്ടെടുത്തു. ദൈവം അവന് മാന്യത നൽകി.

*****************

''പത്ത് പ്രാവശ്യം നീ എന്റെ പ്രതിഫലം മാറ്റി'' ഉൽ : 31: 41. യാക്കോബിന്റെ മേൽ ദൈവം അയച്ച പ്രതിഫലത്തെ പത്ത് പ്രാവശ്യം മാറ്റി. ഓരോ പ്രാവശ്യം പ്രതിഫലം തട്ടിമാറ്റുമ്പോഴും പ്രതിഫലം വർദ്ധിച്ച് കൊണ്ടിരിക്കുകയായിരുന്നു. സംരക്ഷണവും വിശാലതയും വർദ്ധിക്കുകയായിരുന്നു. ലാബാൻ പത്ത് പ്രാവശ്യം പ്രതിഫലം മാറ്റി ദൈവം പത്തിരട്ടി പ്രതിഫലം വർദ്ധിപ്പിച്ചു.

*****************

''എന്റെ ജനത്തെ ആശ്വസിപ്പിക്കുവിൻ ആശ്വസിപ്പിക്കുവിൻ എന്ന് നിങ്ങളുടെ ദൈവം അരുളി ചെയ്യുന്നു''. യശ : 40 : 1.

ദൈവത്തിന്റെ ജനത്തിന്മേൽ വലിയ ഒരു ആശ്വാസം വെളിപ്പെടുകയാണ്. കാരണം തന്റെ ജനത്തെ ദൈവം ആശ്വസിപ്പിക്കുവാൻ പോകുകയാണ്. ആശ്വാസത്തിന്റെ കരം ദൈവം തന്റെ ജനത്തിന്റെ നേരെ നീട്ടി. അത് തന്റെ ജനം കൈവശമാക്കി.

*****************

''ബാബേൽ രാജാവായ നെബൂഖദ്നേസർ എന്നെ തിന്ന് മുടിച്ച് കളഞ്ഞു. അവൻ എന്നെ വെറും പാത്രമാക്കി. മഹാ സർപ്പം എന്നപോലെ അവൻ എന്നെ വിഴുങ്ങിക്കളഞ്ഞു. എന്റെ സ്വാദ്ഭോജ്യങ്ങളെ കൊണ്ട്

വയറ് നിറച്ച് എന്നെ തള്ളിക്കളഞ്ഞു'' യിരമ്യാവ്: 51: 34.

*****************

'' ഉടനെ ഫറവോൻ ആളയച്ച് യോസേഫിനെ വിളിപ്പിച്ചു. അവർ അവനെ വേഗത്തിൽ കുണ്ടറയിൽ നിന്നിറക്കി. അവനെ ക്ഷൗരം ചെയ്യിച്ചു. വസ്ത്രം മാറി, ഫറവോന്റെ അടുക്കൽ ചെന്നു'' ഉൽ: 41: 14.

കാരാഗൃഹത്തിൽ കിടന്നവനെ ദൈവം എഴുന്നേൽപ്പിച്ച് അവനെ വൃത്തിയുള്ളവനാക്കിത്തീർത്ത് വസ്ത്രം ധരിപ്പിച്ച് ദൈവം അവനെ രാജകീയസ്ഥാനത്ത് എത്തിച്ചു.

*****************

''പിന്നെയും ഞാൻ സ്വപ്നത്തിൽ കണ്ടത് നിറഞ്ഞതും നല്ലതുമായ ഏഴ് കതിർ ഒരു തണ്ടിൽ പൊങ്ങിവന്നു'' ഉൽ : 41:22.

നിറഞ്ഞതും നല്ലതുമായ ഏഴ് കതിർ ഒരു തണ്ടിൽ പൊങ്ങിവന്നു. അങ്ങനെ ധാന്യത്തിന്റെ നന്മ അവൻ അനുഭവിച്ചു. ഞെരുക്കം മാറി, ശൂന്യത മാറി, തളർച്ച മാറി സമൃദ്ധി ദൈവം അയച്ചു. ദൈവം വിടുവിച്ചുയർത്തി.

*****************

''നഫ്താലി സ്വതന്ത്രയായി നടക്കുന്ന പേടമാൻ അവൻ ലാവണ്യവാക്കുകൾ സംസാരിക്കുന്നു''ഉൽ: 49:21. ലാവണ്യവാക്കുകൾ വെളിപ്പെടുകയാണ്. ഒരു പേടമാനെപ്പോലെ ദൈവം ആക്കിത്തീർക്കുകയാണ്.

**അങ്ങനെ അവൾ സ്വതന്ത്രയാക്കപ്പെടുകയാണ്. ദൈവം സ്വതന്ത്ര യാക്കുകയാണ്.**

*****************

**''ദേശത്തിലെ വിശ്വസ്തന്മാർ എന്നോട് കൂടെ വസിക്കേണ്ടതിന് എന്റെ ദൃഷ്ടി അവരുടെ മേൽ ഇരിക്കുന്നു''സങ്കീ: 101: 6. ദേശത്തിലെ വിശ്വസ്തൻമാർ കൂടെ വസിക്കേണ്ടതിന് ദൈവത്തിന്റെ ദൃഷ്ടി അവരുടെ മേൽ ഇരിക്കുന്നു. അങ്ങനെ വിശ്വസ്തന്മാരുടെ ഒരു വലിയ കൂട്ടം ഇതാ വെളിപ്പെടുകയാണ്.**

*****************

**അപ്പോൾ ഹാമാൻ വസ്ത്രവും കുതിരയും കൊണ്ട് വന്ന് മോർദ്ദേ ഖായിയെ വസ്ത്രം ധരിപ്പിച്ച് കുതിരപ്പുറത്ത് കയറ്റി പട്ടണവീഥിയിൽക്കൂടി കൊണ്ട് നടന്ന് രാജാവ് ബഹുമാനിക്കുവാൻ ഇച്ഛിക്കുന്ന പുരുഷന് ഇങ്ങനെ ചെയ്യും എന്ന് അവന്റെ മുമ്പിൽ വിളിച്ച് പറഞ്ഞു. എസ്ഥേർ: 6:11.**

*****************

**''ദാവീദ് കോട്ടയിൽ വസിച്ചു. അതിന് ദാവീദിന്റെ നഗരമെന്ന് പേരിട്ടു. ദാവീദ് അതിനെ മില്ലോ തുടങ്ങി ചുറ്റിലും ഉള്ളിലോട്ടും പണിതുറ പ്പിച്ചു.''2 ശമു: 5:9.**

**ദാവീദ് കോട്ടയിൽ വസിക്കുന്നതായിട്ടും അത് ദാവീദിന്റെ നഗര മായെന്നും അതിന്റെ ചുറ്റും ഉള്ളിലോട്ടും പണിതുറപ്പിച്ചുവെന്നും വചനം**

രേഖപ്പെടുത്തുന്നു. എന്നാൽ ഇങ്ങനെയായിരുന്നുവോ ദാവീദ് അല്ല. അവൻ ഒരു കാട്ടുകോഴിയെപ്പോലെ, ചത്തനായയെപ്പോലെ ശത്രുവിനാൽ ഓടിക്കപ്പെടുകയായിരുന്നു. തരം കണ്ടേടത്ത് പാർക്കേണ്ട അനുഭവത്തിലായിരുന്നു അവന്റെ ജീവിതം. അതിന് കാരണം ഒരു രാജകീയ അഭിഷേകം അവന്റെ മേൽ വന്നുഎന്നതും, മല്ലനായ ഗോലിയാത്തിനെ കൊന്ന് ഇസ്രയേലിനെ രക്ഷിച്ചു എന്നതും, ശൗൽ അയച്ചിടത്ത് എല്ലാം പോയി യുദ്ധം ചെയ്ത് ജയിച്ചു വന്നതും ആയിരുന്നു അതിന് കാരണം. ശൗലിന് ദാവീദിനെ കൊല്ലണം. അവൻ കുന്തം കൊണ്ട് പല പ്രാവശ്യം എറിഞ്ഞ് നോക്കി, ഫെലിസ്ത്യരുടെ കയ്യിൽ നിന്ന് നശിക്കുവാൻ പദ്ധതി ഒരുക്കി. തന്റെ സൈന്യത്തെയെല്ലാം ഒരുക്കി രാജ്യം മുഴുവൻ തിരഞ്ഞ് അവനെ കാണുന്നിടത്ത് വച്ച് നശിപ്പിക്കുവാൻ പലപ്രാവശ്യം ശ്രമിച്ചു. നടന്നില്ല. അഭിഷിക്തനായ ദാവീദിനെ നശിപ്പിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ടവർ സ്വയം ഒരുക്കിയ കുന്തത്തിൽ തന്നെ വീണൊടുങ്ങി. ദുരാത്മാഭിഷേകം ഒടുങ്ങിമാറിയപ്പോൾ ദാവീദിന്റെ മേൽ ദൈവം പകർന്ന അഭിഷേകം ജ്വലിക്കുവാൻ തുടങ്ങി. അവൻ ഹെബ്രോനിൽ തുടർന്ന് ഇസ്രയേലിന് രാജാവായി അവൻ അഭിഷേകം ചെയ്യപ്പെട്ടു. യരുശലേമിൽ വാണ യെബൂസ്യരെ അവൻ പരാജയപ്പെടുത്തി അതിനെ അവന്റെ നഗരമാക്കി പണിതുറപ്പിച്ചു. കോട്ടയിൽ വസിച്ച് അവൻ രാജാവായി ഇസ്രയേലിനെ ഭരിച്ചു.

*****************

''ഞാൻ ഭൂതലത്തെ ദോഷം നിമിത്തവും ദുഷ്ടന്മാരെ അവരുടെ അകൃത്യം നിമിത്തവും സന്ദർശിക്കും. അഹങ്കാരികളുടെ ഗർവ്വത്തെ ഞാൻ ഇല്ലാതാക്കും. ഉഗ്രന്മാരുടെ നിഗളത്തെ താഴ്ത്തും'' യശയ്യ: 13:11.

ദൈവത്തിന്റെ നീതിയുള്ള ന്യായവിധി സകല വിഷയത്തിലും സമസ്ത മണ്ഡലത്തിലും ദൈവം തന്നെ വെളിപ്പെടുത്തുകയാണ്.

*****************

‘‘യഹോവ നിന്റെ വ്യസനവും നിന്റെ കഷ്ടതയും നീ ചെയ്യേണ്ടി വന്ന നിന്റെ കഠിനദാസ്യവും നീക്കി നിനക്ക് വിശ്രമം നൽകുന്ന നാളിൽ’’ യശയ്യ: 14:3. ദൈവം ഒരു വലിയ വിശ്രാമം നൽകി തന്റെ ജനത്തെ ആശ്വസിപ്പിച്ച് വഴി നടത്തുകയാണ്.

****************

‘‘നിർജ്ജനപ്രദേശം ഉല്ലസിച്ച് പനിനീർപുഷ്പം പോലെ പൂക്കും’’ യശ: 35:1. നിർജ്ജനപ്രദേശം എന്ന് പറഞ്ഞ് പലരാൽ അവഗണിക്കപ്പെട്ട ദേശം പനിനീർപുഷ്പം പോലെ പൂക്കുകയാണ്. അത് മനോഹരമായി പൂത്തുലഞ്ഞ് ലബാനോന്റെ മഹത്വം കർമ്മേലിന്റേയും ശാരോന്റേയും ശോഭയും അതിന് ലഭിക്കുകയാണ്.

****************

‘‘യഹോവ നിന്റെ നിത്യ പ്രകാശമായിരിക്കും, നിന്റെ ദു:ഖകാലം തീർന്ന് പോകും’’ യശയ്യ: 60:20. യഹോവ നിത്യ പ്രകാശമായി വെളിപ്പെടുമ്പോൾ ഇരുട്ട് സമ്മാനിച്ച ദു:ഖകാലം തീർന്ന് പോകുകയാണ്.

****************

‘‘നിനക്കോ അന്വേഷിക്കപ്പെട്ടവൾ എന്നും’’ യശയ്യ: 62:12. തന്റെ ജനം എല്ലാവരാലും അന്വേഷിക്കപ്പെടുകയാണ്. എല്ലാവരാലും ഒരു കാലഘട്ടത്തിൽ ഉപേക്ഷിക്കപ്പെട്ടതാണ്. ഇപ്പോൾ എല്ലാവരാലും അന്വേഷിക്കപ്പെടുകയാണ്.

****************

''നിങ്ങൾ യരുശലേമിൽ ആശ്വാസം പ്രാപിക്കും'' യശയ്യ: 66:13.

യരുശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിക്കുവിൻ എന്ന് സങ്കീർത്തനത്തിൽ പറയുന്നു. യരുശലേമിൽ സമാധാനം വെളിപ്പെടുത്തി, യരുശലേമിൽ നിന്ന് തന്നെ തന്റെ ജനം ആശ്വാസം പ്രാപിക്കുകയാണ്.

****************

''അപ്പോൾ യാക്കോബ് ഒരു കല്ല് എടുത്ത് തൂണായി നിർത്തി''ഉൽ: 31:45.

ഇതിന് മുമ്പ് യാക്കോബ് തന്റെ യാത്രയുടെ ആരംഭത്തിൽ ഉൽ: 28: 18 – ൽ കല്ല് എടുത്ത് തൂണായി നിർത്തി. യാത്രയുടെ ലക്ഷ്യം അതിന്റെ പരിസമാപ്തിയിലേക്ക് നീങ്ങുകയാണ്. ഭാര്യയായി, മക്കളായി, ആടുമാടുകൾ സമ്പത്തായി അവൻ മറ്റൊരു യാത്രക്ക് തയ്യാറാകുകയാണ്. വലിയ ഒരു ജാതിയായിത്തീരുക, ദൈവത്തിന്റെ സ്വന്തജനമായിത്തീരുക. അതിനാവശ്യമായ ഗോത്രങ്ങളെ സൃഷ്ടിക്കേണ്ടവരെ ദൈവം അവന് മക്കളായി നൽകി. ഇതുവരേയും അവൻ ആയിരുന്ന സാഹചര്യം സുരക്ഷിതമായിരുന്നു. എങ്കിലും ദർശനത്തിന്റെ പൂർത്തീകരണത്തിനായി ഒരു വലിയ വേർപാട് അവൻ ദൈവത്താൽ സൃഷ്ടിച്ചെടുക്കുകയാണ്. അതിനായിട്ടാണ് അവൻ ഇപ്പോൾ കല്ലെടുത്ത് തൂണായിട്ട് വച്ചത്. ഒരിക്കൽ കല്ലെടുത്ത് തൂണായിട്ട് വച്ചപ്പോൾ അവൻ ഏകനായിരുന്നു. ഇപ്പോൾ ചിലരൊക്കെ അവന്റെ കൂടെ ഉണ്ട്. കല്ല് കൂട്ടുവിൻ എന്ന് യാക്കോബ് തന്റെ സഹോദരന്മാരോട് പറഞ്ഞു, ഉൽ: 31:46. യാക്കോബ് ഇപ്പോൾ ഏകനല്ല. ചില സഹോദരന്മാർ അവന്റെ കൂടെയുണ്ട്. അവർ കല്ലെടുത്ത് കൂമ്പാരമുണ്ടാക്കി. കൂമ്പാരത്തിന്മേൽ വച്ച് അവർ ഭക്ഷണം കഴിച്ചു. ലാബാൻ അതിന് എഗർ സാഹദൂഥാ എന്ന് പേരിട്ടു. യാക്കോബ് അതിന് ഗലേദ് എന്ന് പേരിട്ടു.

****************

അനന്തരം ദൈവം യാക്കോബിനോട് നീ പുറപ്പെട്ട് ബെഥേലിൽ ചെന്ന് പാർക്കുക എന്ന് പറഞ്ഞു. ഉൽ : 35:1. ഈ ഒരു ദൈവശബ്ദ ത്തിന് വേണ്ടിയാണ് അവൻ കാത്തിരുന്നത്. ഈ ദൈവശബ്ദം കേൾക്കാതെ അവന് ബഥേലിൽ പോകത്തില്ല. സ്വന്തമായിട്ട് ഇതുവരെ ഒരു തീരുമാനം അവൻ എടുത്തിട്ടില്ല. ഇതുവരേയും ദൈവശബ്ദത്തിന്റെ കീഴിലാണ് അവൻ സഞ്ചരിച്ചത്. അവനെ നടത്തിയ ദൈവം ബഥേലിൽ അവനെ എത്തിച്ചു. അനുഗ്രഹിച്ച് ഒരു വലിയ ജാതിയാക്കിത്തീർത്തു.

********************

## ഗ്രന്ഥകാരൻ എഴുതിയ പുസ്തകങ്ങൾ

1. ശുശ്രൂഷാ വെളിപ്പാടുകൾ
2. ശുശ്രൂഷാ പാഠങ്ങൾ
3. ശുശ്രൂഷാ കാഴ്ചപ്പാടുകൾ
4. ശുശ്രൂഷാ രത്നങ്ങൾ
5. ശുശ്രൂഷാധ്യയറിക്കുറിപ്പുകൾ
6. ശുശ്രൂഷകവഴി ഒരു തിരിഞ്ഞുനോട്ടം